# അറിവോരം



കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നം. 02/2019 | മെയ് 2019 | തിരുവനന്തപുരം | പേജ് 18 | വില 10 രൂപ



ചരിത്രം സൃഷ്ടിച്ച ധനവിനിയോഗ ഓർഡിനൻസ് » 10

സമ്മതിദാനത്തിന്റെ മഷിയടയാളം » 12

സാമാജികരുടെ നിയമസഭാ മണ്ഡലങ്ങളിലൂടെ... » 14


## ചീഫ് എഡിറ്ററുടെ ഡെസ്കിൽ നിന്ന്

പ്രളയത്തിന്റെ അതിജീവനത്തിലായിരുന്നു കേരളം. നവകേരള സൃഷ്ടിക്കായി ഒട്ടനവധി കർമ്മപദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ജാഗ്രതയിലായിരുന്നു സർക്കാരും കേരള സമൂഹവും. അതിനിടയിൽ സുപ്രീം കോടതി ശബരിമല കേസിലെ സ്ത്രീപ്രവേശം സംബന്ധിച്ച സുപ്രധാന വിധി പുറപ്പെടുവിക്കുകയുണ്ടായി. ഭരണഘടനയുടെ അനുഛേദം 142 നിർദ്ദേശിക്കുന്ന പ്രകാരം നിയമവാഴ്ച ഉറപ്പാക്കുന്ന ഒരു ജനാധിപത്യ സർക്കാരിന് ആ വിധി കണ്ടില്ലെന്നു നടിക്കാൻ കഴിയുകയില്ല. വിധി നടപ്പിലാക്കുക എന്നതുതന്നെയാണ് ഭരണഘടനാ പ്രതിബദ്ധതയുള്ള ഒരു സർക്കാരിന്റെ മുന്നിലെ വഴി. എന്നാൽ വിധിയെ തകിടംമറിക്കാനും സർക്കാരിനെ അപകീർത്തിപ്പെടുത്താനും കേരളത്തിൽ നിലനിൽക്കുന്ന നവോത്ഥാന മൂല്യങ്ങളും സമുദായ ഐക്യവും തട്ടിത്തെറിപ്പിക്കുവാനും ചില ശക്തികൾ ശ്രമിച്ചപ്പോൾ നവോത്ഥാന ആശയങ്ങളുടെ ഈറ്റില്ലമായ കേരളത്തിന് ഉറങ്ങിക്കിടക്കാൻ കഴിയുമായിരുന്നില്ല. സർക്കാർ നവോത്ഥാനബോധവൽക്കരണത്തിനായി ജാഗരൂകമായ നടപടികൾ സ്വീകരിച്ചതിനാൽ വിധ്വംസക ശക്തികൾ പത്തി എടുക്കാതെ കെട്ടടങ്ങി. അപ്പോഴാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പതിനേഴാം ലോക് സഭയിലേക്കുള്ള പാർലമെന്റ് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത്. ഏഴ് ഘട്ടങ്ങളിലായി 2019 ഏപ്രിൽ 11 മുതൽ മെയ് 19 വരെ നടക്കുന്ന തെരഞ്ഞെടുപ്പ്; മെയ് 23 നാണ് ഫലപ്രഖ്യാപനം ഉണ്ടാകുക. പുതിയ കേന്ദ്ര മന്ത്രിസഭ അതിനുശേഷം അധികാരത്തിൽ വരുന്നു.

അറിവോരത്തിന്റെ ഈ ലക്കം ഇറങ്ങുമ്പോൾ കേരളജനത അവരുടെ സമ്മതിദാനാവകാശം വിനിയോഗിച്ച് കഴിഞ്ഞിട്ടുണ്ടാകും. ലോകത്തെ മഹത്തായ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. 1949 നവംബർ 26 ന് ഇന്ത്യൻ ഭരണഘടനയുടെ കരട് ഭരണഘടനാ നിർമ്മാണസഭ അംഗീകരിക്കുകയും സഭാദ്ധ്യക്ഷൻ ഡോ.രാജേന്ദ്ര പ്രസാദ് അതിൽ ഒപ്പുവയ്ക്കുകയും ചെയ്തശേഷം ഭരണഘടനാ നിർമ്മാണസഭ പിരിച്ചുവിട്ടു. എന്നാൽ ഭരണഘടനാ നിർമ്മാണസഭ ഇന്ത്യയുടെ ആദ്യ പാർലമെന്റായി ഒന്നാം ലോക്സഭാ തെരഞ്ഞെടുപ്പ് നടന്ന 1952 വരെ തുടർന്നു. 1952 ലാണ് ലോക്സഭയിലേക്കുള്ള ആദ്യ തെരഞ്ഞെടുപ്പ് നടന്നത്. പ്രായപൂർത്തി വോട്ടവകാശം ഒരു ഭരണഘടനാവകാശമായി ഭരണഘടന പ്രഖ്യാപിക്കുന്നു. 489 സീറ്റിലേക്ക് നടന്ന മത്സരത്തിൽ 17 കോടി ജനതയ്ക്ക് വോട്ടവകാശം ഉണ്ടായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് 364 സീറ്റ് നേടി ഏറ്റവും വലിയ ഒറ്റ കക്ഷിയായി. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് 16 സീറ്റുകൾ നേടാനായി. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആദ്യ പ്രധാനമന്ത്രിയായി സ്ഥാനമേറ്റു. തുടർന്നിങ്ങോട്ട് 16 തവണ ലോക്സഭാ തെരഞ്ഞെടുപ്പ് നടന്നു. ഇപ്പോൾ നടക്കുന്ന പതിനേഴാം ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇന്ത്യയിൽ ഏകദേശം 90 കോടി ജനങ്ങൾക്ക് വോട്ടവകാശമുണ്ട്. അതിൽ ഏകദേശം 23 ലക്ഷം യുവവോട്ടർമാരാണ്. കേരളത്തിൽ ഏകദേശം 3 കോടി വോട്ടർമാർക്ക് സമ്മതിദാനാവകാശമുണ്ട്. ജനാധിപത്യം ചലനാത്മകമായ ഭരണ സംവിധാനമാണ്. ജനങ്ങളുടെ ആഗ്രഹവും അഭിലാഷവും സ്വപ്നങ്ങളും പൂർത്തിയാക്കുന്നതിനും സ്വസ്ഥവും സമാധാനപരവും സന്തോഷകരവും അഭിവൃദ്ധികരവുമായ ജീവിതം ലഭ്യമാക്കുന്നതിനും ജനങ്ങൾ വിശ്വസിക്കുന്ന ഭരണസംവിധാനമാണ് ജനാധിപത്യം. നമ്മുടെ ജനാധിപത്യം ഇനിയും വളരാനും വികസിക്കാനും മുന്നേറാനുമുണ്ട്. പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും നമുക്ക് മറികടക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങൾ തമ്മിലുള്ള സാമ്പത്തിക അന്തരം വലുതാണ്. ഒരു ശതമാനം വരുന്ന ധനിക സമൂഹം തൊണ്ണൂറ് ശതമാനം വരുന്ന സ്വത്തും സമ്പത്തും കൈയടക്കിയിരിക്കുകയാണ്. കർഷക ആത്മഹത്യ ഇന്ത്യയിൽ ആശങ്കാജനകമായി വർദ്ധിക്കുന്നത് ജനാധിപത്യത്തിന്റെ ദുഃഖകരമായ കാഴ്ചയാണ്. കഴിഞ്ഞകൊല്ലം വടക്കേ ഇന്ത്യയിൽ സവാള, വെളുത്തുള്ളി, ചുവന്നമുളക് എന്നിവയിൽ റിക്കാർഡ് ഉൽപാദനമാണ് കർഷകർ നേടിയത്. എന്നാൽ തങ്ങളുടെ കാർഷിക ഉൽപന്നങ്ങൾക്ക് വിപണിയിൽ കുറഞ്ഞ വിലമാത്രം ലഭിക്കുന്നതിൽ പ്രതിഷേധിച്ച് കർഷകർ സവാള കൂനകൂട്ടിയിട്ട് കിലോ ഒരു രൂപയ്ക്ക് വിൽക്കുന്ന കാഴ്ച ഇന്ത്യ കാണേണ്ടിവന്നു. ഇതൊക്കെ മാറേണ്ടതുണ്ട്. കർഷകരുടെ വിളകൾക്ക് ന്യായമായ വില നൽകി സർക്കാർ ഏറ്റെടുത്ത് പൊതുവിപണിയിൽ ഉചിതമായ വിലയ്ക്ക് വിൽക്കുന്നതിനുള്ള ഒരു പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കേണ്ടതുണ്ട്. ഒപ്പം കാർഷിക കടങ്ങൾക്ക് കടാശ്വാസ പാക്കേജും ജപ്തി ഭീഷണി ഒഴിവാക്കുന്നതിനുള്ള നടപടികളും എല്ലാ വർഷവും നടപ്പാക്കേണ്ടതുണ്ട്. പ്രശസ്ത ചരിത്രകാരൻ രാമചന്ദ്രഗുഹ ഇപ്രകാരം പറഞ്ഞിരിക്കുന്നു. 'ഇന്ത്യ പ്രവർത്തിക്കാത്ത ജനാധിപത്യവും പ്രവർത്തിക്കുന്ന അരാജകത്വവുമാണ് എന്ന് ചിലപ്പോൾ തോന്നും. യഥാർത്ഥ ജനാധിപത്യത്തിലേക്ക് ഇനിയും നമുക്ക് ഏറെ ദൂരം സഞ്ചരിക്കാനുണ്ട്.'

അതെ, യഥാർത്ഥ ജനാധിപത്യത്തിലേക്ക് നമുക്ക് ക്ഷമയോടെ സഞ്ചരിക്കാം.

**വി.കെ.ബാബുപ്രകാശ്**
ചീഫ് എഡിറ്റർ




# വിദ്യാർത്ഥികളുടെ ഉത്സവം ദേശീയ വിദ്യാർത്ഥി പാർലമെന്റ്

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള 'ജനാധിപത്യത്തിന്റെ ഉത്സവ'ത്തിന്റെ രണ്ടാംഘട്ട പരിപാടി അക്ഷരാർത്ഥത്തിൽ വിദ്യാർത്ഥികളുടെ ഉത്സവമായി മാറി. 2019 ഫെബ്രുവരി 23 മുതൽ 25 വരെ നടന്ന ദേശീയ വിദ്യാർത്ഥി പാർലമെന്റ് നിയമസഭാ സമുച്ചയത്തിൽ ഗവർണ്ണർ ജസ്റ്റിസ് (റിട്ട) പി. സദാശിവം ഉദ്ഘാടനം ചെയ്തു. കേരളത്തിലെ രാഷ്ട്രീയ നേതാക്കൾ തിളക്കമുള്ള മാതൃകകളാണെന്നും അഭിപ്രായ വ്യത്യാസമുള്ളപ്പോഴും അവർ തമ്മിൽ സൗഹൃദവും സഹകരണവുമുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ധനമന്ത്രി ഡോ.ടി.എം. തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തി. ഡെപ്യൂട്ടി സ്പീക്കർ വി.ശശി, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, എം.ഐ.ടി.പൂനെ എക്സിക്യൂട്ടീവ് പ്രസിഡന്റ് രാഹുൽ വി.കാരാട്, യൂണിസെഫ് ഇന്ത്യ പ്രതിനിധി ഡോ.യാസ്മിൻ അലി ഹഖ്, നിയമസഭാ സെക്രട്ടറി വി.കെ. ബാബുപ്രകാശ് എന്നിവർ സംസാരിച്ചു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് രണ്ടായിരത്തോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

ഇന്ത്യയെന്ന ആശയം, യുവാക്കളും രാഷ്ട്രീയവും: മുന്നോട്ടുള്ള വഴി എന്നീ വിഷയങ്ങളിൽ പൊതുവായ പ്ലീനറി സെഷനുകളും ഉച്ച കഴിഞ്ഞ് മൂന്നു വേദികളിലായി വിവിധ വിഷയങ്ങൾ സംബന്ധിച്ച സെഷനുകളും നടത്തി. പ്രകാശ് കാരാട്ട്, ജിഗ്നേഷ് മേവാനി, ബിനോയ് വിശ്വം എം.പി., സ്വാമി അഗ്നിവേശ്, കെ. സോമപ്രസാദ് എം.പി., കവിത കൽവകുന്തള എം.പി., സി.പി. ജോൺ, ഡോ. രാജൻ ഗുരുക്കൾ, അബ്ദു സമദ് സമദാനി, ജോൺ ബ്രിട്ടാസ്, കെ.പി. മോഹനൻ, എം.ആർ. രാഘവവാര്യർ, പ്രൊഫ.എസ്.പരശുരാമൻ, ഡോ.കിരൺ ജി.ആർ., കെ.ജയകുമാർ, കെ.എസ്.ശബരീനാഥൻ എം.എൽ.എ., ഡോ.ആൻഡ്രൂ ടർണർ, ഡോ. അച്യുത്ശങ്കർ എസ്. നായർ, ഡോ. സജി ഗോപിനാഥ്, എം.എ.ബേബി, വിജു കൃഷ്ണൻ, ഡോ.മൃദുൾ ഈപ്പൻ, ജോബ് സഖറിയ, ചിന്താ ജെറോം, കെ.കെ. രാഗേഷ് എം.പി., കനയ്യ കുമാർ, ഡോ.വത്സൻ തമ്പു തുടങ്ങിയവർ വിവിധ സെഷനുകളിൽ സംസാരിക്കുകയും വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് വേദികളിൽ വിഷയാവതരണത്തിനുള്ള അവസരം ഒരുക്കിയിരുന്നു. ഓരോ സെഷനിലും വിദ്യാർത്ഥിപ്രതിനിധികൾ പ്രമേയങ്ങൾ അവതരിപ്പിച്ചു.

വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങളിൽ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരമായിരുന്നു 'റിങ്സ് ഓഫ് ഫയർ'. പത്ത് സംഘങ്ങളായി പത്ത് വിഷയങ്ങളിൽ യുവതലമുറ ആശയങ്ങൾ പങ്കുവച്ചു. ചൂടുപിടിച്ച ചർച്ചകളാൽ അവ ശ്രദ്ധേയമായി.

'സൂഫി നൈറ്റ്', 'വന്ദേ ജനനി', നാടൻ പാട്ടുകൾ, വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടി 'ഉത്സവ്' എന്നിവ സന്ധ്യാവേളകളെ ധന്യമാക്കി.

സമാപനദിവസം രാവിലെ വിദ്യാർത്ഥി പ്രതിനിധികൾക്കു പുറമേ ജില്ലയിലെ കോളേജ് വിദ്യാർത്ഥികളെയും അണിനിരത്തി സംഘടിപ്പിച്ച 'മാർച്ച് ഓഫ് ഡെമോക്രസി' വർണ്ണാഭമായി. അയ്യായിരത്തോളം വിദ്യാർത്ഥികൾ പങ്കെടുത്ത മാർച്ച് നിയമസഭാ സമുച്ചയത്തിൽ ഡെപ്യൂട്ടി സ്പീക്കർ വി.ശശി ഫ്ളാഗ് ഓഫ് ചെയ്തു. മാർച്ച് കനകക്കുന്നിൽ സമാപിച്ചു.

സമാപന സമ്മേളനത്തിന് മുന്നോടിയായി കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുന്നൂറ് വാദ്യോപകരണങ്ങളും നാന്നൂറ് കലാകാരന്മാരും ഒത്തുചേർന്ന നൃത്ത താള വാദ്യ വിസ്മയം 'സിംഫണി ഫോർ ഹാർമണി' അരങ്ങേറി. സൂര്യ കൃഷ്ണമൂർത്തിയാണ് പരിപാടി ഒരുക്കിയത്.

സമാപനച്ചടങ്ങ് നിശാഗന്ധിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സ്പീക്കർ പി.ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ മുൻ സ്പീക്കർ വി.എം.സുധീരൻ, സി.പി.ഐ.(എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, ഡോ.ശശി തരൂർ എം.പി., ഗുജറാത്ത് എം.എൽ.എ. ജിഗ്നേഷ് മേവാനി, ഹരിയാന മുൻ മന്ത്രി സ്വാമി അഗ്നിവേശ്, മുഹമ്മദ് മുഹസിൻ എം.എൽ.എ., എം.ഐ.ടി. പൂനെ എക്സിക്യൂട്ടീവ് പ്രസിഡന്റ് രാഹുൽ വി.കാരാട്, സംസ്ഥാന യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി.ബിജു, നിയമസഭാ സെക്രട്ടറി വി.കെ.ബാബുപ്രകാശ് എന്നിവർ സംസാരിച്ചു.

## തിരുവനന്തപുരം പ്രഖ്യാപനം

ഭരണഘടനയ്ക്കും ജനാധിപത്യത്തിനും മതനിരപേക്ഷതയ്ക്കുമൊപ്പമാണ് പുതുതലമുറയെന്ന് തെളിയിക്കുന്നതായി ദേശീയ വിദ്യാർത്ഥി പാർലമെന്റ്. ജനാധിപത്യത്തിന്റെ ഉത്സവവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ദേശീയ സമ്മേളനത്തിന്റെ സമാപന സമ്മേളനത്തിലാണ് വിദ്യാർത്ഥി പ്രതിനിധികൾ പ്രതിജ്ഞയെടുത്തത്.

നാനാത്വത്തിൽ ഏകത്വം എന്ന ഭാരതീയ ആശയം സംരക്ഷിക്കുമെന്നും, ഭരണഘടന വിഭാവനം ചെയ്യുന്ന നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, മതേതരത്വം, നാനാത്വം എന്നീ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും രാജ്യത്തിന്റെ മതേതരഘടന നിലനിർത്തുന്നതിനും, നിയമവാഴ്ച സംരക്ഷിക്കുന്നതിനും പരിശ്രമിക്കുമെന്നും, ഭരണഘടനയുടെ അനുഛേദം 51എ പ്രകാരം സംരക്ഷിക്കപ്പെടേണ്ട കർത്തവ്യങ്ങൾ നിറവേറ്റുന്നതിനും ജാതീയ ചിന്തകൾ ഉണ്ടാക്കിയ അസമത്വം, ഭിന്നത എന്നിവ നീക്കുന്നതിനും അത്തരം ചിന്തകൾ മൂലം ഉണ്ടായിട്ടുള്ള അസംതൃപ്തി ഇല്ലാതാക്കുന്നതിനും പരിശ്രമിക്കുമെന്നും, രാജ്യത്തിന്റെ സാംസ്ക്കാരിക ബഹുസ്വരതയെ ശിഥിലമാക്കാൻ ശ്രമിക്കുന്ന ശക്തികളെ പ്രതിരോധിക്കുന്നതുവഴി രാജ്യത്തിലെ ജനങ്ങളുടെ ഐക്യവും വിവിധങ്ങളായ സാംസ്കാരിക മൈത്രിയും സംരക്ഷിക്കാൻ ശ്രമിക്കുമെന്നും രണ്ടായിരത്തോളം വരുന്ന പ്രതിനിധികൾ പ്രതിജ്ഞ ചെയ്തു. നിയമസഭാംഗം മുഹമ്മദ് മുഹസിൻ പി. പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു.



# ചരിത്രത്തെ അഗാധമാക്കിയ അരുവിപ്പുറം

**രമേശ് ചെന്നിത്തല**
പ്രതിപക്ഷ നേതാവ്

നൂറ്റാണ്ടുകളായി അകറ്റി നിർത്തപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ഈ പ്രപഞ്ചത്തോളം വിശാലമായ മാനവിക ബോധത്തിന്റെ ഭാഗമാണ് തങ്ങൾ എന്ന തിരിച്ചറിവാണ് അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ഗുരുദേവൻ നൽകിയത്. മനുഷ്യനെ പ്രതിനിധീകരിക്കുന്ന ഈശ്വര സങ്കൽപ്പത്തെയാണ് ഗുരുദേവൻ ഈ മണ്ണിൽ ഉറപ്പിച്ചുനിർത്തിയത്. അതുകൊണ്ടാണ് 'ജാതി മത ദ്വേഷങ്ങൾക്കപ്പുറത്തെ മാതൃകാ സ്ഥാനം' എന്ന് ഗുരുദേവൻ അരുവിപ്പുറത്തെ വിളിച്ചതും. ഏകമായ മാനവികതാബോധത്തെ പ്രതിഷ്ഠിക്കുമ്പോൾ അവിടെ ജാതിയും മതവും നിരർത്ഥകമാണെന്ന് ഗുരുവിനറിയാം. ജനങ്ങളിലേക്ക് കൂടുതൽ ആഴത്തിൽ പെട്ടെന്ന് പതിയുന്ന ആദി സങ്കൽപ്പം എന്ന നിലയ്ക്കാണ് ശിവൻ എന്ന സങ്കൽപ്പത്തെ ഗുരു പ്രതിഷ്ഠാ രൂപത്തിലേക്ക് കൊണ്ടുവന്നത്. അതുകൊണ്ട് അന്നും ഇന്നും അരുവിപ്പുറത്തെ വ്യവസ്ഥാപിതമായ ഒരു ക്ഷേത്രസങ്കേതമായി കാണുന്നതിനെക്കാൾ മനുഷ്യനെ കൂടുതൽ മനുഷ്യനാക്കുന്ന, അവന് വികസ്വരമായ ചിന്തകൾ നൽകുന്ന ഒരു പൊതു ഇടമായി കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്. മറ്റ് ലോക ഗുരുക്കൻമാരെപ്പോലെ തന്നെ ശ്രീനാരായണ ഗുരുവിനും ഒരു വലിയ പ്രത്യേകതയുണ്ട്. ഗുരുവിനെ നാം എങ്ങനെ സ്വാംശീകരിക്കുന്നുവോ അതായിരിക്കും നമുക്ക് അദ്ദേഹം. ചിലർക്ക് അദ്ദേഹം സാമൂഹ്യ പരിഷ്കർത്താവാണ്. ചിലർക്ക് ആധ്യാത്മികാചാര്യനും, മറ്റു ചിലർക്ക് അദ്ദേഹം ഒരു ജാതിയുടെ ഗുരുവാണ്, വേറെ ചിലർക്ക് ഒരു മതത്തിന്റെ സന്യാസിയും. ചിലർ അദ്ദേഹത്തെ സ്വയം ആനന്ദസ്വരൂപമായ യോഗിവര്യനായി കാണുമ്പോൾ മറ്റ് ചിലർ കവിയായും തത്വചിന്തകനായും മിസ്റ്റിക്കായും കാണുന്നു. ഇതെല്ലാമാണെന്നും എന്നാൽ ഇതൊന്നുമല്ലെന്നും വിശ്വസിക്കാനുള്ള വലിയ സ്വാതന്ത്ര്യവും സാധ്യതയും ആണ് ഗുരു നമുക്കുമുന്നിൽ വച്ചുതരുന്നത്.

ആരെയും ശത്രുപക്ഷത്ത് നിർത്താൻ ഒരിക്കലും ശ്രമിക്കാതിരുന്നയാളാണ് ഗുരു. ആരെയെങ്കിലും ശത്രുപക്ഷത്ത് നിർത്തിയാലേ നമുക്ക് നിലനിൽപ്പുള്ളൂവെന്ന് വിശ്വസിക്കുന്ന ഒരു തരം പ്രായോഗികതയാണ് ഇന്ന് നമ്മെ ഭരിക്കുന്നത്. അധികാരം നിലനിർത്താൻ, തെരഞ്ഞെടുപ്പ് ജയിക്കാൻ ഒക്കെ നമ്മൾ രാജ്യങ്ങളെയും സമൂഹങ്ങളെയും വ്യക്തികളെയുമൊക്കെ ശത്രുപക്ഷത്ത് നിർത്തുന്നു. എന്റെ ജാതിയിൽപ്പെടാത്തവൻ ശത്രു, എന്റെ മതത്തിൽപ്പെടാത്തവനും ഞാൻ കഴിക്കുന്ന ഭക്ഷണം കഴിക്കാത്തവനും ഞാൻ വിശ്വസിക്കുന്ന രാഷ്ട്രീയത്തിൽ വിശ്വസിക്കാത്തവനും ഒക്കെ ഇന്ന് എനിക്ക് ശത്രുക്കളാണ്. അങ്ങനെ ഇന്ത്യയിൽ ഇപ്പോൾ ശത്രുവില്ലാതെ ജീവിക്കാൻ കഴിയാത്ത ഒരവസ്ഥയായി എല്ലാവർക്കും. അപരനെ ഉൾക്കൊള്ളുമ്പോഴാണ് താൻ നിലനിൽക്കുന്നത് എന്ന് വിശ്വസിച്ചയാളായിരുന്നു ശ്രീനാരായണ ഗുരുദേവൻ. അപരന്റെ സുഖമായിരുന്നു ഗുരുവിനെ സംബന്ധിച്ചിടത്തോളം മതവും രാഷ്ട്രീയവും തത്വചിന്തയും എല്ലാം.

എന്തിനാണ് ഇത്തരത്തിൽ പ്രതിഷ്ഠകൾ നടത്തുന്നതെന്നും അതെല്ലാം വെറും കല്ലല്ലേ എന്നുമുള്ള വാഗ്ഭടാനന്ദസ്വാമികളുടെ ചോദ്യത്തിന് ഗുരു നൽകിയ ഉത്തരം അങ്ങ് പറഞ്ഞത് വളരെ ശരിയാണ് എന്നാണ്. പിന്നെ ക്ഷേത്ര പ്രതിഷ്ഠകൾ നിർത്തിക്കൂടെ എന്ന ചോദ്യത്തിന് പ്രതിഷ്ഠകൾ നമുക്ക് വേണ്ടിയല്ലല്ലോ എന്നാണ് ഗുരു പറഞ്ഞ മറുപടി. എന്നുവച്ചാൽ തന്നോട് ചോദ്യങ്ങൾ ചോദിക്കുന്നവർ, തന്നെ വിമർശിക്കുന്നവർ ഒരിക്കലും തന്റെ ശത്രുക്കളേയല്ല. ആരാണോ തന്നെ വിമർശിക്കുന്നത് അവരോട് പൂർണ്ണമായും യോജിക്കുക എന്നതായിരുന്നു ഗുരുവിന്റെ രീതി. ഗുരു ദൈവദശകം എഴുതിയപ്പോൾ സഹോദരൻ അയ്യപ്പൻ അതിനെതിരെ സയൻസ് ദശകം എഴുതി. ഇതാരോ ഗുരുവിനോട് പരാതിയായി പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി 'എന്നാൽ ഇനി മുതൽ സയൻസ് ദശകം കൂടി വായിച്ചോളൂ' എന്നാണ്. നേരത്തെ സഹോദരൻ അയ്യപ്പൻ ജാതിയും മതവും ദൈവവും വേണ്ട; ധർമ്മമാണ് വേണ്ടത് എന്ന് പറഞ്ഞപ്പോഴും ഗുരു അതിനെ എതിർത്തില്ല. അയ്യപ്പൻ പറഞ്ഞ ധർമ്മം തന്നെയാണ് ദൈവം എന്ന് അംഗീകരിക്കുകയായിരുന്നു അദ്ദേഹം. ദൈവം എന്ന് പറഞ്ഞാലും സയൻസ് എന്ന് പറഞ്ഞാലും ഗുരുവിന് വലിയ വ്യത്യാസമൊന്നും തോന്നിയിരുന്നില്ല.

അതുകൊണ്ടാണ് ഗുരു നമുക്ക് നൽകുന്നത് വലിയൊരു സ്വാതന്ത്ര്യവും സാധ്യതയും ആണെന്ന് നേരത്തെ ഞാൻ സൂചിപ്പിച്ചത്. ഗുരു തന്റെ ദാർശനിക സാമൂഹ്യ സങ്കൽപ്പങ്ങളെ ഏറ്റവും ശക്തമായി അവതരിപ്പിച്ച സ്ഥലം അരുവിപ്പുറമാണ്. ഒരർത്ഥത്തിൽ ഗുരുവിന്റെ എഴുത്തിലും ചിന്തയിലും പ്രവൃത്തിയിലും എല്ലാം അടിസ്ഥാനമായി വർത്തിക്കുന്നത് അരുവിപ്പുറമാണ്. ഗുരുവിന്റെ പിൽക്കാലത്തുള്ള എല്ലാ ചിന്തയും പ്രവർത്തനങ്ങളും അരുവിപ്പുറത്ത് അദ്ദേഹം നടത്തിയ മഹാവിപ്ലവത്തിന്റെ ഒരു എക്സ്റ്റൻഷൻ ആണ്. അതുകൊണ്ടാണ് പ്രതിഷ്ഠയ്ക്കൊപ്പം 'സോദരത്വേന വാഴുന്ന മാതൃകാസ്ഥാനം' എന്നെഴുതി വച്ചത്. കേവല ഭക്തിയാണ് അദ്ദേഹത്തിനുണ്ടായിരുന്നതെങ്കിൽ ഇങ്ങനെ എഴുതേണ്ട കാര്യമുണ്ടായിരുന്നില്ല. യുക്തിഭദ്രമായ ആത്മീയതയും ഭക്തിയുമായിരുന്നു ഗുരുവിന് താൽപര്യം. എല്ലാവരെയും ഉൾക്കൊള്ളാത്ത ആത്മീയത യുക്തിഭദ്രമായിരിക്കില്ലെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതു കൊണ്ടായിരിക്കണം യുക്തിവാദികളായ സഹോദരൻ അയ്യപ്പനും കുറ്റിപ്പുഴ കൃഷ്ണപിള്ളയുമെല്ലാം ഗുരുവിന്റെ വൽസല ശിഷ്യരായിരുന്നതും.

എന്തായിരുന്നു കേരളത്തിനകത്തും പുറത്തും ഗുരു നടത്തിയ പ്രതിഷ്ഠകൾക്ക് പിന്നിലുള്ള സങ്കൽപ്പം? ഒരു ചോദ്യത്തിന് മറുപടിയായി ഒറ്റ വാചകത്തിൽ ഗുരു പറഞ്ഞു. 'ഹിന്ദുക്കൾ എന്ന് പറയുന്നവർ ആവശ്യപ്പെട്ടിട്ടാണ് നാം അവരുടെ പ്രതിഷ്ഠകൾ നടത്തിക്കൊടുക്കുന്നത്. മറ്റു മതസ്ഥരും ആവശ്യപ്പെട്ടാൽ അങ്ങനെ ചെയ്യുന്നതിൽ നമുക്ക് വിരോധമില്ല.' അമ്പലങ്ങൾ ഉണ്ടാക്കിയതു പോലെ പള്ളികൾ ഉണ്ടാക്കിത്തരണമെന്ന് ആവശ്യപ്പെട്ടാലും ഗുരു അങ്ങനെ ചെയ്യുമായിരുന്നു. വ്യവസ്ഥാപിത മതങ്ങൾ ഒരിക്കലും അദ്ദേഹത്തെ സ്വാധീനിച്ചതേയില്ല. ഒരർത്ഥത്തിൽ അദ്ദേഹം മതരഹിതൻ തന്നെയായിരുന്നു. 'മതരഹിതനായ അദ്വൈതി' എന്ന് വേണമെങ്കിൽ ഗുരുവിനെ വിളിക്കാം.

നിലവിലുള്ള ഏതെങ്കിലും മതവിശ്വാസത്തിന്റെയാളായി അറിയപ്പെടാൻ ഗുരു ആഗ്രഹിച്ചിരുന്നില്ല എന്ന് ഇതിൽനിന്ന് വ്യക്തമായിരുന്നു. ഹിന്ദുക്കൾ പറഞ്ഞതുകൊണ്ട് അവരുടെ ക്ഷേത്രങ്ങൾ നിർമ്മിച്ചു. ക്രിസ്ത്യാനികളോ മുസ്‌ലീങ്ങളോ പറഞ്ഞാൽ അവരുടെ പള്ളികളും നിർമ്മിച്ചുകൊടുക്കും. കാരണം താൻ മത ഭേദങ്ങളും ജാതി ഭേദങ്ങളും വിട്ടു കഴിഞ്ഞു. എന്നാൽ അത് വിടാൻ കഴിയാത്ത വളരെ സാധാരണക്കാരായ മനുഷ്യർക്കുവേണ്ടി അവർ ആഗ്രഹിക്കുന്നത് താൻ ചെയ്യുന്നു. ഇതായിരുന്നു ഗുരുവിന്റെ ആത്മീയത. ഗുരു അദ്വൈത വാദിയായിരുന്നു എന്നത് സത്യം തന്നെയാണ്. എന്നാൽ വാദിക്കാനും ജയിക്കാനും ഉള്ളതായിരുന്നില്ല ഗുരുവിന്റെ അദ്വൈതം. ശങ്കരനിൽ നിന്ന് ഗുരു വ്യത്യസ്തനായിരിക്കുന്നത് ഇതുകൊണ്ടാണ്. ശങ്കരന്റെ അദ്വൈതം വിജയിക്കുന്നത് തർക്കത്തിലൂടെയായിരുന്നു. ഗുരുവിന്റെ അദ്വൈതം വിജയിച്ചത് സ്വാംശീകരണത്തിലൂടെയും. തർക്കിക്കുമ്പോൾ ഒരാൾ തോൽക്കും. എന്നാൽ സ്വാംശീകരിക്കുമ്പോൾ ആരും തോൽക്കില്ല. എല്ലാവരും അവരവർക്കിഷ്ടമായതുപോലെ നിൽക്കും. പ്രതിഷ്ഠയെ നിങ്ങൾക്ക് ശിവനായി കാണാം, അല്ലെങ്കിൽ വെറും കല്ലായും കാണാം. അത് നിങ്ങളുടെ ചിന്ത; രണ്ടായാലും എനിക്ക് വിരോധമില്ലെന്നാണ് ഗുരു പറഞ്ഞത്. കാരുണ്യത്തിലധിഷ്ഠിതമായിരിക്കണം മതം എന്ന കാര്യത്തിൽ ഗുരുവിന് നിർബന്ധമുണ്ടായിരുന്നു. ഒരുപക്ഷേ സ്വജീവിതത്തിൽ അദ്ദേഹം കാണിച്ച ഏക നിർബന്ധവും അതായിരിക്കണം. അതുകൊണ്ടാണ് പ്രവാചകനായ മുഹമ്മദിനെ കരുണവാൻ നബി മുത്തുരത്നമോ എന്ന് വിളിച്ചത്; യേശു ക്രിസ്തുവിനെ പരമേശ പവിത്ര പുത്രനോ എന്ന് വിളിച്ചത്. ഇന്ന് ഒരു സന്യാസിക്കും അങ്ങനെ വിളിക്കുവാൻ കഴിയില്ല. അതാണ് നമ്മൾ ജീവിക്കുന്ന ഇന്ത്യയുടെ ദുര്യോഗം. താൻ സൃഷ്ടിച്ച എല്ലാ കേന്ദ്രങ്ങളും മനുഷ്യരുടെ ഇടങ്ങളായിരിക്കണം എന്നദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. കുറച്ച് മനുഷ്യരിലെങ്കിലും താൻ മൂലം പരിവർത്തനം നടക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. ആ കുറച്ച് മനുഷ്യരായിരിക്കും നാളെ കുറെയധികം നല്ല മനുഷ്യരെ സൃഷ്ടിക്കുക എന്നദ്ദേഹം വിശ്വസിച്ചിരുന്നു. പേര്, ഊര്, തൊഴിൽ ഇതുമാത്രമേ മനുഷ്യനോട് ചോദിക്കാവൂ എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ജാതി കണ്ടാൽ അറിയാമെന്നായിരുന്നു ഗുരുദേവൻ പറയാറുള്ളത്. എങ്ങനെയാണ് ജാതി കണ്ടാൽ മനസിലാകുന്നത്. അതിനുള്ള ഉത്തരവും അദ്ദേഹം നൽകി. 'പുണർന്ന് പെറുന്നവരെല്ലാം ഒരു ജാതി.' എന്നുവച്ചാൽ ജാതി എന്നത് മനുഷ്യജാതി തന്നെയാണ്. ഒരു ജീവിയെ കണ്ടാൽ, അത് മനുഷ്യനാണെന്ന് മനസിലായിക്കഴിഞ്ഞാൽ പിന്നെ ജാതി ചോദിക്കേണ്ട കാര്യമില്ല. പേര്, ഊര്, തൊഴിൽ മാത്രം ചോദിച്ചാൽ മതി. കാരണം മനുഷ്യന്റെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ ഇതിന് മൂന്നിനും വലിയ പങ്കുണ്ട്.

സുകുമാർ അഴിക്കോടിന്റെ 'ഗുരുവിന്റെ ദുഃഖം' എന്ന പുസ്തകത്തിൽ പറഞ്ഞ ഒരു വാചകത്തോടെ ഞാൻ ഉപസംഹരിക്കുന്നു. 'നമുക്ക് ഇന്ന് നാടെങ്ങും ഗുരുമന്ദിരങ്ങൾ ഉണ്ട്, ഗുരുവിന്റെ പേരിൽ സ്കൂളുകളും കോളേജുകളും വ്യാപാര സമുച്ചയങ്ങളും നാടൊട്ടുക്കുമുണ്ട്. എന്നാൽ നമ്മുടെ ഹൃദയത്തിൽ....' പൂർത്തിയാക്കാത്ത ഈ ചോദ്യം നമ്മൾ സ്വയം ചോദിക്കണം.




# ഭരണഘടനാ സാക്ഷരത അനിവാര്യം

പുതിയൊരു സമൂഹസൃഷ്ടിക്ക് ഭരണഘടനാ സാക്ഷരത അനിവാര്യമാണെന്ന് ഡെപ്യൂട്ടി സ്പീക്കർ വി.ശശി. മലബാർ ക്രിസ്ത്യൻ കോളേജ് 110-ാം വാർഷികത്തിന്റെ ഭാഗമായി അക്കാദമിക പ്രവർത്തനങ്ങളുടെയും ചരിത്ര സെമിനാറിന്റെയും ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

ഭരണഘടനാ സാക്ഷരത സമൂഹത്തിൽ കുറയുന്നതിന്റെ ലക്ഷണങ്ങൾ കണ്ടതോടെയാണ് സർക്കാർ ഭരണഘടനാമൂല്യങ്ങളുടെ സാക്ഷരതയ്ക്ക് പ്രത്യേകം പ്രചരണം തുടങ്ങിയത്. ഭരണഘടന അനുശാസിക്കുന്ന ലിംഗ-സ്ത്രീ സമത്വം ഉൾക്കൊള്ളാൻ കഴിയാത്തവർ വർത്തമാനകാല സമൂഹത്തിലുമുണ്ട്. സ്ത്രീ സമൂഹത്തിന്റെ പുരോഗതിയാണ് സമൂഹത്തിന്റെ വളർച്ചയുടെ മാനദണ്ഡമായി പരിഗണിക്കപ്പെടുന്നത്. അനാചാരങ്ങളെ ഇല്ലാതാക്കി സമൂഹം ഇനിയും മാറ്റങ്ങൾക്ക് വിധേയമാകണമെന്ന് അദ്ദേഹം പറഞ്ഞു.

നിയമമന്ത്രി ആയിരിക്കെ ഹിന്ദു സമൂഹത്തിലെ അനാചാരങ്ങൾക്കെതിരെ അംബേദ്കർ കൊണ്ടുവന്ന ഹിന്ദു ബിൽ വൻ എതിർപ്പിനെ തുടർന്ന് പിൻവലിക്കേണ്ടി വന്നു. ഇതിൽ പ്രതിഷേധിച്ച് അദ്ദേഹം മന്ത്രിസ്ഥാനം രാജിവയ്ക്കുകയും ചെയ്തു. സമാനമായ എതിർപ്പാണ് ഇന്നത്തെ സമൂഹത്തിലും പ്രകടമാകുന്നത് എന്ന് ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു.

മലബാർ ക്രിസ്ത്യൻ കോളേജിന്റെ പ്രിൻസിപ്പൽ ഡോ.സി.പി.ഗോഡ്വിൻ സാംരാജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ചരിത്രകാരൻ ഡോ.കെ.കെ.എൻ. കുറുപ്പ്, കോളേജ് മാനേജർ ജോസഫ് എസ്.ഡാനിയേൽ എന്നിവർ സംസാരിച്ചു. ചരിത്ര വിഭാഗം മേധാവി എം.സി. വസിഷ്ഠ് സ്വാഗതവും ഷീല എഫ്.ക്രിസ്റ്റീന നന്ദിയും പറഞ്ഞു.

## ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

# രാഷ്ട്ര പുനർനിർമ്മാണത്തിൽ യുവജനങ്ങൾക്ക് നിർണ്ണായക പങ്ക്

രാജ്യത്തെ മൊത്തം ജനസംഖ്യയുടെ 40 ശതമാനത്തോളം വരുന്ന യുവജനങ്ങൾക്ക് രാഷ്ട്ര പുനർനിർമ്മാണത്തിൽ നിർണ്ണായക പങ്ക് വഹിക്കുവാൻ കഴിയുമെന്ന് ഡെപ്യൂട്ടി സ്പീക്കർ വി. ശശി. വൈവിധ്യങ്ങൾ നിറഞ്ഞ ഭാരത സംസ്കാരത്തെക്കുറിച്ച് യുവജനങ്ങൾ ബോധവാന്മാരാകണം. തിരുവനന്തപുരം ജില്ലാ നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ മന്നം മെമ്മോറിയൽ ഹാളിൽ സംഘടിപ്പിച്ച ദേശീയ യുവജനവാരാഘോഷവും ജില്ലാ യുവജന കൺവെൻഷനും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വി.എസ്. ശിവകുമാർ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സതീഷ് ബാബു പയ്യന്നൂർ മുഖ്യ പ്രഭാഷണം നടത്തി. 2017-18 ലെ പ്രവർത്തനങ്ങൾ വിലയിരുത്തി ഏറ്റവും മികച്ച സംഘടനയായി തെരഞ്ഞെടുക്കപ്പെട്ട പൂഴനാട് ഭാവന ഗ്രന്ഥശാലക്ക് 25,000 രൂപ ക്യാഷ് അവാർഡും ട്രോഫിയും പ്രശസ്തിപത്രവും നൽകി. തെരഞ്ഞെടുക്കപ്പെട്ട 40 സന്നദ്ധസംഘടനകൾക്ക് കായികോപകരണങ്ങൾ വി.എസ്. ശിവകുമാർ എം.എൽ.എ വിതരണം ചെയ്തു.

# ലോക കേരളസഭ പശ്ചിമേഷ്യൻ മേഖലാ സമ്മേളനം

പ്രഥമ ലോക കേരളസഭയിൽ മേഖലാ സമ്മേളനങ്ങൾ നടത്തുക എന്ന നിർദ്ദേശമുയർന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഏഴ് വിഷയമേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകൾ ചർച്ചചെയ്യുന്നതിനായി ആദ്യ മേഖലാ സമ്മേളനം ദുബായിലെ എത്തിസലാത്ത് അക്കാദമിയിൽ 2019 ഫെബ്രുവരി 15, 16 തീയതികളിലായി നടക്കുകയുണ്ടായി. സമ്മേളനത്തിന്റെ ആദ്യ ദിവസമായ ഫെബ്രുവരി 15ന് ഒരു പ്രീ-കോൺഫറൻസ് പരിപാടി സംഘടിപ്പിച്ചു.

### സെഷൻ: 1 പ്രീ-കോൺഫറൻസ്
**(15.02.2019 / 10.00 മണി)**

ലോക കേരളസഭാംഗങ്ങളും പ്രത്യേക ക്ഷണിതാക്കളും സംഘടനാംഗങ്ങളും ഉൾപ്പെടെ മുന്നൂറോളം പേർ പ്രീ-കോൺഫറൻസ് പരിപാടിയിൽ പങ്കെടുത്തു. നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.കെ.ഇളങ്കോവൻ സ്വാഗതം ആശംസിക്കുകയും നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ കെ. വരദരാജൻ ആമുഖ പ്രഭാഷണം നടത്തുകയുമുണ്ടായി. 'ഗൾഫ് മേഖലയിലെ ഭാവിയിലെ ജോലിസാധ്യതകളും നൈപുണ്യ വികസനത്തിന്റെ ആവശ്യകതയും' എന്ന വിഷയത്തെക്കുറിച്ച് മെക്കിൻസി പ്രതിനിധി വിനയ് ചന്ദ്രൻ പ്രഭാഷണം നടത്തുകയുണ്ടായി. പ്രവാസികൾക്ക് ഏറെ പ്രയോജനമുണ്ടാകുന്ന തരത്തിലുള്ള ആശയങ്ങളാണ് അദ്ദേഹം പങ്കുവച്ചത്. മധ്യപൂർവ്വദേശത്തെ 45% തൊഴിൽ രീതികൾ 15 വർഷത്തിനുള്ളിൽ മാറുമെന്നും ഇതനുസരിച്ച് മലയാളികളെ സജ്ജരാക്കുകയാണ് വേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഭാവിയിൽ ഓട്ടമേഷന് ഏറ്റവും സാധ്യതയുള്ള രാജ്യങ്ങളിൽ രണ്ടാം സ്ഥാനം ഇന്ത്യയ്ക്കാണെന്നും അദ്ദേഹം പറഞ്ഞു. ലോക കേരളസഭാംഗവും സാഹിത്യകാരനുമായ ബെന്യാമിൻ 'പ്രവാസി കേരളം ഒരു മിഡിൽ ഈസ്റ്റ് അനുഭവം' എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു. കേരളത്തിലെ നവോത്ഥാന നായകന്മാർ നടത്തിയതിനു സമാനമായ ജാതിവിരുദ്ധ പ്രവർത്തനങ്ങൾ ഗൾഫ് മലയാളികളുടെ യാത്രയിലൂടെ സാധ്യമായിട്ടുണ്ടെന്നും കേരളത്തിൽ



നിലനിന്നിരുന്ന തൊഴിൽപരമായ ജാതിവ്യവസ്ഥയെ അട്ടിമറിക്കാൻ ഗൾഫ് പ്രവാസത്തിന് സാധിച്ചുവെന്നും ബെന്യാമിൻ പറഞ്ഞു. ഈ വിഷയങ്ങളിന്മേൽ പൊതുചർച്ചകളും നടന്നു.

### സെഷൻ: 2 ഉദ്ഘാടനം
**(15.02.2019 / 3.30 മണി)**

ലോക കേരളസഭയുടെ പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിന്റെ പ്രഖ്യാപനം ചീഫ് സെക്രട്ടറിയും ലോക കേരളസഭാ സെക്രട്ടറി ജനറലുമായ ടോം ജോസ് നിർവ്വഹിച്ചു. നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം കേരള മുഖ്യമന്ത്രിയും ലോക കേരള സഭാനേതാവുമായ പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ലോക കേരള സഭയുടെ ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കിയ ശിപാർശകളിൽ സാധ്യമായ പത്ത് നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനെക്കുറിച്ച് അദ്ദേഹം വിശദമാക്കി. പ്രവാസി മലയാളികളോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വിശദീകരിച്ച മുഖ്യമന്ത്രി നോർക്ക റൂട്ട്സിന്റെ വിവിധ സേവനങ്ങൾ, പ്രവാസി ചിട്ടി, പുതുതായി ആവിഷ്കരിക്കുന്ന പദ്ധതികളായ എൻ.ആർ.ഐ. വുമൺ സെൽ, പ്രവാസി ഡിവിഡന്റ് സ്കീം എന്നിവയെക്കുറിച്ച് വിശദമായി സംസാരിക്കുകയും സർക്കാർ സേവനങ്ങൾ പ്രവാസികൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് അറിയിക്കുകയും ചെയ്തു. ലോക കേരളസഭാ ഉപനേതാവായ പ്രതിപക്ഷ നേതാവിനെ പ്രതിനിധീകരിച്ച് കെ.സി. ജോസഫ് എം.എൽ.എ., സർക്കാരിന്റെ ക്ഷണം സ്വീകരിച്ച് യു.എ.ഇ. യിലെ ഇന്ത്യൻ അംബാസഡറായ എച്ച്.ഇ. നവദീപ് സിങ് സൂരി എന്നിവർ പരിപാടിയിൽ പങ്കെടുത്തു. പശ്ചിമേഷ്യയിലെ ആറ് രാജ്യങ്ങളെ പ്രതിനിധീകരിച്ച് ഒൻപത് പേർ സംസാരിച്ചു. ലോക കേരളസഭാംഗവും നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡ് അംഗവും സമ്മേളനത്തിന്റെ കോ-ഓർഡിനേറ്ററുമായ ഒ.വി. മുസ്തഫ കൃതജ്ഞത രേഖപ്പെടുത്തി.

### സെഷൻ: 3 സാംസ്കാരിക പരിപാടി
**(15.02.2019 / 7.00 മണി)**

ലോക കേരളസഭാംഗമായ ആശാ ശരത്തിന്റെ നേതൃത്വത്തിൽ കലാ സാംസ്കാരിക പരിപാടികൾ അരങ്ങേറി. നോർക്കയുടെ അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പർ, നവീകരിച്ച നോർക്ക റൂട്ട്സ് വെബ്പോർട്ടൽ എന്നിവ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. നോർക്ക റൂട്ട്സ് സേവനങ്ങൾ, പ്രവാസി ഐ.ഡി. കാർഡ്, സർട്ടിഫിക്കറ്റുകളുടെ ഓൺലൈൻ സാക്ഷ്യപ്പെടുത്തൽ, വിദേശ തൊഴിലവസരങ്ങൾ, പ്രവാസി മലയാളികൾക്കുള്ള പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ച് മലയാളത്തിലും ഇംഗ്ലീഷിലുമായി ആരംഭിച്ച ഒരു സമ്പൂർണ്ണ വെബ്പോർട്ടലാണ് നിലവിൽ വന്നത്. 24 x7 മണിക്കൂറും ടെലിഫോണിലോ, ലൈവ് ചാറ്റിലോ, ഇമെയിൽ സംവിധാനത്തിലോ എസ്.എം.എസ്. മുഖാന്തരമോ പ്രവാസി മലയാളികൾക്ക് 0091 8802012345 അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പരിൽ നോർക്ക റൂട്ട്സിന്റെ സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ആരായുവാനും പരാതികൾ രജിസ്റ്റർ ചെയ്യുവാനും സാധിക്കും.

### സെഷൻ: 4 ഏഴ് വിഷയമേഖലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ സമർപ്പിച്ച ശിപാർശകളിന്മേലുള്ള ചർച്ച
**(16.02.2019 /10.00 മണി)**

ഏഴ് വിഷയമേഖലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ സമർപ്പിച്ച നാൽപത്തിയെട്ട് ശിപാർശകൾ ലോക കേരളസഭാ സെക്രട്ടേറിയറ്റിന് സമർപ്പിക്കുകയും അതിൽ സാധ്യമായ പത്ത് ശിപാർശകൾ രണ്ടാം ദിവസ സെഷനിൽ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവൻ വിശദമായി അവതരിപ്പിക്കുകയുമുണ്ടായി. ഈ സെഷൻ ലോക കേരള സഭാംഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ അവരവരുടെ ശിപാർശകൾക്ക് വിശദീകരണം നൽകുകയും ഒട്ടനവധി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലോക കേരളസഭാംഗങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ഈ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലോക കേരളസഭാ സെക്രട്ടേറിയറ്റ് വിശദമായി പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്.

### സെഷൻ: 5 സമാപനം
**(16.02.2019 / 4.00 മണി)**

ആദ്യ മേഖലാ സമ്മേളനത്തിന്റെ സമാപന പ്രസംഗം മുഖ്യമന്ത്രി നിർവ്വഹിക്കുകയും മേഖലാ സമ്മേളനത്തിൽ പങ്കെടുത്ത ലോക കേരളസഭാംഗങ്ങൾക്കും പ്രത്യേക ക്ഷണിതാക്കൾക്കും സംഘടനകൾക്കും മറ്റ് പ്രമുഖ വ്യക്തികൾക്കും നന്ദി അറിയിക്കുകയും ചെയ്തു. ചീഫ് സെക്രട്ടറി കൃതജ്ഞത രേഖപ്പെടുത്തി.





## കാരാട്ട് റസാഖിന്റെ തെരഞ്ഞെടുപ്പ് റദ്ദാക്കിയ വിധിക്ക് സുപ്രീം കോടതിയുടെ സ്റ്റേ

കൊടുവള്ളി എം.എൽ.എ. കാരാട്ട് റസാഖിന്റെ തെരഞ്ഞെടുപ്പ് റദ്ദാക്കിയ ഹൈക്കോടതി നടപടി സുപ്രീം കോടതി സ്റ്റേ ചെയ്തു. നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കാമെങ്കിലും വോട്ട് ചെയ്യാനോ ആനുകൂല്യങ്ങൾ കൈപ്പറ്റാനോ പാടില്ലെന്ന ഉപാധികളോടെയാണ് സ്റ്റേ അനുവദിച്ചിരിക്കുന്നത്.

കൊടുവള്ളി തെരഞ്ഞെടുപ്പിൽ മുസ്ലീം ലീഗ് സ്ഥാനാർത്ഥി എം.എ.റസാഖിനെ വ്യക്തിഹത്യ ചെയ്തുവെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഹർജിയിലായിരുന്നു ഹൈക്കോടതിയുടെ വിധി. എം.എ.റസാഖ് സാമ്പത്തികത്തട്ടിപ്പ് നടത്തിയെന്നാരോപിക്കുന്ന വ്യാജ വീഡിയോ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിച്ചുവെന്നതായിരുന്നു പരാതി.

കാരാട്ട് റസാഖ് കൊടുവള്ളിയിൽ നിന്ന് ഇടത് സ്വതന്ത്രനായാണ് നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്.

## ആദ്യ ലോക്പാൽ അധികാരത്തിൽ

രാജ്യത്തിന്റെ ആദ്യലോക്പാലായി സുപ്രീംകോടതി മുൻ ജഡ്ജി പിനാകി ചന്ദ്രഘോഷിനെ നിയമിച്ചു. ജസ്റ്റിസുമാരായ ദിലീപ് ബി.ഭോസ്‌ലെ, പ്രദീപ് കുമാർ മൊഹന്തി, അഭിലാഷ കുമാരി, അജയ്കുമാർ ത്രിപാഠി എന്നിവർ ജുഡീഷ്യൽ അംഗങ്ങളും അർച്ചനാ രാമസുന്ദരം, ദിനേഷ് കുമാർ ജെയിൻ, മഹേന്ദർസിംഗ്, ഇന്ദർജീത് പ്രസാദ് ഗൗതം എന്നിവർ നോൺ ജുഡീഷ്യൽ അംഗങ്ങളുമാണ്. പ്രധാനമന്ത്രി , സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, ലോക്സഭാ സ്പീക്കർ, ലോക്സഭാ പ്രതിപക്ഷ നേതാവ്, നിയമജ്ഞൻ മുകുൾ റോഹ്തഗി എന്നിവർ അടങ്ങിയ സമിതിയുടെ ശിപാർശ പ്രകാരമാണ് രാഷ്ട്രപതി ലോക്പാൽ നിയമനം നടത്തിയത്. 2014–ൽ ലോക്പാൽ നിയമം നിലവിൽ വന്നെങ്കിലും ലോക്സഭയിൽ പ്രതിപക്ഷ നേതാവില്ല എന്ന സാങ്കേതിക കാരണത്താൽ നിയമന നടപടികൾ വൈകുകയായിരുന്നു. മാർച്ച് 23 ന് പി.സി.ഘോഷ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തു.





## സാമാജികരെ സ്വാഗതം ചെയ്ത് പാർലമെന്റ് ലൈബ്രറി

നിയമനിർമ്മാണ സംബന്ധമായ പുസ്തകങ്ങൾക്ക് പുറമേ വിവിധ തലങ്ങളിൽ നിന്നുള്ള പതിനേഴ് ലക്ഷത്തിൽപ്പരം പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ഉൾക്കൊള്ളുന്ന രാജ്യത്തെ രണ്ടാമത്തെ വലിയ ലൈബ്രറിയായ പാർലമെന്റ് ലൈബ്രറിയിൽ നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി e-Resources, e-Journals, J-Gate Informatics, e-Books, audio books, കാഴ്ചവൈകല്യമുള്ളവർക്കായി ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ബ്രെയിലി സൗകര്യം തുടങ്ങി വിവിധ സംവിധാനങ്ങൾ ഒരുക്കിയിരിക്കുന്നു. ഉപയോക്താക്കൾക്കായി നാഷണൽ ഡിജിറ്റൽ ലൈബ്രറി ഓഫ് ഇന്ത്യയുടെ അംഗത്വവും സജ്ജീകരിച്ചിട്ടുണ്ട്.

ലോക്സഭ–രാജ്യസഭാംഗങ്ങൾ, ഇരുസഭകളിലെയും സെക്രട്ടേറിയറ്റുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് നിയമനിർമ്മാണ സംബന്ധമായ റഫറൻസിനായി ഏർപ്പെടുത്തിയിട്ടുള്ള പാർലമെന്റ് ലൈബ്രറിയിലെ സൗകര്യങ്ങൾ ഇനിമുതൽ സംസ്ഥാന നിയമസഭകളിലേയും കൗൺസിലുകളിലേയും അംഗങ്ങൾക്ക് കൂടി പാർലമെന്റ് ലൈബ്രറിയിൽ നേരിട്ടെത്തി പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ http://parliamentlibraryindia.nic.in എന്ന വെബ്സൈറ്റിലൂടെയും സാമാജികർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താം.

## ജസ്റ്റിസ് സിറിയക് ജോസഫ് ലോകായുക്തയായി ചുമതലയേറ്റു



മുൻ സുപ്രീംകോടതി ജഡ്ജിയും ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആക്ടിങ് ചെയർമാനുമായിരുന്ന ജസ്റ്റിസ് സിറിയക് ജോസഫ് ലോകായുക്തയായി സ്ഥാനമേറ്റു. കേരള ഹൈക്കോടതിയിലും ഡൽഹി ഹൈക്കോടതിയിലും ജഡ്ജിയായിരുന്ന ജസ്റ്റിസ് സിറിയക് ജോസഫ് ഉത്തരാഖണ്ഡ്, കർണ്ണാടക ഹൈക്കോടതികളിൽ ചീഫ് ജസ്റ്റിസായിരുന്നു.

രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണ്ണർ ജസ്റ്റിസ് (റിട്ട) പി.സദാശിവം സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, വനം മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ.രാജു എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## വോട്ടുകളെ ഭിന്നസംഖ്യയായി കണക്കാക്കാൻ കഴിയില്ല : സുപ്രീം കോടതി

അവിശ്വാസ പ്രമേയവും മറ്റും പരിഗണിക്കുന്ന അവസരത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം നിർണ്ണയിക്കുമ്പോൾ വോട്ടുകളെ ഭിന്നസംഖ്യയായി കണക്കാക്കാൻ കഴിയില്ലെന്ന് സുപ്രീം കോടതി. എ.കെ.സിക്രി, അശോക് ഭൂഷൺ, എസ്.അബ്ദുൾ നസീർ എന്നിവർ അംഗങ്ങളായ ബെഞ്ചിന്റേതാണ് വിധി.

മഹാരാഷ്ട്രയിൽ ഗ്രാമപഞ്ചായത്ത് തലവന് എതിരായ അവിശ്വാസപ്രമേയം ചർച്ച ചെയ്യുന്ന യോഗത്തിൽ പങ്കെടുത്ത എട്ടുപേരിൽ ആറുപേർ പ്രമേയത്തെ അനുകൂലിച്ചും 2 പേർ എതിർത്തും വോട്ടുചെയ്യുകയും അനുകൂലിച്ച് വോട്ടു ചെയ്ത അംഗങ്ങളിൽ ഒരാളെ ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ അയോഗ്യയാക്കുകയും ചെയ്തത് സംബന്ധിച്ച തർക്കത്തിലാണ് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചത്. മഹാരാഷ്ട്ര ഗ്രാമപഞ്ചായത്ത് നിയമം 1959 ലെ 35–ാം വകുപ്പ് പ്രകാരം അവിശ്വാസ പ്രമേയം പാസാക്കണമെങ്കിൽ യോഗത്തിൽ പങ്കെടുത്ത ആകെ 8 അംഗങ്ങളിൽ മൂന്നിൽ രണ്ടിൽ കുറയാത്ത ഭൂരിപക്ഷമായ 5.33 എന്നത് അഞ്ച് വോട്ടായിട്ടോ ആറായിട്ടോ പരിഗണിക്കേണ്ടത് എന്നതു സംബന്ധിച്ചായിരുന്നു തർക്കം. അവിശ്വാസ പ്രമേയം പാസായെന്ന് തഹസിൽദാർ ഉത്തരവിട്ടതിനെ തുടർന്ന് ഗ്രാമത്തലവൻ ഹൈക്കോടതിയെ സമീപിച്ചു. തഹസിൽദാരുടെ നടപടി ഹൈക്കോടതി ശരിവച്ചതിനെ തുടർന്ന് ഹർജിക്കാരൻ സുപ്രീം കോടതിയെ സമീപിച്ചു. എട്ടിന്റെ മൂന്നിൽ രണ്ട് എന്നത് 5.33 ആയതിനാൽ ആറ് വോട്ടുണ്ടെങ്കിലേ അവിശ്വാസം പാസാകുകയുള്ളൂ എന്നായിരുന്നു ഹർജിക്കാരന്റെ വാദം. എട്ടംഗങ്ങളിൽ ഒരാൾ അയോഗ്യനായതിനാൽ ഏഴു വോട്ടുകളുടെ അടിസ്ഥാനത്തിലാണ് ഭൂരിപക്ഷം നിർണ്ണയിക്കേണ്ടതെന്ന് തഹസിൽദാർ വാദിച്ചു. വോട്ടുകളെ ഭിന്നസംഖ്യയായി കണക്കാക്കാൻ കഴിയില്ലെന്നും അവിശ്വാസ പ്രമേയം പാസാകണമെങ്കിൽ ആറ് വോട്ട് വേണമെന്നും അവിശ്വാസ പ്രമേയം നിയമപരമായി പാസായിട്ടില്ലെന്നും സുപ്രീം കോടതി വിധിച്ചു.b 5.33 എന്നതിനെ 5 ആയി കണക്കിലെടുക്കുന്ന ഗണിതശാസ്ത്രരീതി വോട്ടുകളുടെ കാര്യത്തിൽ ബാധകമാക്കാനാവില്ല. ആവശ്യമായ വോട്ടുകളുടെ എണ്ണം 5.33 ആണെങ്കിൽ ആറ് അംഗങ്ങളുടെ വോട്ട് ആവശ്യമാണ്.



സുകുമാർ സെൻ



# ആദ്യ ലോക്സഭാ തെരഞ്ഞെടുപ്പ്

ഡോ.ബി.ആർ. അംബേദ്കറിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഭരണഘടന, 1949 നവംബർ 26ന് ഭരണഘടനാ നിർമ്മാണ സമിതി അംഗീകരിക്കുകയും സമിതി അദ്ധ്യക്ഷൻ ഡോ.രാജേന്ദ്രപ്രസാദ് ഒപ്പ് വയ്ക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 1950 ജനുവരി 26 ന് ഭരണഘടന നിലവിൽ വരികയും ഇന്ത്യയെ ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കായി പ്രഖ്യാപിക്കുകയും ചെയ്തതോടെയാണ് പാർലമെന്റിലേക്കും നിയമസഭകളിലേക്കും പുതിയ ഭരണഘടന പ്രകാരമുള്ള തെരഞ്ഞെടുപ്പിന് തുടക്കം കുറിച്ചത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിന്റെ ആദ്യ തെരഞ്ഞെടുപ്പ് നടന്നത് 1951 ഒക്ടോബർ 25 മുതൽ 1952 ഫെബ്രുവരി 21 വരെയായിരുന്നു. 68 ഘട്ടങ്ങളിലായിട്ടായിരുന്നു തെരഞ്ഞെടുപ്പ്.

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേറ്റ സുകുമാർ സെന്നിനു മുന്നിൽ വെല്ലുവിളികൾ ഏറെയായിരുന്നു. വോട്ടവകാശമുള്ള 21 വയസ്സ് പൂർത്തിയാക്കിയവരെ കണ്ടെത്തി വോട്ടർ പട്ടിക തയ്യാറാക്കേണ്ടതുണ്ടായിരുന്നു. സ്വന്തം പേര് വെളിപ്പെടുത്താതെ ഭർത്താവിന്റെ പേരിനോടൊപ്പം ഭാര്യയെന്നും അച്ഛന്റെ പേരിനോടൊപ്പം മകൾ എന്നും വോട്ടർ പട്ടികയിൽ ചേർത്താൽ മതിയെന്ന് നിർബന്ധം പിടിച്ചിരുന്ന സ്ത്രീകൾ, ഇതിനെ അനുകൂലിച്ച് രംഗത്തെത്തിയ സമുദായ സംഘടനകൾ എന്നിങ്ങനെ പല പ്രശ്നങ്ങളേയും അദ്ദേഹത്തിന് നേരിടേണ്ടി വന്നു. പേര് വെളിപ്പെടുത്തുന്നവരെ മാത്രം വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയാൽ മതിയെന്ന കർശന നിർദ്ദേശം സുകുമാർ സെൻ നൽകി. ആകെ ജനസംഖ്യയിൽ എഴുത്തും വായനയും അറിയുന്നവർ 18.33 ശതമാനം മാത്രമുള്ളപ്പോൾ നിരക്ഷരരായ ബഹുഭൂരിപക്ഷത്തെ വോട്ട് ചെയ്യിപ്പിക്കുന്നതെങ്ങനെ എന്നതായിരുന്നു അടുത്ത വെല്ലുവിളി. ആകാശവാണിയിലൂടെയും പത്രങ്ങളിലൂടെയും വൻ പ്രചാരണബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. പോളിംഗ് ബൂത്തുകളിൽ ഓരോ സ്ഥാനാർത്ഥിയുടെയും പേരും ചിഹ്നവും രേഖപ്പെടുത്തിയ പ്രത്യേക നിറത്തിലുള്ള ബാലറ്റ് പെട്ടികൾ ഉപയോഗിച്ചു.

53 രാഷ്ട്രീയ പാർട്ടികളിൽ 14 എണ്ണം ദേശീയ പാർട്ടികളായിരുന്നു. ദ്വയാംഗ മണ്ഡലങ്ങളും ത്രയാംഗ മണ്ഡലങ്ങളും ഉൾപ്പെടെ ആകെ 489 സീറ്റുകളാണ് ആദ്യ തെരഞ്ഞെടുപ്പിൽ ഉണ്ടായിരുന്നത്. 314 മണ്ഡലങ്ങൾ ഏകാംഗ മണ്ഡലങ്ങളും 86 എണ്ണം ദ്വയാംഗ മണ്ഡലങ്ങളും ഒരെണ്ണം ത്രയാംഗ മണ്ഡലവുമായിരുന്നു. 1960 നുശേഷം എല്ലാ മണ്ഡലങ്ങളും ഏകാംഗ മണ്ഡലങ്ങളായി മാറി. 533 സ്വതന്ത്രരടക്കം 1874 സ്ഥാനാർത്ഥികൾ മത്സരരംഗത്തുണ്ടായിരുന്നു. ഒരു സീറ്റിൽ ശരാശരി നാല് പേർ. ആകെയുള്ള 1,96,084 പോളിംഗ് സ്റ്റേഷനുകളിൽ 27,527 എണ്ണം വനിതകൾക്കായി സംവരണം ചെയ്തിരുന്നു.

തെരഞ്ഞെടുപ്പിനായി ബാലറ്റുപേപ്പറുകൾ അച്ചടിച്ചത് നാസിക്കിലെ ഗവൺമെന്റ് ഓഫ് ഇന്ത്യ സെക്യൂരിറ്റി പ്രസ്സിലായിരുന്നു. വോട്ട് ചെയ്യുന്നതിനായി രണ്ട് ലക്ഷത്തി ഇരുപത്തി നാലായിരം പോളിംഗ് ബൂത്തുകൾ സജ്ജീകരിച്ചിരുന്നു. 20 ലക്ഷം ബാലറ്റ് പെട്ടികൾ ഉപയോഗിച്ചു. വോട്ടർമാരുടെ



വിരലുകളിൽ അടയാളമിടാൻ നാല് ലക്ഷം കുപ്പി മഷി വേണ്ടിവന്നു. ഹിമാചൽ പ്രദേശിലെ ചീനി മണ്ഡലത്തിലായിരുന്നു ആദ്യ പോളിംഗ്. അവസാനഘട്ട പോളിംഗ് നടന്നത് ഉത്തർപ്രദേശിലും.

ആദ്യ ലോക്സഭ മുതൽ ഇന്നുവരെ മാറാതെ നിൽക്കുന്ന ചിഹ്നം സി.പി.ഐ. യുടെ അരിവാൾ നെൽക്കതിരാണ്. ഇന്നത്തെ ബി.ജെ.പി.യുടെ പഴയ പേര് ഭാരതീയ ജനസംഘ് എന്നായിരുന്നു. ചിഹ്നം മൺദീപം. നുകം കെട്ടിയ കാളയായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ചിഹ്നം. ഫോർവേർഡ് ബ്ലോക്കിന്റേത് വിടർത്തിയ കൈപ്പത്തിയും. ശക്തമായ ജനാധിപത്യത്തിന് തുടക്കം കുറിച്ച ആദ്യ പൊതുതെരഞ്ഞെടുപ്പിൽ പാർട്ടികൾ അവരുടെ ചിഹ്നങ്ങളെയും സ്ഥാനാർത്ഥികളെയും ജനഹൃദയങ്ങളിൽ എത്തിക്കാൻ കഴിയുന്നവിധം ആവേശകരമായ മുദ്രാവാക്യങ്ങളുണ്ടാക്കി.

1952ലെ ആദ്യ ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഐക്യ കേരളം രൂപം കൊണ്ടിട്ടില്ല. തിരു–കൊച്ചിയും മലബാറും ഉൾപ്പെടുന്നതായിരുന്നു അന്നത്തെ കേരളം. മലബാർ ഉൾപ്പെട്ട മദിരാശി സംസ്ഥാനത്ത് അറുപത്തിരണ്ട് സീറ്റുകൾ ഉണ്ടായിരുന്നു. ഐക്യ കേരള സമരങ്ങളുടെ കാലത്തായിരുന്നു ആദ്യ ലോക്സഭാ തെരഞ്ഞെടുപ്പ്.

ശക്തമായ രാഷ്ട്രീയ അടിത്തറ, വ്യക്തമായ ദേശീയബോധം എന്നിവയിലൂടെ ജനങ്ങളുടെ ആരാധനാപാത്രങ്ങളായ നേതാക്കളായിരുന്നു ആദ്യകാലത്തെ തെരഞ്ഞെടുപ്പിൽ കൂടുതലും മത്സരിച്ചത്. തിരുവനന്തപുരത്ത് മത്സരിച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിന്തുണയോടെ സ്വതന്ത്ര സ്ഥാനാർത്ഥിയായി ആനി മസ്ക്രീൻ, സോഷ്യലിസ്റ്റ് പാർട്ടിയിലെ ടി.കെ.നാരായണ പിള്ള, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ ബാലകൃഷ്ണൻ തമ്പി എന്നിവരായിരുന്നു. 1,16,617 വോട്ട് നേടി ആനി മസ്ക്രീൻ വിജയിച്ചു. നാഗർകോവിലിൽ നിന്ന് തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസിന്റെ എ. നേശമണിയും ദ്വയാംഗമണ്ഡലമായ കൊല്ലം മാവേലിക്കരയിൽനിന്ന് സ്വതന്ത്രസ്ഥാനാർത്ഥിയായി ആർ. വേലായുധനും, ആർ.എസ്.പി.യിലെ എൻ. ശ്രീകണ്ഠൻ നായരും, ചിറയിൻകീഴിൽ നിന്ന് യു.എഫ്.എൽ.ന്റെ വി. പരമേശ്വരൻ നായരും, ചെങ്ങന്നൂരിൽ നിന്നും കോൺഗ്രസ്സിന്റെ കെ.റ്റി. അച്ചുതനും കോട്ടയത്ത് നിന്ന് കോൺഗ്രസിന്റെ പ്രൊഫ.സി.പി. മാത്യുവും, എറണാകുളത്ത് നിന്ന് കോൺഗ്രസിന്റെ എ.എം. തോമസും, തിരുവല്ലയിൽ നിന്ന് കോൺഗ്രസിന്റെ സി.പി. മാത്തനും, ദ്വയാംഗമണ്ഡലമായ മീനച്ചിലിൽ നിന്ന് കോൺഗ്രസ്സ് സ്ഥാനാർത്ഥികളായ പി.റ്റി.ചാക്കോയും, ജോർജ് തോമസ് കൊട്ടുകപ്പള്ളിയും ആലപ്പുഴയിൽ നിന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പി.റ്റി. പുന്നൂസും, തൃശ്ശൂരിൽ നിന്ന് കോൺഗ്രസിന്റെ ചാലക്ക ആർ.ഇയ്യുണ്ണിയും ലോക്സഭയിലെത്തി.

ആദ്യ ലോക്സഭയിലെ നാല് അംഗങ്ങൾ മലബാറിലെ ഒരു വിദ്യാലയത്തിൽ നിന്നുള്ളവരായിരുന്നു. തലശ്ശേരി ബാസൽ ഇവാഞ്ചലിക്കൽ മിഷൻ പാർസി സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കി രാഷ്ട്രീയത്തിലിറങ്ങി ആദ്യ പാർലമെന്റിൽ സ്ഥാനം ലഭിച്ചവരായിരുന്നു കെ.കേളപ്പനും, എ.കെ.ജി.യും, കടയപ്രത്ത് അനന്തൻ നമ്പ്യാരും, നെട്ടൂർ പി.ദാമോദരനും. കണ്ണൂരിൽ നിന്ന് എ.കെ.ജി.യും തലശ്ശേരിയിൽ നിന്ന് നെട്ടൂരും, പൊന്നാനിയിൽ നിന്ന് കെ.കേളപ്പനും, തമിഴ്നാട്ടിലെ മയൂരം മണ്ഡലത്തിൽ നിന്ന് കടയപ്രത്ത് അനന്തൻ നമ്പ്യാരും തെരഞ്ഞെടുക്കപ്പെട്ടു. ആദ്യ തെരഞ്ഞെടുപ്പിൽ മലബാറിൽ കോൺഗ്രസ്സിന് വൻ തിരിച്ചടിയാണുണ്ടായത്.

കണ്ണൂരിൽ എ.കെ.ജി.ക്കെതിരെ മത്സരിച്ചത് സി.കെ.ഗോവിന്ദൻ നായരും, തലശ്ശേരിയിൽ നെട്ടൂരിനെതിരെ മത്സരിച്ച് പരാജയപ്പെട്ടത് ഭരണഘടനാ നിർമ്മാണസഭാംഗമായിരുന്ന പി.കുഞ്ഞിരാമൻ വക്കീലുമായിരുന്നു. കോഴിക്കോട് മണ്ഡലത്തിൽ നിന്ന് മത്സരിച്ച കെ.എ.ദാമോദര മേനോൻ കോൺഗ്രസ്സിലെ പി.ഉമ്മർകോയയെ പരാജയപ്പെടുത്തിയാണ് ആദ്യ ലോക്സഭയിൽ എത്തിയത്.

1951–1952 ലെ പൊതുതെരഞ്ഞെടുപ്പിൽ ആകെയുള്ള 489 സീറ്റുകളിൽ 364 സീറ്റ് (മൊത്തം പോൾ ചെയ്തതിന്റെ 45% വോട്ട്) നേടി ഇന്ത്യൻ നാഷണൽ കോൺഗ്രസ് അധികാരത്തിലെത്തി. 16 സീറ്റുകൾ നേടി കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടാമതും 12 സീറ്റുകൾ നേടി സോഷ്യലിസ്റ്റ് പാർട്ടി (ഇന്ത്യ) മൂന്നാമതും എത്തി. ആദ്യ പാർലമെന്റിൽ ആനി മസ്ക്രീൻ അടക്കം 10 വനിതകൾ ഇടം നേടി. ഔദ്യോഗിക പ്രതിപക്ഷമില്ലായിരുന്നെങ്കിലും എ.കെ. ഗോപാലൻ അനൗദ്യോഗിക പ്രതിപക്ഷ നേതാവായി. ആദ്യ ലോക്സഭയുടെ ആദ്യ സമ്മേളനം 1952 മെയ് 13 നായിരുന്നു. ലോക്സഭയുടെ കാലാവധി 1957 ഏപ്രിൽ 4 ന് അവസാനിച്ചു.





## നിയമസഭാ ലൈബ്രറി
# പുതിയ പുസ്തകങ്ങളിലൂടെ...




അരുൺ ബി. നായർ

**മാനസിക പ്രശ്നങ്ങൾ അറിയാം അകറ്റാം**

പ്രസാ: ഡി.സി. ബുക്ക്സ്, കോട്ടയം, 2017
L: 4.691 32Q7
(മാനസികവൈകല്യങ്ങളും അവയുടെ ചികിത്സാരീതികളും ആധികാരികമായി പ്രതിപാദിക്കുന്ന കൃതി)




നിക്കോസ് കാസാൻദ്സാകീസ്

**ഭ്രാതൃഹത്യകൾ**

**വിവ.സെബാസ്റ്റ്യൻ പള്ളിത്തോട്**
പ്രസാ: ഡി.സി ബുക്ക്സ്, കോട്ടയം 2018
O13, 3 KAZ 32Q8
(1940 കളിൽ ഗ്രീസിലെ ഹിപ്പിറസ് ഗ്രാമത്തിൽ നടന്ന ആഭ്യന്തര കലാപത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ 'The Fatricides' എന്ന ഗ്രീക്ക് നോവലിന്റെ പരിഭാഷ)




ഒ.എൻ.വി

**അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ**

പ്രസാ: ഡി.സി ബുക്ക്സ്, കോട്ടയം, 2017
O32, 1 wN31KUR Q7
(ഒ.എൻ.വി കുറുപ്പിന്റെ ഓർമ്മക്കുറിപ്പുകൾ)




അരുൺ ഷൂരി

**രണ്ട് ആത്മജ്ഞാനികൾ**

ശ്രീരാമകൃഷ്ണപരമഹംസന്റെയും രമണ മഹർഷിയുടെയും ലോകം
പ്രസാ: മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2017
R6w2 32Q7
(ശ്രീരാമകൃഷ്ണ പരമഹംസന്റെയും രമണ മഹർഷിയുടെയും അസാധാരണ യോഗാനുഭൂതികളെക്കുറിച്ച് വിശകലനം ചെയ്യുന്ന ഗ്രന്ഥം)




വേണു

**സോളോ സ്റ്റോറീസ്**

പ്രസാ: മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2018
U8 32Q8
(യാത്രാവിവരണം)




ബിപിൻ ചന്ദ്ര

**ഇന്ത്യയുടെ സാമ്പത്തിക ദേശീയത ഉയർച്ചയും വളർച്ചയും**

വിവ: എ.പി. കുഞ്ഞാമു
പ്രസാ: ഡി.സി ബുക്ക്സ്, കോട്ടയം, 2018
X.2 32Q8
(1880 മുതൽ 1905 വരെയുള്ള ബ്രിട്ടീഷ് ഇന്ത്യയുടെ സാമ്പത്തികാടിത്തറയെക്കുറിച്ച വിവരിക്കുന്ന പഠന ഗ്രന്ഥം)




രവിചന്ദ്രൻ സി.

**വെളിച്ചപ്പാടിന്റെ ഭാര്യ**

**അന്ധവിശ്വാസത്തിന്റെ അറുപത് മലയാള വർഷങ്ങൾ**
പ്രസാ: ഡി.സി ബുക്ക്സ്, കോട്ടയം, 2018
Y:354.21232Q8
(കേരള സമൂഹത്തിലും മലയാളി മനസിലും ആഴത്തിൽ വേരോടിയിരിക്കുന്ന അന്ധവിശ്വാസങ്ങളെയും അബദ്ധധാരണകളെയും അനാവരണം ചെയ്യുന്ന കൃതി)




Yuval Noah Harari

**Sapiens**

**A brief History of Human kind.**
Pub : Vintage Books, London, 2014. G: 66 Q4
(This book surveys the history of humankind from the evolution of archaic human species in the Stone Age up to the twenty-first century, focusing on Homo sapiens.)




Llosa (Mario Vargas)

**THE NEIGHBORHOOD**

Tr : Edith Grossman.
Pub : Faber & Faber, London, 2018
O123,3LLO 111Q8
(A compelling portrait of power and corruption in Peru's recent political history)




V.T.Bhattathiripad

**MY TEARS MY DREAMS**

Tr: Sindhu V. Nair
Pub : Oxford University Press, New Delhi, 2013
O32wM96BHA 111Q3
(English translation of the autobiography of V.T. Bhattathiripad, 'Kanneerum Kinaavum'.)




Sangeetha Sreenivasan

**acid**

Pub : Penguin Books, Gurgaon, 2018
O32,3 SAN 111Q8
(A complex and compelling tale of unconventional relationships steeped in subverted realities.)




Steven Pinker

**THE LANGUAGE INSTINCT**

How the mind creates language.
Pub : Penguin Books, UK, 2015.
P Q5
(In this classic, the world's expert on language and mind lucidly explains everything you always wanted to know about language: how it works, how children learn it, how it changes, how the brain computes it, and how it evolved.)




Manu S. Pillai

**REBEL SULTANS**

**The Deccan from Khilji to Shivaji**
Pub : Juggernaut books, New Delhi, 2018.
V2c'L>G Q8
(The author narrates the story of the Deccan from the end of the 13th century to the dawn of the 18th. The book travels through time from the age of Alauddin Khilji to Shivaji's ascent, witnesses Vijaynagar's rise and fall, intrigues at the Bahmani kings' courts and the scheming of the Rebel Sultans who overthrew them.)




Rajan Gurukkal & M.R.RaghavaVarier

**History of Kerala**

Prehistoric to the Present.
Pub : Orient Black swan, Hyderabad, 2018.
V212 Q8
(This book provides a concise and lucid outline of the history of Kerala, formation of agrarian settlements, the formation of states, overseas trade, Mysorean invasions, British dominance, peasant reform movement etc.)




N.P.Ullekh

**KANNUR**

**Inside India's bloodiest revenge politics.**
Pub : Penguin books, Gurgaon, 2018.
W(Y:458).212 Q8
(A book on half-a-century-old volatile history of north Kerala explores the reasons, motivations and the local lore of 'India's bloodiest revenge politics'.)




Tarangini Sriraman

**In Pursuit of Proof**

A History of Identification Documents in India.
Pub : Oxford University Press, New Delhi, 2018
X:958.2 Q8
(It explains the history of making and verifying identification documents, ration cards, refugee registration certificates, permits, licences, affidavits, Aadhaar etc.)



അക്ഷരധ്വനി



**വി.കെ.ബാബുപ്രകാശ്**
സെക്രട്ടറി, കേരള നിയമസഭ

# പ്രണയവും മൂലധനവും

അമേരിക്കൻ പത്രപ്രവർത്തകയും എഴുത്തുകാരിയുമായ മേരി ഗബ്രിയേൽ, കാൾ മാർക്സിന്റെയും അദ്ദേഹത്തിന്റെ പത്നി ജന്നി വോൻ വെസ്റ്റ്ഫാലന്റെയും ജീവിതകഥ ഉൾക്കൊള്ളിച്ച് രചിച്ച മനോഹരമായ പുസ്തകമാണ് പ്രണയവും മൂലധനവും (Love and Capital). പുസ്തകത്തിലുടനീളം മാർക്സ് എന്ന ചിന്തകന്റെയും എഴുത്തുകാരന്റെയും എഴുതാനുള്ള ത്വരയും, രാഷ്ട്രീയ തത്വശാസ്ത്ര നിലപാടുകളും, ജന്നി തന്റെ ഗാർഹികവൃത്തിയിൽ അനുഭവിക്കുന്ന പ്രയാസങ്ങളും ദാരിദ്ര്യവും ഒപ്പം മാർക്സിനോടുള്ള വിശ്വാസ്യത പുലർത്തുന്ന പ്രണയവും ആരാധനയും പ്രകടമാക്കുന്ന ഒരു കൃതിയാണിത്. പലതരത്തിലുള്ള സാമ്പത്തിക, വൈകാരിക പ്രശ്നങ്ങൾ ഇവരുടെ ജീവിതത്തെ പലപ്പോഴായി ഉലയ്ക്കുകയും അലോസരപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും പരസ്പരം വിശ്വാസം പുലർത്തി ഇരുവരും മരണം വരെ വേർപിരിയാതെ തുടർന്നു. കിഴക്കൻ യൂറോപ്പിൽ കമ്മ്യൂണിസം തകരുകയും, പടിഞ്ഞാറൻ മുതലാളിത്വം സാമ്പത്തിക ഞെരുക്കത്തിൽ എത്തുകയും, ആധുനിക ആഗോളീകരണ സാമ്പത്തിക നവ കോർപ്പറേറ്റ് ഭീമൻമാർ ലോക കമ്പോളം കൈയടക്കാൻ ശ്രമിക്കുമ്പോഴും ഏവരും ഗൗരവമായി കാണുന്ന സാമ്പത്തിക തത്വശാസ്ത്രം മാർക്സിസം ആണെന്നത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും മാർക്സിസത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നുവെന്ന് ഗ്രന്ഥകാരി പുസ്തകത്തിൽ പ്രഖ്യാപിക്കുന്നുണ്ട്.

1851 ലെ ശരത്കാല ലണ്ടൻ. കട്ടപിടിച്ച മഞ്ഞുമറക്കിടയിലൂടെ ഫ്രാൻസ്, ഇറ്റലി, ഹംഗറി, അയർലാന്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് ആയിരക്കണക്കിന് അഭയാർത്ഥികൾ ലണ്ടൻ നഗരത്തിൽ വന്നു ചേർന്നുകൊണ്ടിരുന്നു. എങ്ങനെയെങ്കിലും ജീവിതത്തിൽ പിടിച്ച് നിൽക്കുന്നതിനായി ലണ്ടനിൽ അവർ പലതരം വ്യാപാരത്തിലും തൊഴിലിലും വ്യാപൃതരായിക്കൊണ്ടിരുന്നു. എന്തിനേറെ, വ്യഭിചാരത്തിൽ പോലും അവർ മടികൂടാതെ ഏർപ്പെട്ടിരുന്നു. സ്വന്തം മാതൃരാജ്യങ്ങളിൽ നിന്ന് രാഷ്ട്രീയ പ്രവർത്തനങ്ങൾ മൂലമോ, ക്ഷാമം മൂലമോ, ദാരിദ്ര്യം കൊണ്ടോ, മറ്റ് സാഹചര്യങ്ങൾ മൂലമോ പലായനം ചെയ്തവരാണവർ. അവരിൽ കൂടുതൽ പേരും രാഷ്ട്രീയ അഭയാർത്ഥികളായിരുന്നു. ലണ്ടനിലെ ഡീൻ തെരുവിലെ ഇരുണ്ടതും ഇടുങ്ങിയതുമായ ഒരു മൂന്നുനില കെട്ടിടത്തിലെ രണ്ട് മുറികളിൽ 33 വയസുകാരനായ ഒരു ജർമൻ പ്രഷ്യൻ തന്റെ ഭാര്യയും രണ്ട് കുട്ടികളുമായി താമസിച്ചിരുന്നു. പ്രഷ്യയിലെ ഫ്രെഡറിക് വിൽഹം രണ്ടാമൻ ചക്രവർത്തിക്കെതിരെ രാഷ്ട്രീയ നിലപാട് സ്വീകരിച്ചതിനാൽ പ്രഷ്യയിൽ നിന്ന് പുറത്താക്കപ്പെട്ടയാൾ. പ്രഷ്യയിലെ റൈനിൽ നിന്ന് ഫ്രാൻസിലേക്കും അവിടെ നിന്ന് ബെൽജിയത്തിലേക്കും ഒടുവിൽ അവിടെ നിന്ന് ലണ്ടനിലെ ഡീൻ തെരുവിലേക്കും പലായനം ചെയ്തതാണ് അദ്ദേഹം. പൗരത്വമില്ലാത്ത ഒരു പൗരൻ. അതായിരുന്നു കാൾമാർക്സ്. അദ്ദേഹത്തിന്റെ പത്നി ജന്നിവോൻ വെസ്ററ്ഫാലൻ പ്രഷ്യൻ ചക്രവർത്തിയുടെ കുടുംബത്തിൽപ്പെട്ട പ്രഭ്വി ആയിരുന്നു. മാർക്സിനെ ജന്നി പ്രണയിച്ച് വിവാഹം കഴിച്ചതായിരുന്നു. മാർക്സിനെയും കുടുംബത്തെയും ലണ്ടനിൽ സഹായിച്ചിരുന്നത് മാഞ്ചസ്റ്ററിൽ ടെക്സ്റ്റയിൽ വ്യാപാരിയും ധനികനുമായിരുന്ന സുഹൃത്തായ മറ്റൊരു ജർമൻകാരൻ ഫെഡറിക് ഏംഗൽസ് ആയിരുന്നു.

എഴുത്തല്ലാതെ മറ്റൊരു തൊഴിലിലും മാർക്സ് ഏർപ്പെട്ടിരുന്നില്ല. അക്കാലത്ത് മാർക്സ് കമ്മ്യൂണിസ്റ്റ് മാനി ഫെസ്റ്റോയുടെ




രചനയിലായിരുന്നു. മാർക്സിനോടൊപ്പം എഴുത്തിന്റെ ചരിത്രത്തിൽ തൽസമയം മറ്റ് ചില വിശിഷ്ട വ്യക്തികളും പുസ്തക രചനയിലായിരുന്നു. ചാൾസ് ഡാർവിൻ തന്റെ പരിണാമ സിദ്ധാന്തം സംബന്ധിച്ച പുസ്തകവും ചാൾസ് ഡിക്കൻസ് തന്റെ വിശ്വവിഖ്യാതമായ ഡേവിഡ് കോപ്പർ ഫീൽഡ് എന്ന ഗ്രന്ഥവും മാർക്സിനോടൊപ്പം എഴുതിക്കൊണ്ടിരുന്നു. ഫാക്ടറി തൊഴിലാളികളുടെ ദാരിദ്ര്യവും ദുരിതവും ചൂഷണവും ഇല്ലാതാക്കാൻ ശാസ്ത്രീയ അടിത്തറയിൽ ഒരു സാമ്പത്തിക തത്വശാസ്ത്ര ഗ്രന്ഥം രചിക്കുവാൻ ഏംഗൽസ് മാർക്സിനെ പ്രേരിപ്പിച്ചതിലൂടെയാണ് തന്റെ വിശിഷ്ട ഗ്രന്ഥമായ മൂലധനം എഴുതുന്നതിനായി പിന്നീട് മാർക്സ് ശ്രദ്ധതിരിക്കുന്നത്. മൂലധനം നല്ല വിൽപ്പന സാധ്യമാക്കുമെന്നും അതിലൂടെ ലഭിക്കുന്ന റോയൽറ്റിയിലൂടെ തന്റെ ദാരിദ്ര്യവും പണപ്രയാസവും മറികടക്കാമെന്നും മാർക്സ് സ്വപ്നം കണ്ടു. എന്നാൽ പതിനാറ് കൊല്ലം എടുത്ത് 1876 ലാണ് മൂലധനം പൂർണ്ണമാക്കാൻ മാർക്സിന് കഴിഞ്ഞത്. ജർമ്മനിയിലെ ഹാംബെർഗിൽ





മേരി ഗബ്രിയേൽ

ജർമ്മൻ ഭാഷയിൽ രചിച്ച മൂലധനത്തിന്റെ ആദ്യ ആയിരം കോപ്പികൾ പ്രകാശനം ചെയ്യപ്പെട്ടു. എന്നാൽ മാർക്സിന്റെയും ജന്നിയുടെയും ഏംഗൽസിന്റെയും പ്രതീക്ഷകളെ തകിടം മറിച്ചുകൊണ്ട് പുസ്തകം ഒട്ടും തന്നെ വായനക്കാർ സ്വീകരിച്ചില്ല. പുസ്തകം വിൽപ്പനയിൽ വൻ പരാജയമായിരുന്നു. 1883 മാർച്ച് 14 ന് ലണ്ടനിലെ തന്റെ മുറിയിലെ ചാരുകസേരയിൽ മരണത്തിന് മാർക്സ് കീഴ്പ്പെട്ടശേഷം അദ്ദേഹത്തിന്റെ കൈപ്പട കുറിപ്പുകൾ ശേഖരിച്ച് മൂലധനത്തിന്റെ രണ്ടും മൂന്നും വാല്യങ്ങൾ പിന്നീട് ഏംഗൽസ് പ്രസിദ്ധീകരിക്കുകയുണ്ടായി. മാർക്സിന്റെ മരണശേഷം ചെറുപ്പക്കാരനായിരുന്ന വ്ളാഡിമർ ലെനിൻ റഷ്യൻ ഭാഷയിൽ മൂലധനം വിവർത്തനം ചെയ്യുകയുണ്ടായി. അത് റഷ്യയിൽ വൻ വിജയമാകുകയും ചെയ്തു. 1917 ൽ ലെനിന്റെ നേതൃത്വത്തിൽ റഷ്യൻ വിപ്ലവം നടപ്പിലായത് മൂലധനത്തിന് റഷ്യയിൽ ലഭിച്ച പ്രചാരമായിരുന്നു. മൂലധനം രചിക്കുന്ന സമയത്ത് ഷേക്സ്പിയർ, ക്രിസ്റ്റഫർ മാർലോ, ഫ്രാൻസിസ് ബെക്കൻ, ബെൻ ജോൺസൺ തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ ആവേശത്തോടെ മാർക്സ് വായിച്ചിരുന്നു. മൂലധനം ഇംഗ്ലീഷ് ഭാഷയിൽ രചിക്കണമെന്ന് മാർക്സിന് അതിയായ ആഗ്രഹമുണ്ടായിരുന്നു. ഷേക്സ്പിയറിന്റെ സമഗ്രകൃതികളെ പ്രതിപാദിക്കുന്ന ഒരു വലിയ ഗ്രന്ഥം ഇംഗ്ലീഷിൽ രചിക്കണമെന്ന് മാർക്സ് ആഗ്രഹിച്ചിരുന്നു. എന്നാൽ മാർക്സിന്റെ മൂലധനം എന്ന ബൃഹദ് ഗ്രന്ഥം ആധുനിക സമൂഹം ഗൗരവത്തോടെ ഉൾക്കൊള്ളുകയോപഠനവിധേയമാക്കുകയോ ചെയ്തില്ലായെന്നത് വലിയ പോരായ്മയായി ഗ്രന്ഥകാരി മേരി ഗബ്രിയേൽ പുസ്തകത്തിൽ ഉന്നയിക്കുന്നുണ്ട്. മാർക്സിന്റെ ആരാധകനായിരുന്ന ജോർജ് ബെർണാഡ് ഷാ പറഞ്ഞിട്ടുള്ളത് വളരെ പ്രസക്തമാണ്. "ഒരു മനുഷ്യനാലാകാത്ത വിധം സാഹിത്യത്തിന് സംഭാവന നൽകിയ അതുല്യ പ്രതിഭ ആയിരുന്നു മാർക്സ്. മാർക്സ് ലോക മനസാക്ഷിയെ മാറ്റി മറിച്ച പ്രതിഭാസമായിരുന്നു".

ഗഹനവും ഗൗരവകരമായി രചിച്ചതുമായ പ്രണയവും മൂലധനവും എന്ന ഗ്രന്ഥത്തിന്റെ ഭാഷ മനോഹരവും ലളിതവുമാണ്. മാർക്സിന്റെയും ജന്നിയുടെയും കുടുംബ ജീവിതവും രണ്ട് കുട്ടികളുടെ മരണവും വായനക്കാരുടെ കണ്ണുകൾ നനയിപ്പിക്കുംവിധം ഗ്രന്ഥകാരി രചിച്ചിട്ടുണ്ട്. ലോകത്തിന്റെ സാമ്പത്തിക ഘടന മാറ്റിമറിച്ച് തൊഴിലാളികളുടെയും പാവപ്പെട്ടവരുടെയും ദാരിദ്ര്യവും ചൂഷണവും ഇല്ലാതാക്കി സമത്വസുന്ദരമായ ഒരു ലോകം കെട്ടിപ്പടുക്കുന്നതിനായി എല്ലാത്തരം ചിന്താധാരണകളെയും പൊളിച്ചടുക്കുവാൻ കഴിഞ്ഞ മാർക്സ് എന്ന അതുല്യ മനുഷ്യൻ മരണം വരെ ദാരിദ്ര്യത്തിലും സാമ്പത്തിക അരാജകത്വത്തിലുമാണ് ജീവിച്ചിരുന്നതെന്നത് വായനക്കാരനെ അത്ഭുതപ്പെടുത്തുന്നു. മാർക്സും ഏംഗൽസും തമ്മിലുള്ള ദൃഢവും വിശ്വാസപൂർണ്ണവുമായ സൗഹൃദവും ഏവരെയും അത്ഭുതപ്പെടുത്തുന്നു. മാർക്സിന്റെ മരണശേഷം മൂലധനത്തിന്റെ രണ്ടും മൂന്നും വാല്യങ്ങൾ ഏംഗൽസ് പ്രസിദ്ധീകരിച്ചത് മാർക്സിന്റെ പേരിൽ ആയിരുന്നു. അതിൽ നിന്ന് ലഭിച്ച റോയൽറ്റി തുക മുഴുവനും ഏംഗൽസ് ജെന്നിക്കും മക്കൾക്കും നൽകിയെന്നത് കാണുമ്പോൾ ഏംഗൽസ് എന്ന മഹാസുഹൃത്തിനെ ആദരപൂർവ്വം സ്മരിക്കുവാൻ വായനക്കാരന് തോന്നുന്നു. മാർക്സിന്റെ മരണസമയം സാമ്പത്തിക ഞെരുക്കം മൂലം അദ്ദേഹത്തിന്റെ ഭൗതിക ശരീരം അടക്കം ചെയ്തത് പടിഞ്ഞാറൻ ലണ്ടനിലെ ഹൈഗേറ്റ് ശ്മശാനത്തിൽ പാപ്പരായവരെ അടക്കുന്ന പൊതു ശ്മശാനത്തിലായിരുന്നു. അവിടെ ഏംഗൽസ് നടത്തിയ പ്രസംഗം ഹൃദയസ്പർശിയായിരുന്നുവെന്നും മരണചടങ്ങിൽ പങ്കെടുത്ത ലെനിൻ രേഖപ്പെടുത്തുന്നു. പിന്നീട് മൂലധനത്തിന്റെ രണ്ടും മൂന്നും വാല്യങ്ങളുടെ വിജയത്തിലൂടെ ലഭിച്ച പണം ഉപയോഗിച്ച് ജെന്നിയും ഏംഗൽസും ഹൈഗേറ്റിൽ മാർക്സിന് ഒരു ശവകുടീരം പണിയുകയുണ്ടായി. ആദ്യതാൾ മുതൽ അവസാന താൾവരെ അതീവ ജാഗ്രതയോടും ഹൃദ്യമായും വായിക്കപ്പെടുന്ന ഒരു ഗ്രന്ഥമാണ് പ്രണയവും മൂലധനവും.

# കടയ്ക്കൽ നിന്നൊരു കാർ പൂളിംഗ്




തിരുവനന്തപുരം നഗരത്തിൽ നിന്നും 50 കിലോമീറ്റർ അകലെയുള്ള ഒരു ഗ്രാമമാണ് കടയ്ക്കൽ. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായ സമരങ്ങളിലൊന്നിന്റെ ഭൂമിക കൂടിയാണ് യാത്രാസൗകര്യങ്ങൾ വളരെ കുറവായിരുന്ന ഈ കാർഷിക ഗ്രാമം. കടയ്ക്കലിൽ നിന്നും തിരുവനന്തപുരത്ത് ഉദ്യോഗസ്ഥരായെത്തിയ ചിലർ 1995 കാലഘട്ടത്തിൽ പുതിയ ഒരു യാത്രാപദ്ധതി ആവിഷ്കരിച്ചു. കാർ പൂളിംഗ് എന്നത് തിരുവനന്തപുരം നഗരത്തിൽത്തന്നെ അത്ര പതിവില്ലാതിരുന്ന ഒരു കാലത്ത് കടയ്ക്കലിൽ നിന്നുള്ള സർക്കാർ ഉദ്യോഗസ്ഥർ തിരുവനന്തപുരത്തേയ്ക്ക് ഒരു മഹീന്ദ്ര ജീപ്പ് സർവ്വീസിന് തുടക്കം കുറിച്ചു. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ജോയിന്റ് സെക്രട്ടറി തസ്തികയിൽ വിരമിച്ച കെ.പുരുഷോത്തമൻ അസിസ്റ്റന്റായിരിക്കെയാണ് ഇതിന് മുൻകൈ എടുത്തത്. രണ്ടാം ലോക മഹായുദ്ധ കാലയളവിൽ അമേരിക്കയിലാണ് കാർപൂളിംഗ് വ്യാപകമായത്. 1973 ലെയും 1979 ലെയും ഇന്ധന ക്ഷാമം അക്കാലത്ത് കാർപൂളിംഗ് വ്യാപകമാകുന്നതിന് കാരണമായി.

'ചന്ദന' എന്ന ഈ സഞ്ചാര മാതൃകയ്ക്ക് ഇത് 25–ാം വാർഷികമാണ്. ആ യാത്രയും കാലവും ഒരനുഭവം തന്നെയെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥയായ കെ. ഷൂജ പറയുന്നു. 25 വർഷം മുമ്പ് തുടങ്ങിവച്ച കാർ പൂളിംഗ് സംരംഭം വളർന്ന് വികസിച്ചിരിക്കുന്നു. ഇന്ന് മൂന്നിലധികം വാഹനങ്ങളുണ്ട് കടയ്ക്കൽ കാർപൂളിംഗിൽ. പഴയ മഹീന്ദ്ര ജീപ്പിന്റെ സ്ഥാനത്ത് പുതുതലമുറ വാഹനങ്ങളെത്തിയിരിക്കുന്നു. യാത്രാസൗകര്യം കുറവായ എത്രയോ സ്ഥലങ്ങളിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് സർക്കാർ ഉദ്യോഗസ്ഥരെത്തുന്നു. 25 വർഷം പൂർത്തിയാക്കുന്ന 'ചന്ദന' ഒത്തൊരുമയുടെ കടയ്ക്കൽ മാതൃക കൂടിയാണ്. നിയമസഭാ സെക്രട്ടേറിയറ്റിന്റെ ആദ്യ കാർ പൂളിംഗ്.

# ട്രാവൻകൂർ തമിഴ്നാട് കോൺഗ്രസ്

തിരുവിതാംകൂറിന്റെയും തിരു–കൊച്ചിയുടേയും രാഷ്ട്രീയ ഭൂപടത്തിൽ നിർണ്ണായകസ്ഥാനം ഉണ്ടായിരുന്ന രാഷ്ട്രീയ പ്രസ്ഥാനമായിരുന്നു ട്രാവൻകൂർ തമിഴ്നാട് കോൺഗ്രസ്. നാഞ്ചിനാട് കേന്ദ്രമാക്കിയാണ് ട്രാവൻകൂർ തമിഴ്നാട് കോൺഗ്രസ് പ്രധാനമായും പ്രവർത്തിച്ചത്. തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട് എന്നീ താലൂക്കുകൾ ചേർന്ന തെക്കൻ തിരുവിതാംകൂർ പ്രദേശങ്ങളാണ് നാഞ്ചിനാട് എന്ന് അറിയപ്പെട്ടിരുന്നത്. മലയാള ഭൂരിപക്ഷ പ്രദേശമാണെങ്കിലും തമിഴ് വിഭാഗത്തിലെ കൃഷിക്കാരും സാധാരണക്കാരും തിങ്ങിനിറഞ്ഞ മേഖലയായിരുന്നു നാഞ്ചിനാട്. ഭൂരിപക്ഷമായ മലയാളികൾക്കു മുമ്പിൽ ഭരണ വിദ്യാഭ്യാസ മേഖലകളിൽ വിവേചനം നേരിടുന്നുവെന്ന ചിന്ത ഭാഷാന്യൂനപക്ഷമായ തമിഴരിൽ ശക്തമായിരുന്നു.

തിരുവിതാംകൂറിലെ സർക്കാർ സർവ്വീസിൽ മലയാളികൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കണമെന്നാവശ്യപ്പെട്ട് 1891ൽ 'മലയാളി മെമ്മോറിയൽ' സമർപ്പിക്കപ്പെട്ടു. ഇത് നാഞ്ചിനാട്ടിലെ തമിഴ് വിഭാഗങ്ങളെ അസ്വസ്ഥരാക്കി. മലയാളി മെമ്മോറിയലിന് ബദലായി ഒരു ബദൽ മെമ്മോറിയൽ അവർ ശ്രീമൂലം തിരുനാൾ മഹാരാജാവിന് സമർപ്പിച്ചു. ഇതിനെത്തുടർന്നുണ്ടായ അസ്വാരസ്യങ്ങളാണ് തിരുവിതാംകൂറിൽ തന്നെ തമിഴ് വിഭാഗങ്ങൾക്ക് പ്രത്യേക ജില്ല എന്ന ആവശ്യത്തിലേക്കും പിന്നീട് തമിഴ് സംസാരിക്കുന്ന താലൂക്കുകൾ തമിഴ്നാട് സംസ്ഥാനത്തിന്റെ ഭാഗമാകണമെന്ന ആവശ്യത്തിനും വഴിവച്ചത്. തിരുവിതാംകൂറിലെ മലയാളികൾക്കിടയിൽ തങ്ങൾ രണ്ടാംകിട പൗരന്മാരാകുമോ എന്ന സംശയം തെക്കൻ തിരുവിതാംകൂറിലെ തമിഴ് ജനതയെ രാഷ്ട്രീയമായി സംഘടിപ്പിക്കുന്നതിൽ നിർണ്ണായകമായി.

1921–38 കാലഘട്ടത്തിൽ തിരുവിതാംകൂറിൽ ഉത്തരവാദിത്തഭരണത്തിന് വേണ്ടിയുള്ള പോരാട്ടങ്ങൾ വളർന്നുവന്നു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ (TSC) പിറവിയോടെ ഈ പ്രക്ഷോഭങ്ങൾക്ക് പുതിയ ദിശാബോധമുണ്ടായി. വിദ്യാർത്ഥികളും വിദ്യാസമ്പന്നരും TSC ക്കു പിന്നിൽ അണിനിരക്കുന്നത് മനസ്സിലാക്കിയ ദിവാൻ സി.പി. രാമസ്വാമി അയ്യർ TSC യുടെ പിന്തുണ ഇല്ലാതാക്കുന്നതിനുള്ള രാഷ്ട്രീയ കരുനീക്കങ്ങൾ നടത്തി. അതിലൊന്ന് തെക്കൻ തിരുവിതാംകൂറിലെ തമിഴ് പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുക എന്നതായിരുന്നു. തെക്കൻ തിരുവിതാംകൂറിലെ തമിഴ്വിഭാഗം രണ്ടാംകിടക്കാരായാണ് കഴിയുന്നതെന്നും ആയതിനാൽ ഒരു പ്രത്യേക തമിഴ് ജില്ലതന്നെ വേണമെന്നും 1938–ൽ തമിഴ്നാട് കോൺഗ്രസ് കമ്മിറ്റി ആവശ്യപ്പെടുകയുണ്ടായി. അഗസ്തീശ്വരം താലൂക്കിലെ രാജാക്കമംഗലത്ത് 1938 ഒക്ടോബർ 11 ന് നടന്ന തമിഴ് കോൺഫറൻസ് ഇതേ ആവശ്യമുന്നയിച്ച് പ്രമേയം പാസാക്കി. 1939 – 45 കാലഘട്ടത്തിൽ തമിഴ് വിഭാഗക്കാർ രാഷ്ട്രീയപരമായി യോജിക്കുകയും 'നാഞ്ചിൽ തമിഴർ കോൺഗ്രസ്'' എന്ന സംഘടന രൂപീകരിക്കുകയും ചെയ്തു.

1945 ആയപ്പോഴേയ്ക്കും ഐക്യകേരളം എന്ന ആവശ്യം കൂടുതൽ ശക്തമായി. കാസറഗോഡ് മുതൽ കന്യാകുമാരി വരെയുള്ള പ്രദേശങ്ങൾ ഐക്യകേരളത്തിൽ ഉൾപ്പെടണമെന്ന് TSC ആഗ്രഹിച്ചു. തമിഴ് താലൂക്കുകൾ തമിഴ്നാടുമായി ചേരണമെന്നാണ് ആർ.കെ.റാം, പി.എസ്.മണി, ആർ. ഈശ്വർ തുടങ്ങിയ തമിഴ് ന്യൂനപക്ഷ നേതാക്കൾ ആഗ്രഹിച്ചത്. 1945 ഡിസംബർ 16 ന് നാഗർകോവിലിൽ ചേർന്ന സമ്മേളനത്തിൽ നാഞ്ചിൽ തമിഴർ കോൺഗ്രസ് എന്ന സംഘടനയെ All Travancore Tamilian Congress(ATTC) എന്ന് പുനർ നാമകരണം ചെയ്തു. സാം നഥാനിയേൽ ആയിരുന്നു ആദ്യ പ്രസിഡന്റ്. ATTC യുടെ കീഴിൽ രാഷ്ട്രീയ ലക്ഷ്യം നേടാൻ തമിഴ് ന്യൂനപക്ഷ വിഭാഗം ശ്രമിക്കുകയും തമിഴ്നാട്ടിൽ നിന്നുള്ള രാഷ്ട്രീയ–സാമൂഹിക–സാംസ്കാരിക രംഗത്തുള്ളവരുടെ പിന്തുണ ആർജ്ജിക്കുകയും ചെയ്തു. 1946 ജൂണിൽ ATTC ട്രാവൻകൂർ തമിഴ്നാട് കോൺഗ്രസ് (TTNC) എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടു. വളരെപ്പെട്ടെന്നുതന്നെ സംഘടന പ്രദേശത്ത് നിർണ്ണായക സ്വാധീനശക്തിയായി മാറി. ഇന്ത്യൻ നാഷണൽ കോൺഗ്രസിലും ട്രാവൻകൂർ സ്റ്റേറ്റ് കോൺഗ്രസിലും നിർണ്ണായകസ്വാധീനമുണ്ടായിരുന്ന മലയാളി നേതാക്കൾ TTNC നേതാക്കൾക്ക് അർഹമായ പരിഗണന നൽകാതെ അവരെ


എ. നേശമണി

തമിഴ് സ്വാധീനമേഖലകളിൽ ഒതുക്കി നിർത്താൻ ശ്രമിച്ചത് പിൽക്കാലത്ത് നാഞ്ചിനാടിനെ തിരുവിതാംകൂറിൽ നിന്നും അടർത്തിമാറ്റുന്നതിന് കാരണമായതായി വിലയിരുത്തപ്പെടുന്നു.

1946 ജൂലൈ 29 ലെ വിളംബരത്തിൽ കൊച്ചി മഹാരാജാവ് ഐക്യ കേരളത്തിനനുകൂലമായതും ശ്രീമൂലം അസംബ്ലിയിലെ ചില അംഗങ്ങൾ ഇതിനോട് താല്പര്യം കാട്ടിയതും തമിഴ് വിഭാഗത്തെ ചൊടിപ്പിച്ചു. കൊച്ചി മഹാരാജാവിന്റെ വിളംബരത്തെ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് സ്വാഗതം ചെയ്തത് TTNC യുടെ ശക്തമായ എതിർപ്പിന് കാരണമായി. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ വാർഷികസമ്മേളനം നാഞ്ചിനാട്ടിൽ നടത്തുന്നതിനെ എതിർക്കുന്ന സാഹചര്യം വരെ ഉടലെടുത്തു. വർദ്ധിച്ചുവരുന്ന തമിഴ് വികാരം ഒരു ഭീഷണിയായി ദിവാൻ കണക്കാക്കുകയും തിരുവിതാംകൂറിലെ തമിഴ് പ്രസ്ഥാനങ്ങളെ അടിച്ചമർത്തുന്നതിനായി സർക്കാർസംവിധാനം ഉപയോഗിക്കുകയുമുണ്ടായി. ഇതിനെത്തുടർന്നുണ്ടായ പോലീസ് ഏറ്റുമുട്ടൽ TTNC അനുകൂല വികാരം ജനങ്ങളിൽ സൃഷ്ടിച്ചു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ തിരുവിതാംകൂർ ഭരണാധികാരി തീരുമാനിച്ചപ്പോൾ ഈ രാഷ്ട്രീയ സാഹചര്യം മുതലെടുക്കുന്നതിനായി തിരുവിതാംകൂർ ശ്രീമൂലം അസംബ്ലിയിൽ അംഗമായിരുന്ന എ.നേശമണിയെ TTNC നേതൃസ്ഥാനമേൽപ്പിക്കുകയുണ്ടായി. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസുമായുള്ള പ്രശ്നങ്ങളെത്തുടർന്നുള്ള പ്രതികൂല സാഹചര്യങ്ങൾക്കിടയിലും TTNC തെരഞ്ഞെടുപ്പ് പ്രചാരണങ്ങളും പൊതുചടങ്ങുകളും സംഘടിപ്പിക്കുകയുണ്ടായി. കൽക്കുളം താലൂക്കിലെ മങ്കാട് നടന്ന തെരഞ്ഞെടുപ്പ് പ്രചാരണയോഗത്തിൽ പോലീസ് വെടിവയ്പും ലാത്തിചാർജ്ജും ഉണ്ടായി. നേതാക്കൾക്കും അണികൾക്കും എതിരെയുണ്ടായ നടപടികൾക്കും തെരഞ്ഞെടുപ്പ് ദിവസമുണ്ടായ അനിഷ്ട സംഭവങ്ങൾക്കുമിടയിലും മത്സരിച്ച 18 അസംബ്ലി സീറ്റുകളിൽ 14 ലും TTNC വിജയിച്ചു.

1949 ജൂലൈ 1 ന് കൊച്ചിരാജ്യം തിരുവിതാംകൂറുമായി ചേർന്ന് തിരു–കൊച്ചി സംസ്ഥാനം രൂപീകരിക്കുകയുണ്ടായി. ഐക്യകേരളം രൂപപ്പെടുന്നത് TTNC യെ അസ്വസ്ഥമാക്കുകയും അതിനെത്തുടർന്നുണ്ടായ പ്രക്ഷോഭങ്ങളിൽ നിരവധി TTNC നേതാക്കൾ അറസ്റ്റിലാകുകയും ചെയ്തു. ഇത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുകയും സർദാർ വല്ലഭായ് പട്ടേലിന്റെ ഇടപെടലിനെത്തുടർന്ന് കെ.കാമരാജിന്റെ നേതൃത്വത്തിൽ പ്രശ്നപരിഹാരത്തിനായി ശ്രമിക്കുകയും അറസ്റ്റിലായവരെ വിട്ടയയ്ക്കുകയും ചെയ്തു.

TTNC നേതാക്കൾ AICC (All



India Congress Committee) യുമായി ബന്ധപ്പെട്ട് തെക്കൻ തിരുവിതാംകൂറിലെ നാല് തമിഴ് പ്രാമുഖ്യമുള്ള താലൂക്കുകൾ ചേർത്ത് നാഗർകോവിൽ ജില്ലാ കോൺഗ്രസ് കമ്മിറ്റി രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടു. കേരളാ പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ ഇടപെടലിൽ ഇത് തടസ്സപ്പെടുകയുണ്ടായി. TNCC (Tamil Nadu Congress Committee) യിലൂടെ DCC ആകാനുള്ള ശ്രമവും വിജയം കാണാത്തതിനെത്തുടർന്ന് TTNC ഒരു സ്വതന്ത്ര സംഘടനയായി നിലകൊണ്ടു.

1952 ലെ പൊതുതെരഞ്ഞെടുപ്പിൽ സഖ്യമുണ്ടാക്കാതെ പന്ത്രണ്ടിൽ എട്ട് സീറ്റ് നേടിയ TTNC എ.ജെ. ജോണിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് മന്ത്രിസഭയിൽ അംഗമായി. രാഷ്ട്രപതിഭരണം ഒഴിവാക്കുവാൻ TTNC – കോൺഗ്രസ് സഖ്യം അനിവാര്യമായിരുന്നു. തമിഴ് പ്രാമുഖ്യ ജില്ലകൾ മദ്രാസ് സംസ്ഥാനവുമായി ലയിക്കണമെന്ന TTNC യുടെ ആവശ്യം കോൺഗ്രസ് നിരാകരിച്ചതോടെ സഖ്യം ഉലഞ്ഞു. മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ പരസ്പര ധാരണയോടെ സ്ഥാനാർത്ഥിനിർണ്ണയം നടത്താമെന്നുള്ള കോൺഗ്രസ് നിർദ്ദേശം TTNC അംഗീകരിച്ചില്ല. TTNC – കോൺഗ്രസ് അംഗങ്ങൾ പരസ്പരം മത്സരിക്കുകയും സഖ്യ സർക്കാരിനെ ഇത് ബാധിക്കുകയും ചെയ്തു. 1953 സെപ്റ്റംബർ 13ന് TTNC സഖ്യസർക്കാരിൽ നിന്നും പിന്മാറി. കോൺഗ്രസിന്റെ ആഭ്യന്തരപ്രശ്നങ്ങളും ഈ സർക്കാരിന്റെ തകർച്ചയ്ക്ക് ആക്കം കൂട്ടി. അവിശ്വാസപ്രമേയം അതിജീവിക്കാൻ സർക്കാരിനായില്ല. 1954 ലെ തിരുവിതാംകൂർ–കൊച്ചി തെരഞ്ഞെടുപ്പിൽ കോൺഗ്രസും TTNC യും തമ്മിൽ സംഘർഷങ്ങൾ ഉണ്ടായി. ഈ തെരഞ്ഞെടുപ്പിലും പന്ത്രണ്ടിൽ എട്ട് സീറ്റ് TTNC കരസ്ഥമാക്കി. പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള സർക്കാരിനു കീഴിൽ TTNC നടത്തിയ പ്രക്ഷോഭങ്ങൾ പലതും പോലീസ് ലാത്തിച്ചാർജ്ജിൽ കലാശിച്ചു.

സാഹചര്യങ്ങൾ വഷളാകുന്നതിനിടയിൽ 'War Cry' എന്ന പേരിൽ സർക്കാരിനെതിരെ ഒരു ലഘുലേഖ TTNC പ്രസിദ്ധീകരിക്കുകയും ഇതിനെത്തുടർന്നുണ്ടായ സംഘർഷങ്ങൾ TTNC യെ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി അടുപ്പിക്കുകയും ചെയ്തു. 1954 ആഗസ്റ്റ് 9 വിമോചന ദിനമായി ആചരിക്കാൻ TTNC തീരുമാനിച്ചെങ്കിലും ആഗസ്റ്റ് 11 ന് ഒരു വിഭാഗം ഗതാഗത ജീവനക്കാർ പണിമുടക്കിന് ആഹ്വാനം ചെയ്തതിനാൽ വിമോചന ദിനാചരണം അന്നത്തേക്ക് മാറ്റി. CPI നാഗർകോവിൽ ടൗണിൽ നടത്തിയ ഒരു യോഗത്തിനിടെ TTNC യുടെ ആവശ്യങ്ങളോട് അനുഭാവം പ്രകടിപ്പിച്ച് കേന്ദ്ര–സംസ്ഥാന ഓഫീസുകൾ പിക്കറ്റ് ചെയ്യാനും പൊതുഗതാഗതം സ്തംഭിപ്പിക്കാനും തീരുമാനിച്ച വിവരം നോട്ടീസിലൂടെ അണികളെ അറിയിച്ചു.

വിമോചന ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ജാഥകൾ പലയിടത്തും അക്രമാസക്തമായി. മാർത്താണ്ഡത്തും പുതുക്കടയിലുമുണ്ടായ പോലീസ് വെടിവയ്പിൽ യഥാക്രമം അഞ്ചും ആറും പേർ മരിച്ചു. ഇതേത്തുടർന്ന് തിരുവിതാംകൂറിലെ തമിഴ് മേഖലകളിൽ നിരവധി യോഗങ്ങൾ നടക്കുകയും പല നേതാക്കൾ അറസ്റ്റിലാകുകയും ചെയ്തു. ഇത് തമിഴ്നാട്ടിൽ TTNC അനുകൂല തരംഗം സൃഷ്ടിച്ചു. 1954 ലെ തെരഞ്ഞെടുപ്പിനെ തുടർന്ന് അധികാരമേറ്റ പട്ടം താണുപിള്ള മന്ത്രിസഭയുടെ നിലനിൽപ്പിനുതന്നെ ഈ സംഭവം ഭീഷണിയായി. പോലീസിന്റെ നടപടി വ്യാപകമായി വിമർശിക്കപ്പെടുകയും അന്വേഷണക്കമ്മീഷനെ നിയമിക്കുകയും ചെയ്തു. TTNC യുടെ താൽപര്യത്തിന് വിരുദ്ധമായുള്ള അന്വേഷണ കമ്മീഷൻ നിയമനം TTNC ബഹിഷ്ക്കരിച്ചു. TTNC യുടെ ആശങ്ക ശരിവച്ചുകൊണ്ട് പോലീസ് നടപടിയെ ന്യായീകരിക്കുന്ന റിപ്പോർട്ടാണ് കെ.ശങ്കരൻ കമ്മീഷൻ സമർപ്പിച്ചത്. 1955 ഫെബ്രുവരിയിൽ സർക്കാരിനെതിരെ റ്റി.എസ്. രാമസ്വാമിപ്പിള്ള കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസ്സാവുകയും പട്ടം താണുപിള്ളയ്ക്കു പകരം പനമ്പിള്ളി ഗോവിന്ദമേനോൻ മുഖ്യമന്ത്രിയായി.

1953 ൽ സംസ്ഥാന പുനഃസംഘടനയ്ക്കായി കേന്ദ്രം ഫസൽഅലി കമ്മീഷനെ നിയമിച്ചു. TTNC അതിന്റെ ആവശ്യം ഈ കമ്മീഷനെ അറിയിച്ചിരുന്നു. പനമ്പിള്ളി മന്ത്രിസഭയുടെ കാലത്ത് ഫസൽ അലി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. തിരു–കൊച്ചി സർക്കാർ, തിരുവനന്തപുരം ജില്ലയിലെ തമിഴ് സംസാരിക്കുന്ന പ്രദേശങ്ങളായ നാല് താലൂക്കുകളെ (തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട്) മദ്രാസ് സംസ്ഥാനത്തോട് ചേർക്കണമെന്ന നിർദ്ദേശം ഈ കമ്മീഷൻ മുന്നോട്ട് വച്ചു. ഇതിനെതിരെ പനമ്പിള്ളിയുടെ നേതൃത്വത്തിൽ കോൺഗ്രസ് രംഗത്തെത്തിയെങ്കിലും തമിഴ് സ്വാധീനമുള്ള നാഞ്ചിനാടിന്റെ താലൂക്കുകളെ തിരുവിതാംകൂറിൽ നിലനിർത്താനുള്ള എല്ലാ ശ്രമങ്ങളും വിഫലമായി.

ഐക്യ കേരള രൂപീകരണത്തോടെ കേരളത്തിന്റെ രാഷ്ട്രീയ ഭൂപടത്തിൽ നിന്നും TTNC ക്രമേണ ഇല്ലാതായി.

# കെ.എം. മാണി അന്തരിച്ചു



കേരള കോൺഗ്രസ്സ്(എം) ചെയർമാനും, മുൻമന്ത്രിയുമായ കെ.എം.മാണി(86) ഏപ്രിൽ ഒൻപതിന് അന്തരിച്ചു. പാലാ നിയമസഭാ മണ്ഡലം നിലവിൽ വന്ന 1965ന് ശേഷം തുടർച്ചയായി 13 തെരഞ്ഞെടുപ്പുകളിലും വിജയിച്ച് 54 വർഷം പാലായെ നിയമസഭയിൽ പ്രതിനിധീകരിച്ചു.

വിദ്യാർത്ഥിയായിരിക്കെ തന്നെ തിരുവിതാംകൂറിന്റെ ഉത്തരവാദിത്തഭരണ പ്രക്ഷോഭ സമരത്തിൽ പങ്കെടുത്ത അദ്ദേഹം 1975 ൽ സപ്തകക്ഷി മുന്നണി മന്ത്രിസഭയിൽ ആദ്യമായി മന്ത്രിയായി. ധനകാര്യം, ആഭ്യന്തരം, നിയമം, റവന്യൂ, ജലസേചനം, നഗരവികസനം, ഇൻഫർമേഷൻ, ഭവന നിർമ്മാണം, ഗതാഗതം തുടങ്ങിയ വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ ബജറ്റ് അവതരിപ്പിച്ച ധനകാര്യ മന്ത്രി(പതിമൂന്ന് തവണ), കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മന്ത്രി (25 വർഷം), രാജ്യത്ത് ഏറ്റവും കൂടുതൽ കാലം നിയമസഭാ സാമാജികൻ (54 വർഷം) എന്നീ റിക്കാഡുകൾ കെ.എം.മാണിയുടെ പേരിലാണ്. കർഷകർക്ക് പെൻഷൻ, വിധവാ പെൻഷൻ, കാരുണ്യ പദ്ധതി തുടങ്ങി നിരവധി ഭരണപരിഷ്ക്കാരങ്ങൾക്ക് തുടക്കം കുറിച്ചു. അമേരിക്കയിലെ വിസ്കോൺസിൽ സെനറ്റിൽ നിന്ന് 1962 മുതൽ തുടർച്ചയായി വിജയിച്ച് അതിൽ തുടരുന്ന ഫ്രെഡ് റിസ്സറിനോട് താരതമ്യപ്പെടുത്തി 'കേരളത്തിന്റെ ഫ്രെഡ് റിസ്സറാണ് കെ.എം.മാണി' എന്നാണ് 2017 മാർച്ച് 15ന് അദ്ദേഹത്തെ അഭിനന്ദിക്കുന്ന വേളയിൽ മുഖ്യമന്ത്രി പിണറായി വിജയൻ വിശേഷിപ്പിച്ചത്.

1958ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിലൂടെ രാഷ്ട്രീയരംഗത്തെത്തിയ അദ്ദേഹം 1964ൽ കേരള കോൺഗ്രസ്സ് പാർട്ടിയിലെത്തുകയും 1979ൽ കേരള കോൺഗ്രസ്സ്(എം) രൂപീകരിക്കുകയും ചെയ്തു. അഭിഭാഷകൻ, കെ.പി.സി.സി. അംഗം, കോട്ടയം ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി ജനറൽ സെക്രട്ടറി, കേരള കോൺഗ്രസ്സ് സ്ഥാപകാംഗവും ജനറൽ സെക്രട്ടറിയും, കേരള കോൺഗ്രസ്സ്(എം) ചെയർമാൻ, സംസ്ഥാന പ്ലാനിങ് ബോർഡ് അംഗം, സംസ്ഥാന നിയമപരിഷ്കാര കമ്മിറ്റി ചെയർമാൻ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും മികച്ച പാർലമെന്റേറിയൻമാരിൽ ഒരാളായിരുന്നു അദ്ദേഹം. സഭാ നടപടിക്രമങ്ങളിലെ അദ്ദേഹത്തിന്റെ അറിവും സഭാ പ്രവർത്തനങ്ങളിലെ ആത്മാർത്ഥതയും ഏതൊരു സാമാജികനും മാതൃകയായി നിൽക്കുന്നു.

ഒരു ഭരണകർത്താവ് എന്ന നിലയിൽ സർവ്വാദരണീയനായിരുന്നു അദ്ദേഹം. കേരളത്തിന്റെ കാർഷിക സാമൂഹ്യസുരക്ഷാ ക്ഷേമ പദ്ധതികളുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ സംഭാവന ശ്രദ്ധേയമായിരുന്നു. വിഷയങ്ങൾ ആഴത്തിൽ പഠിക്കാനും പദ്ധതികൾ ആവിഷ്ക്കരിക്കാനും സമയബന്ധിതമായി നടപ്പിലാക്കാനും അദ്ദേഹം പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു.

പരാതികളും പ്രശ്നങ്ങളുമായി തന്റെ മുന്നിലെത്തുന്ന ഏതൊരാളിന്റെ കാര്യത്തിലും വ്യക്തിപരമായ ശ്രദ്ധയും ഇടപെടലും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതയായിരുന്നു. കേരളത്തിന്റെ രാഷ്ട്രീയ രംഗത്തും മുന്നണികളുടെയും സർക്കാരുകളുടെയും രൂപീകരണത്തിലും നിർണ്ണായക സ്വാധീനം ചെലുത്തിയ വ്യക്തിയാണ് കെ.എം. മാണി. സഭാ നടപടികളിൽ അരനൂറ്റാണ്ടിന്റെ സാർത്ഥകമായ ഇടപെടലുകളിലൂടെ സഭാ തലം സർഗ്ഗാത്മാക്കിയ അപൂർവ്വ വ്യക്തിത്വമായിരുന്നു കെ.എം.മാണി.

ലോക പാർലമെന്ററി ചരിത്രത്തിൽത്തന്നെ സ്ഥാനം നേടിയ അത്യപൂർവ്വം സാമാജികരുടെ നിരയിലാണ് കെ.എം.മാണിയെന്നും, മലയോര ജനതയുടെയും കർഷകരുടെയും താൽപര്യങ്ങൾ സഭയിൽ ഉന്നയിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്ന കെ.എം.മാണിയുടെ നിര്യാണം സംസ്ഥാനത്തിന് പൊതുവിലും, നിയമസഭയ്ക്ക് വിശേഷിച്ചും കനത്ത നഷ്ടമാണെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

പാർലമെന്ററി ജനാധിപത്യത്തിൽ വിശ്വാസം അർപ്പിച്ച് , സഭയുടെ നടപടിക്രമങ്ങളെയും



രീതികളെയും ചട്ടങ്ങളെയും കീഴ്വഴക്കങ്ങളെയും ശക്തിയോടെ ഉപയോഗപ്പെടുത്താൻ ശ്രമിച്ച മറ്റൊരു സാമാജികനെ കണ്ടെത്തുക പ്രയാസമാണെന്നും അനുഭവങ്ങളിൽ നിന്ന് സ്വാംശീകരിച്ചെടുത്ത പ്രത്യയശാസ്ത്രം കൊണ്ട് സ്വയം ഒരു ഇരിപ്പിടം സൃഷ്ടിച്ച് രാഷ്ട്രീയത്തിൽ തന്റെ സാന്നിധ്യം ഉറപ്പിച്ച വ്യക്തിയാണ് കെ.എം.മാണിയെന്ന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ അനുസ്മരിച്ചു.

## ടി.വി. കോരൻ അന്തരിച്ചു



1957ലെ ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇ.എം.എസ്സിനോടു മത്സരിച്ച കോൺഗ്രസ് സ്ഥാനാർത്ഥി ടി.വി.കോരൻ (94) അന്തരിച്ചു. പ്രമുഖ സഹകാരിയും ആദ്യകാല സോഷ്യലിസ്റ്റ് പ്രവർത്തകനുമായിരുന്നു. സോഷ്യലിസ്റ്റ പാർട്ടിയുടെ യുവജന നേതാവായി പൊതുരംഗത്തുവന്നു. പാർട്ടി വിഭജിച്ചപ്പോൾ പി.എസ്.പി.യിൽ ചേർന്നു പ്രവർത്തിച്ചു. 1957 ൽ നീലേശ്വരം ദ്വയാംഗമണ്ഡലത്തിൽ നിന്നാണ് ഇ.എം.എസ്സി.നോട് ഏറ്റുമുട്ടി തോറ്റത്. 1980 ൽ പയ്യന്നൂർ നിയമസഭാമണ്ഡലത്തിൽ നിന്ന് മത്സരിച്ചെങ്കിലും വിജയിച്ചില്ല. കേരളനിയമസഭയുടെ വജ്രജൂബിലി വർഷത്തിൽ കാസർഗോഡ് നടന്ന പരിപാടിയിൽ ടി.വി.കോരനെ ആദരിക്കുകയുണ്ടായി.

## മുൻ മന്ത്രി വി.ജെ. തങ്കപ്പൻ അന്തരിച്ചു



മുൻ മന്ത്രിയും സി.പി.എം. നേതാവുമായിരുന്ന വി.ജെ. തങ്കപ്പൻ (85) 2019 മാർച്ച് 9–ാം തീയതി അന്തരിച്ചു. 1987–91 കാലയളവിൽ ഇ.കെ. നായനാർ മന്ത്രിസഭയിൽ തദ്ദേശഭരണവകുപ്പ് മന്ത്രിയായിരുന്നു. 1983ൽ ഉപതെരഞ്ഞെടുപ്പിലൂടെ ആദ്യമായി നിയമസഭാംഗമായ അദ്ദേഹം 1987, 1992, 2006 എന്നീ വർഷങ്ങളിലും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പന്ത്രണ്ടാം കേരളനിയമസഭയിൽ പ്രോടെം സ്പീക്കറായിരുന്നു. 1995–96 കാലഘട്ടത്തിൽ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി ചെയർമാൻ, 1979 മുതൽ 1983 വരെ നെയ്യാറ്റിൻകര നഗരസഭയുടെ ചെയർമാൻ, 1998 മുതൽ 2001 വരെ മൂന്നാമത് ഭരണപരിഷ്ക്കാര കമ്മിറ്റി വൈസ് ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു.

## മുൻ നിയമസഭാംഗം റോസമ്മ ചാക്കോ അന്തരിച്ചു



മുൻ നിയമസഭാംഗവും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന റോസമ്മ ചാക്കോ 2019 മാർച്ച് 14 ന് നിര്യാതയായി. കേരള നിയമസഭയിൽ മൂന്നു തവണ വ്യത്യസ്ത നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിച്ചിരുന്നു. 1987 ൽ ഇടുക്കിയിൽ നിന്നും 1991 ൽ ചാലക്കുടിയിൽ നിന്നും 1996 ൽ മണലൂരിൽ നിന്നും എം.എൽ.എ.യായി. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (1992–96) യുടെ അദ്ധ്യക്ഷസ്ഥാനം വഹിച്ചു. മഹിളാ കോൺഗ്രസ് ജനറൽ സെക്രട്ടറി, കെ.പി.സി.സി. വൈസ് പ്രസിഡന്റ് തുടങ്ങി അരനൂറ്റാണ്ടിലധികം കോൺഗ്രസ്സിന്റെ പ്രധാന പദവികൾ വഹിച്ചിട്ടുണ്ട്.

# പതിനാലാം സമ്മേളനം

**പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം 2019 ജനുവരി മാസം 25–ാം തീയതി ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ ആരംഭിച്ചു. 2019–2020 വർഷത്തെ ബജറ്റ് ജനുവരി 31–ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ടു.**

സഭസമ്മേളിച്ച പത്ത് ദിവസങ്ങളിൽ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ചർച്ചചെയ്യുന്നതിനായി രണ്ട് ദിവസവും ബജറ്റിന്റെ പൊതു ചർച്ചയ്ക്കായി മൂന്ന് ദിവസവും വിനിയോഗിച്ചു. സമ്പൂർണ്ണ ബജറ്റ് മാർച്ച് 31 നുമുമ്പ് പാസ്സാക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ ഈ സാമ്പത്തിക വർഷത്തെ ആദ്യ നാല് മാസത്തേയ്ക്കായി വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി. 2018–19 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനകളും അവയുടെ ധനവിനിയോഗ ബില്ലുകളും സഭ ചർച്ച ചെയ്ത് പാസ്സാക്കുകയുണ്ടായി. 2019 ലെ കേരള സഹകരണ സംഘ(ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും പാസ്സാക്കുകയും ചെയ്തു.

സമ്മേളനത്തിൽ എട്ട് അടിയന്തരപ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് സഭ പരിഗണിച്ചു. 240 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും, 2768 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 24 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. വാക്കാൽ മറുപടി നൽകിയ ചോദ്യങ്ങളിന്മേൽ സഭാതലത്തിൽ 184 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു.

16 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെയും 99 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ ജനകീയ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു.

സംസ്ഥാനത്ത് മാരകമായ കീടനാശിനികൾ നിരോധിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി ചട്ടം 300 പ്രകാരം പ്രസ്താവന നടത്തി. 2018 ലെ സാമ്പത്തികാവലോകനം, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ഫിനാൻസ് അക്കൗണ്ട്സ്, അപ്രോപ്രിയേഷൻ അക്കൗണ്ട്, സംസ്ഥാന എക്സ്പെൻഡീച്ചർ റിവ്യൂ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട് എന്നിവ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി.

മുൻ നിയമസഭാംഗം സൈമൺ ബ്രിട്ടോ റോഡ്രിഗ്സിന്റെ നിര്യാണത്തിൽ ജനുവരി 28–ാം തീയതി സഭ ചരമോപചാരം അർപ്പിച്ചു.

രക്തസാക്ഷി ദിനാചരണത്തിന്റെ ഭാഗമായി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിച്ചുകൊണ്ട് ജനുവരി 30–ാം തീയതി രാവിലെ 11 മണിക്ക് അംഗങ്ങൾ രണ്ടു മിനിട്ട് എഴുന്നേറ്റു നിന്ന് മൗനം ആചരിച്ചു.

നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര തലത്തിൽ ഒരു സ്റ്റുഡന്റ്സ് പാർലമെന്റ് ഫെബ്രുവരി മാസം 23, 24, 25 തീയതികളിലായി നടത്തുന്ന വിവരം സ്പീക്കർ സഭയെ അറിയിച്ചു.






## നിയമസഭാ സാമാജികർ അങ്കത്തട്ടിൽ

ലോക്സഭാ തെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ നിയമസഭാ സാമാജികർ കേരളത്തിൽ മത്സരിക്കുന്നത് ചരിത്രത്തിലാദ്യം. ലോക്സഭാ/രാജ്യസഭാ തെരഞ്ഞെടുപ്പിൽ സിറ്റിംഗ് എം.എൽ.എ.മാർക്ക് മത്സരിക്കുന്നതിന് തടസ്സമില്ല. എന്നാൽ തെരഞ്ഞെടുക്കപ്പെടുന്നപക്ഷം പതിനാലു ദിവസത്തിനകം ഒരു പദവി രാജി വയ്ക്കണം. അല്ലെങ്കിൽ ഇരുപദവികളും നഷ്ടപ്പെടുമെന്നതാണ് ജനപ്രാതിനിധ്യ നിയമത്തിലെ ചട്ടം. ഒരാൾ രണ്ടോ അതിലധികമോ മണ്ഡലങ്ങളിൽ നിന്ന് ഒരുമിച്ച് ജയിച്ചാൽ ഒരു മണ്ഡലത്തിലേതൊഴികെ മറ്റുള്ളവയെല്ലാം രാജിവയ്ക്കണം. സിറ്റിംഗ് എം.എൽ.എ. ലോക്സഭാ സീറ്റിൽ മത്സരിച്ച് പരാജയപ്പെട്ടാൽ എം.എൽ.എ.യായി തുടരാം. ഇത്തവണ കേരളത്തിൽ നിന്ന് ഒമ്പത് സാമാജികരാണ് ലോക്സഭയിലേയ്ക്ക് ജനവിധി തേടുന്നത്.

# ചരിത്രം സൃഷ്ടിച്ച ധനവിനിയോഗ ഓർഡിനൻസ്

### തിരു –കൊച്ചി സംസ്ഥാനത്തെ 1956 ലെ ബജറ്റ് അവതരണവും തുടർ നടപടികളും സഭയുടെ ധനകാര്യ നടപടിക്രമങ്ങളിലെ ചരിത്ര സംഭവമാണ്.

ഭരണഘടനയുടെ 356–ാം അനുച്ഛേദ പ്രകാരം 1956 മാർച്ച് 23 ന് തിരു–കൊച്ചി സംസ്ഥാനം രാഷ്ട്രപതി ഭരണത്തിൻ കീഴിലായി. സംസ്ഥാന നിയമനിർമ്മാണസഭയുടെ നിയമനിർമ്മാണാധികാരം ഇതോടെ പാർലമെന്റിന്റെ അധികാര പരിധിയിലായി. മാർച്ച് 31 ന് മുൻപ് പാസ്സാക്കേണ്ടിയിരുന്ന 1956–57 സാമ്പത്തിക വർഷത്തെ തിരു–കൊച്ചി സംസ്ഥാന ബജറ്റ് 1956 മാർച്ച് 9 ന് സഭയിൽ സമർപ്പിച്ചിരുന്നു. എന്നാൽ ബജറ്റോ ധനാഭ്യർത്ഥനയോ ധനവിനിയോഗ ബില്ലോ രാഷ്ട്രപതിഭരണം നിലവിൽ വന്ന തീയതി വരെ പാസ്സാക്കിയിരുന്നില്ല.

രാഷ്ട്രപതി ഭരണം മാർച്ച് 23 ന് പ്രഖ്യാപിച്ചെങ്കിലും ലോക്സഭാ സമ്മേളനത്തിന്റെ ഇടവേളയായതിനാൽ മാർച്ച് 28 ന് മുൻപ് ഇത് സംബന്ധിച്ച പ്രഖ്യാപനം ലോക്സഭയിൽ അവതരിപ്പിച്ചിരുന്നില്ല. പ്രഖ്യാപനത്തിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനു മുൻപ് മാർച്ച് 24 നു തന്നെ അംഗങ്ങൾക്ക് വിതരണം ചെയ്തിരുന്നു. മാർച്ച് 28 ന് പ്രഖ്യാപനം സഭയുടെ മേശപ്പുറത്ത് വയ്ക്കുമെന്നും ഇതിന്മേലുള്ള ഉപക്ഷേപം മാർച്ച് 29 ന് അവതരിപ്പിക്കുമെന്നും ബുള്ളറ്റിൻ മുഖേന അംഗങ്ങളെ അറിയിച്ചു. തിരു–കൊച്ചി ബജറ്റ് കേന്ദ്ര ധനമന്ത്രാലയത്തിൽ മാർച്ച് 24 വരെ ലഭിക്കാതെ വന്നപ്പോൾ 1956–57 വർഷത്തെ തിരു–കൊച്ചി ബജറ്റ് മാർച്ച് 28 ന് ലോക്സഭയിൽ അവതരിപ്പിക്കുമെന്നും മാർച്ച് 29 ന് രാഷ്ട്രപതി ഭരണം സംബന്ധിച്ച പ്രഖ്യാപനം സഭ അംഗീകരിക്കുന്നതിന്റെ തൊട്ടുപിന്നാലെ ധനാഭ്യർത്ഥനയിന്മേലുള്ള വോട്ടെടുപ്പ് നടക്കുമെന്നുമുള്ള മറ്റൊരു അറിയിപ്പ് കൂടി അംഗങ്ങൾക്ക് നൽകി. മാർച്ച് 28 വൈകുന്നേരം 5 മണിക്ക് തിരു–കൊച്ചി സംസ്ഥാന ബജറ്റ് ലോക്സഭയിൽ അവതരിപ്പിക്കപ്പെട്ടു.

മാർച്ച് 29 ന് കേന്ദ്ര ആഭ്യന്തരമന്ത്രി അവതരിപ്പിച്ച രാഷ്ട്രപതി ഭരണ പ്രഖ്യാപനം സംബന്ധിച്ച ഉപക്ഷേപം സഭ അംഗീകരിച്ചയുടനെ തൊട്ടു മുമ്പിലത്തെ ദിവസം സഭയിൽ അവതരിപ്പിച്ച ബജറ്റിന്മേലുള്ള ധനവിനിയോഗ ബില്ലിന്റെ വോട്ടെടുപ്പും നടന്നു.

സാധാരണ നടപടിക്രമമനുസരിച്ച് ബജറ്റ് അവതരണത്തിനും ധനാഭ്യർത്ഥനകളുടെ വോട്ടിംഗിന് ഇടയിലും അതുപോലെ ധനാഭ്യർത്ഥന അംഗീകരിക്കുന്നതിനും ധനവിനിയോഗ ബിൽ പരിഗണിച്ച് പാസ്സാക്കുന്നതിനുമിടയിലും കുറഞ്ഞത് രണ്ട് ദിവസത്തെ ഇടവേള ആവശ്യമാണ്. എന്നാൽ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സ്പീക്കർ ഇക്കാര്യത്തിൽ ഇളവ് അനുവദിക്കുകയും ബജറ്റ് അവതരിപ്പിച്ച് തൊട്ടടുത്ത ദിവസം തന്നെ ധനാഭ്യർത്ഥനയും ധനവിനിയോഗ ബില്ലും സഭ പാസ്സാക്കുകയുമായിരുന്നു.

ഭരണഘടനയുടെ 109(2) അനുച്ഛേദ പ്രകാരം പണബിൽ ലോക്സഭ പാസാക്കിയതിനുശേഷം രാജ്യസഭയിലേയ്ക്ക് അയച്ചു കൊടുക്കേണ്ടതും ബിൽ കിട്ടിയ തീയതി മുതൽ പതിനാല് ദിവസത്തിനകം രാജ്യസഭ ശിപാർശകളോടുകൂടി ലോക്സഭയിലേയ്ക്ക് തിരിച്ചയക്കേണ്ടതുമുണ്ട്. രാജ്യസഭയുടെ അടുത്ത സമ്മേളനം ഏപ്രിൽ 23–ന് ആരംഭിക്കുന്നതിനാണ് നിശ്ചയിച്ചിരുന്നത്. ലോക്സഭ ബിൽ പാസ്സാക്കിയ ഉടൻ തന്നെ രാജ്യസഭയിൽ അയച്ചു കൊടുത്തിരുന്നുവെങ്കിൽ രാജ്യസഭ സമ്മേളിക്കുന്നതിനുമുമ്പ് തന്നെ പതിനാലു ദിവസമെന്ന പരിധി കാലഹരണപ്പെടുമായിരുന്നു. ആ കാലയളവിൽ രാജ്യസഭ സമ്മേളനത്തിലല്ലാതിരുന്നതിനാൽ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ലോക്സഭ മാർച്ച് 29 ന് ധനവിനിയോഗ ബിൽ പാസ്സാക്കിയ ഉടൻതന്നെ ഏപ്രിൽ 16 വരെ ബിൽ രാജ്യസഭയ്ക്കു നൽകേണ്ടതില്ലെന്ന് സ്പീക്കർ നിർദ്ദേശിച്ചു. അപ്രകാരം ലോക്സഭ പാസ്സാക്കിയ ബിൽ രാജ്യസഭയിൽ എത്തിക്കുന്നത് ഏപ്രിൽ 16 വരെ വൈകിപ്പിച്ചു.

ബിൽ ലോക്സഭ പാസ്സാക്കിയെങ്കിലും രാജ്യസഭയിൽ അവതരിപ്പിക്കുന്നതിനും രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നതിനും കാലതാമസം നേരിട്ട സാഹചര്യത്തിൽ തിരു–കൊച്ചിയിലെ സാമ്പത്തിക ചെലവുകൾ നിർവ്വഹിക്കുന്നതിന് ഏപ്രിൽ 1 മുതൽ ധനം കണ്ടെത്തേണ്ടത് അത്യാവശ്യമായി വന്നു. അതിന് പരിഹാരമായി ബില്ലിലെ വ്യവസ്ഥകൾ അതേപടി നിലനിർത്തി തിരു–കൊച്ചി ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ഓർഡിനൻസ്, 1956 രാഷ്ട്രപതി പുറപ്പെടുവിച്ചു. ഇത്തരത്തിൽ ഒരു സംസ്ഥാനത്തിന്റെ ആവശ്യത്തിലേക്കായി സഞ്ചിത നിധിയിൽ നിന്ന് ഓർഡിനൻസ് വഴി തുക പിൻവലിക്കുന്നത് രാജ്യത്ത് ആദ്യമായിരുന്നു.

ഓർഡിനൻസ് ലോക്സഭയിൽ 1956 ഏപ്രിൽ 14 നും രാജ്യസഭയിൽ 1956 ഏപ്രിൽ 23 നും മേശപ്പുറത്ത് വയ്ക്കുകയുണ്ടായി. തിരു–കൊച്ചി ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ ലോക്സഭ പാസാക്കിയ രൂപത്തിൽ രാജ്യസഭ 1956 ഏപ്രിൽ 27 ന് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ബിൽ രാജ്യസഭ പാസ്സാക്കിയ സാഹചര്യത്തിൽ ഓർഡിനൻസിന് പ്രസക്തിയില്ലെന്ന കാരണത്താൽ ഓർഡിനൻസ് പിൻവലിക്കുന്നതിനായി സർക്കാർ ഭേദഗതി അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ രാജ്യസഭ ഭേദഗതി അംഗീകരിക്കുകയുമായിരുന്നു.

ഭരണഘടനയുടെ 123–ാം അനുച്ഛേദത്തിൽ പ്രത്യേകമായി പരാമർശിച്ചിട്ടില്ലെങ്കിലും പാർലമെന്റിന്റെ ഒരു ആക്ട് വഴി ഓർഡിനൻസ് പിൻവലിക്കുവാൻ (repeal)) കഴിയുമെന്നും അത്തരം ഭേദഗതികൾ ധനവിനിയോഗ ബില്ലിലും നടപ്പിൽ വരുത്താനാകുമെന്നും അന്നത്തെ സംഭവങ്ങൾ വെളിപ്പെടുത്തി. 1956–ൽ തിരു–കൊച്ചിയിലെ രാഷ്ട്രപതി ഭരണവും അതിനോടനുബന്ധിച്ച് നടന്ന ധനകാര്യ നടപടിക്രമങ്ങളും ഇന്ത്യൻ പാർലമെന്ററി സംവിധാനത്തിൽ പുതിയ വഴികളും രീതികളും തുറക്കുന്നതായി മാറി.



മുംബൈ അമിറ്റി യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ നിയമസഭ സന്ദർശിച്ചപ്പോൾ



സ്വീഡനിൽ നിന്നുള്ള പഠനസംഘം നിയമസഭ സന്ദർശിച്ചപ്പോൾ



നേപ്പാൾ മുൻ പ്രധാനമന്ത്രി ജലാനാഥ് ഖനാൽ  നിയമസഭ സന്ദർശിച്ചപ്പോൾ

## എസ്.കെ. റായി – എം.എൽ.എ.മാരുടെ എം.പി.



ഇന്ത്യയിൽ രാജ്യസഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംസ്ഥാന നിയമസഭാംഗങ്ങളാണ്. ലോക് സഭാംഗങ്ങളെ പൊതുതെരഞ്ഞെടുപ്പിലൂടെയും. എന്നാൽ നിയമസഭാംഗങ്ങൾ ലോക്സഭാംഗത്തെ തെരഞ്ഞെടുത്ത അപൂർവ്വ സംഭവം ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രത്തിലുണ്ട്. 1975 സെപ്റ്റംബർ 22 ന് സിക്കിം നിയമസഭയിലെ 32 സാമാജികർ സിക്കിമിലെ ആദ്യത്തെ ലോക്സഭാംഗത്തെ തെരഞ്ഞെടുത്തു.

1974 ൽ ഇന്ത്യൻ യൂണിയനിൽ ചേർന്ന സിക്കിമിന് ഭരണഘടനയുടെ 36–ാം ഭേദഗതിപ്രകാരം പൂർണ്ണ സംസ്ഥാന പദവി ലഭിച്ചതോടെയാണ് ഇപ്രകാരം അഞ്ചാം ലോക് സഭയിലേയ്ക്ക് സിക്കിം കോൺഗ്രസ് ജനറൽ സെക്രട്ടറി എസ്.കെ.റായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടത്.

ലോക്സഭയിലെ സിക്കിമിന്റെ പ്രതിനിധിയെ സംസ്ഥാന നിയമസഭാംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതാണെന്ന് ഭരണഘടനയുടെ 371 എഫ്(ഇ) വകുപ്പ് വ്യവസ്ഥ ചെയ്തതിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ തെരഞ്ഞെടുപ്പ്. അടിയന്തരാവസ്ഥക്കാലത്ത് ലോക്സഭയിലേയ്ക്ക് നടന്ന ഏക തെരഞ്ഞെടുപ്പായിരുന്നു അത്. 1977 ലാണ് സിക്കിമിലെ ഏക ലോക്സഭാസീറ്റിലേയ്ക്ക് പൊതുതെരഞ്ഞെടുപ്പ് ബാധകമാക്കിയത്.

## നടുത്തളം

**1. ഒന്നാം ലോക്സഭയിലേയ്ക്ക് കേരളത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട വനിത**

– ആനി മസ്ക്രീൻ (തിരുവനന്തപുരം, സ്വതന്ത്ര സ്ഥാനാർത്ഥി, ഭൂരിപക്ഷം 68,117)

**2. ആദ്യ ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ദ്വയാംഗ മണ്ഡലങ്ങൾ**

കൊല്ലം – മാവേലിക്കര, പൊന്നാനി

**3. ആദ്യ ലോക്സഭയിൽ ഏറ്റവും കൂടുതൽ സീറ്റ് നേടിയ പ്രതിപക്ഷ കക്ഷി**

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (16 സീറ്റ്)

**4. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഏറ്റവും ഉയർന്ന ഭൂരിപക്ഷം നേടിയ വ്യക്തി**

പ്രീതം മുണ്ഡേ (ബി.ജെ.പി., – 6,96,321 വോട്ടുകളുടെ ഭൂരിപക്ഷം, 2014 ൽ)

**5. ഏറ്റവുമധികം തവണ ലോക്സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി**

ഇന്ദ്രജിത്ത് ഗുപ്ത (സി.പി.ഐ., 11 തവണ)

**6. ആദ്യ ലോക്സഭാ തെരഞ്ഞെടുപ്പിൽ ജവഹർലാൽ നെഹ്റു പ്രതിനിധാനം ചെയ്ത മണ്ഡലം**

അലഹബാദ്(ഈസ്റ്റ്)

**7. ലോക്സഭാ സ്പീക്കറായശേഷം ഇന്ത്യയുടെ രാഷ്ട്രപതിയായ വ്യക്തി**

നീലം സഞ്ജീവ റെഡ്ഡി

**8. ലോക്സഭയിലെ ആദ്യത്തെ അംഗീകൃത പ്രതിപക്ഷ നേതാവ്**

ഡോ. റാം സുഭഗ് സിംഗ് (ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഒ), 4–ാം ലോക്സഭ)

**9. ഏറ്റവും അധികം കാലം നിലവിലിരുന്ന ലോക്സഭ**

അഞ്ചാം ലോക്സഭ (15–3–1971 മുതൽ 18–1–1977 വരെ)

**10. ലോക്സഭയിലേയ്ക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയും പിന്നീട് ഡെപ്യൂട്ടി സ്പീക്കറാകുകയും ചെയ്ത വ്യക്തി**

പി.എം.സെയ്ദ് (1971ൽ ലക്ഷദ്വീപിൽ നിന്ന്)



# സമ്മതിദാനത്തിന്റെ മഷിയടയാളം

സമ്മതിദാനാവകാശം വിനിയോഗിച്ച ആഹ്ലാദത്തിൽ മഷി പുരട്ടിയ ചൂണ്ടുവിരൽ ഉയർത്തിക്കാട്ടുമ്പോൾ പുരട്ടിയ മഷിയുടെ ചരിത്രത്തെപ്പറ്റി ചിന്തിക്കുന്നവർ ചുരുക്കം.

Electoral ink, indelible ink, electoral stain, phosphoric ink എന്നീ പേരുകളിൽ അറിയപ്പെടുന്ന മഷി, തെരഞ്ഞെടുപ്പിൽ കൃത്രിമം തടയുന്നതിനായാണ് ഉപയോഗിക്കുന്നത്. തെരഞ്ഞെടുപ്പ് പ്രക്രിയ കുറ്റമറ്റതാക്കുന്നതിനുള്ള ക്രമീകരണങ്ങളുടെ ഭാഗമായി ഡോ.എം.എൽ.ഗോയലിന്റെ നേതൃത്വത്തിലുള്ള ശാസ്ത്രജ്ഞരാണ് ഇപ്പോഴുപയോഗിക്കുന്ന തരം മഷി വികസിപ്പിച്ചെടുത്തത്. 1962–ലെ മൂന്നാം പൊതുതെരഞ്ഞെടുപ്പിന് ശേഷമുള്ള എല്ലാ തെരഞ്ഞെടുപ്പു കളിലും ഇത് ഉപയോഗിച്ച് വരുന്നു.

സിൽവർ നൈട്രേറ്റ് എന്ന പദാർത്ഥമാണ് മഷി നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്. എത്ര സമയം മഷിയടയാളം നിലനിൽക്കണം എന്നതിനനുസരിച്ച് സിൽവർ നൈട്രേറ്റിന്റെ അംശം 10% , 14%, 18% എന്നീ അളവിൽ ക്രമപ്പെടുത്തുന്നു. സാധാരണ നിലയിൽ മഷിയടയാളം 72 മുതൽ 96 മണിക്കൂർ വരെ തൊലിപ്പുറത്ത് തെളിഞ്ഞ് കാണുകയും രണ്ട് മുതൽ നാല് ആഴ്ച വരെ നഖത്തിൽ അവശേഷിക്കുകയും ചെയ്യുന്നു. ഇന്ത്യയിൽ തെരഞ്ഞെടുപ്പ് ആവശ്യത്തിലേക്കായി ഉപയോഗിക്കുന്ന മഷി നിർമ്മിക്കുന്നത് കർണാടക സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായ മൈസൂരു പെയിന്റ് ആൻഡ് വാർണിഷിങ് ലിമിറ്റഡ്(എം.പി.വി.എൽ) ആണ്. 1937 ൽ മൈസൂർ രാജാവ് നാൽവാഡി കൃഷ്ണരാജ വോഡയാർ സ്ഥാപിക്കുമ്പോൾ ഇതിന്റെ പേര് മൈസൂർ ലാക് ആന്റ് പെയിന്റ്സ് ലിമിറ്റഡ് എന്നായിരുന്നു.

2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പിനായി ഇരുപത്തി ആറ് ലക്ഷം കുപ്പി മഷിയാണ് സ്ഥാപനം നിർമ്മിച്ചത്. 2014 ലെ തെരഞ്ഞെടുപ്പിൽ ഇത് ഇരുപത്തിരണ്ട് ലക്ഷമായിരുന്നു. ഇരുപത്തി ആറ് ലക്ഷം മഷിക്കുപ്പിക്ക് 33 കോടി രൂപയാണ് വില. 700 വോട്ടർമാർക്ക് ഒരു കുപ്പി മഷി എന്നതാണ് കണക്ക്. കേരളത്തിൽ ഒരു ലക്ഷം മഷിക്കുപ്പികളാണ് ആവശ്യമായി വരുന്നത്. മഷി നിർമ്മാണത്തിനായി എം.പി.വി.എൽ. എന്ന സ്ഥാപനത്തെ സഹായിക്കുന്നത് നാഷണൽ ഫിസിക്കൽ ലബോറട്ടറിയാണ്.

## നിയമസഭാസമുച്ചയത്തിലെ പ്രധാന പരിപാടികൾ

### നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം പുനരുദ്ധാരണ പ്രവൃത്തികളുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു

നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം പൈതൃക മന്ദിരത്തിന്റെ സംരക്ഷണ പുനരുദ്ധാരണ പ്രവൃത്തികളുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചതിന്റെ ഉദ്ഘാടനം 2019 ഫെബ്രുവരി 6–ാം തീയതി ബുധനാഴ്ച വൈകിട്ട് 4.00 ന് നിയമസഭാ മ്യൂസിയം അങ്കണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ വി.ശശി സ്വാഗതം ആശംസിച്ചു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, നിയമസഭാ മ്യൂസിയം ഉപദേശക സമിതി ചെയർമാൻ ജോൺ ഫെർണാണ്ടസ്, അംഗങ്ങളായ എൻ.ഷംസുദ്ദീൻ, കെ.എസ്.ശബരീനാഥൻ, മുഹമ്മദ് മുഹസിൻ പി., നിയമസഭാ സെക്രട്ടറി വി.കെ.ബാബുപ്രകാശ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.



### വീഡിയോ കോൺഫറൻസിംഗ് സ്റ്റുഡിയോ ഉദ്ഘാടനം

നിയമസഭാ സെക്രട്ടേറിയറ്റിന്റെ വീഡിയോ കോൺഫറൻസിംഗ് സ്റ്റുഡിയോ 2019 ഫെബ്രുവരി 6–ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ടു. വൈകിട്ട് 4.00 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ എന്നിവർ മലപ്പുറം ജില്ലാ കളക്ടറുമായി സംസാരിച്ചുകൊണ്ടാണ് കോൺഫറൻസിംഗ് നടത്തി ഉദ്ഘാടനം നിർവ്വഹിച്ചത്. ചടങ്ങിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ഡെപ്യൂട്ടി സ്പീക്കർ വി.ശശി, മന്ത്രിമാരായ കെ.കൃഷ്ണൻകുട്ടി, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ സന്നിഹിതരായിരുന്നു. നിയമസഭാ സെക്രട്ടറി, ഐ.ടി മിഷൻ ഡയറക്ടർ, നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.




### നുറുങ്ങ് സാഹിത്യ സൃഷ്ടികൾക്കായി 'മൊഴി' ത്രൈമാസിക

നിയമസഭാ സാമാജികർ, നിയമസഭാ ജീവനക്കാർ, മുഖ്യധാരാ എഴുത്തുകാർ എന്നിവരുടെ നുറുങ്ങ് സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുത്തി ഒരു ത്രൈമാസിക പ്രസിദ്ധീകരിക്കണമെന്ന ഔദ്യോഗിക ഭാഷ വകുപ്പുതല സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ 'മൊഴി' എന്ന പേരിൽ തയ്യാറാക്കിയ നുറുങ്ങ് ത്രൈമാസികയുടെ ആദ്യ പതിപ്പ് 2019 മാർച്ച് 13 ന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ പ്രകാശനം ചെയ്തു.



## നിയമസഭയിലെ ആദ്യ വനിതാ ലിഫ്റ്റ് ഓപ്പറേറ്റർ

സ്ത്രീകളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നിരവധി നിയമനിർമ്മാണങ്ങൾ കേരള നിയമസഭ നടത്തിയിട്ടുണ്ട്. ഇപ്പോൾ നിയമസഭാ സെക്രട്ടേറിയറ്റും സ്ത്രീ മുന്നേറ്റത്തിന്റെ കാൽവയ്പ്പുമായി മുന്നോട്ട് പോയിരിക്കുന്നു. ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ വനിതകളെ കൂടി ഉൾപ്പെടുത്തണമെന്നത് നിയമസഭാ സെക്രട്ടേറിയറ്റിലെ വനിതകളുടെ എക്കാലത്തെയും ആവശ്യമായിരുന്നു. കഴിഞ്ഞ കുറേ നാളുകളായി അതിനായുള്ള ശ്രമങ്ങൾ അവർ നടത്തിവരികയായിരുന്നെങ്കിലും അടുത്ത കാലത്ത് മാത്രമാണ് നിയമസഭാ സെക്രട്ടേറിയറ്റിലെ ഫുൾടൈം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി ലിഫ്റ്റ് ഓപ്പറേറ്റർമാരായി ജോലിയിൽ പ്രവേശിക്കുന്നതിന് വനിതകൾക്കും അവസരമൊരുങ്ങിയത്. നിയമസഭാ പ്രിന്റിംഗ് പ്രസ്സിലെ ഹെൽപ്പർ എൽ.ശ്യാമളാദേവിയെ തസ്തികമാറ്റം വഴി ആദ്യ വനിതാ ലിഫ്റ്റ് ഓപ്പറേറ്ററായി നിയമിച്ചു.

2006 ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പാർട്ട് ടൈം ഗാർഡനറായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിയ ശ്യാമളാദേവി 2010 മുതൽ ഫുൾടൈം ഗാർഡനറായും 2015 മുതൽ നിയമസഭാ പ്രിന്റിംഗ് പ്രസ്സിൽ ഹെൽപ്പറായും പ്രവർത്തിച്ചുവരികയായിരുന്നു. 2019 ഫെബ്രുവരി മുതൽ ലിഫ്റ്റ് ഓപ്പറേറ്ററായി നിയമിതയായി. വനിതകളുടെ വളരെക്കാലത്തെ ആവശ്യം നിറവേറിയതിന്റെ സന്തോഷത്തിലാണ് ആദ്യ വനിതാ ലിഫ്റ്റ് ഓപ്പറേറ്റർ.

ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ ശ്യാമളാദേവിയുടെ ആദ്യ നിയമനം എം.എൽ.എ. ഹോസ്റ്റലിലാണ്. നിലവിൽ മൂന്ന് ഷിഫ്റ്റുകളായാണ് ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ പ്രവർത്തന സമയം ക്രമീകരിച്ചിരിക്കുന്നത്. ഏത് ഷിഫ്റ്റിലും ജോലി



ചെയ്യുന്നതിന് തയ്യാറാണെന്നും തന്റെ കർത്തവ്യം ഏറ്റവും കൃത്യതയോടും ഉത്തരവാദിത്തത്തോടും കഴിവിന്റെ പരമാവധിചെയ്യാൻ ശ്രമിക്കുമെന്നും തിരുവനന്തപുരം വഴയില സ്വദേശിയായ ശ്യാമളാദേവി പറയുന്നു.

കാലാകാലങ്ങളായി പുരുഷന്മാർക്കുവേണ്ടിമാത്രം മാറ്റിവച്ചിരുന്ന പല തൊഴിലുകളും അതിലെ അപായ സാധ്യതപോലും കണക്കിലെടുക്കാതെ ഏറ്റെടുക്കുവാൻ സ്ത്രീകൾ സന്നദ്ധതയും ധൈര്യവും കാണിക്കുന്നതുവഴി മാത്രമേ തൊഴിലിടങ്ങളിലെ സ്ത്രീപുരുഷ സമത്വം യാഥാർത്ഥ്യമാവുകയുള്ളൂ. ആദ്യ വനിതാ ലിഫ്റ്റ് ഓപ്പറേറ്ററായുള്ള ശ്യാമളാദേവിയുടെ നിയമനം അന്തസ്സിന്റെയും ആത്മവിശ്വാസത്തിന്റെയും ഉത്തരവാദിത്തത്തിന്റെയും പുതിയ വാതായനങ്ങൾ സ്ത്രീകൾക്കു മുന്നിൽ തുറന്നുകൊടുക്കും എന്നതിൽ സംശയമില്ല.

### അംബേദ്കർ ജന്മവാർഷിക ദിനാചരണം

ഡോ.ബി.ആർ.അംബേദ്കർ ജന്മവാർഷിക ദിനാചരണത്തിന്റെ ഭാഗമായി ഏപ്രിൽ 14–ാം തീയതി നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള അംബേദ്കർ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ വി.ശശി ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തി.



# ഇ.എം.എസിനെ കമ്മ്യൂണിസ്റ്റാക്കിയ
# അമീർ ഹൈദർഖാൻ

**“ 'തൊഴിലാളി വർഗ്ഗത്തിൽ നിന്നുയർന്നുവന്ന ആ ഊർജ്ജസ്വലനായ വിപ്ലവകാരി കേരളത്തിൽ വന്നിരുന്നുവെങ്കിൽ, തിരുവനന്തപുരത്തെ കമ്മ്യൂണിസ്റ്റ് ലീഗിന്റേതിനേക്കാൾ അടിയുറപ്പുള്ള ഒരു കമ്മ്യൂണിസ്റ്റ് സംഘടന കേരളത്തിലുണ്ടാകുമായിരുന്നു. ഒരു പക്ഷേ ഞാനടക്കം പലരും നേരിട്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുമായിരുന്നു' – ഇ.എം.എസ്.**

കോൺഗ്രസ് പ്രവർത്തകർ സോഷ്യലിസ്റ്റുകാരായി മാറുകയും പിന്നീട് കമ്മ്യൂണിസ്റ്റ് സഖാക്കളാകുകയും ചെയ്തതാണ് കേരളത്തിലെ രാഷ്ട്രീയ ചരിത്രം. ആന്ധ്രാപ്രദേശിലാകട്ടെ, കോൺഗ്രസുകാർ നേരിട്ടു തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുകയായിരുന്നു. മീററ്റ് ഗൂഢാലോചനയെത്തുടർന്ന് തകർന്നുപോയ കമ്മ്യൂണിസ്റ്റ് സംഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടി ദക്ഷിണേന്ത്യയിൽ കഠിനപ്രയത്നം ചെയ്തിരുന്ന ഒരു ഇടതുപക്ഷ പ്രവർത്തകനുണ്ടായിരുന്നു– അമീർ ഹൈദർഖാൻ. ആന്ധ്രയിലെ ഒട്ടേറെ ചെറുപ്പക്കാരെ കമ്മ്യൂണിസ്റ്റാക്കിയ വ്യക്തി. അദ്ദേഹത്തെക്കുറിച്ചാണ് ഇ.എം.എസ്. ഇപ്രകാരം അഭിപ്രായപ്പെട്ടത്. കെ.പി.സി.സി. സെക്രട്ടറി, കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഇ.എം.എസ്. കറകളഞ്ഞ കമ്മ്യൂണിസ്റ്റുകാരനായതിന്റെ പിന്നിൽ അമീർ ഹൈദർഖാൻ, പി.സുന്ദരയ്യ എന്നീ വ്യക്തികളുടെ സ്വാധീനം ശക്തമായിരുന്നു.

ദേശീയതലത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിച്ചയാളാണ് അമീർ ഹൈദർഖാൻ. 1900 ൽ റാവൽപിണ്ടിയിലെ ഒരു കർഷക കുടുംബത്തിൽ ജനനം. പതിനാലു വയസ്സുള്ളപ്പോൾ സ്വന്തം ഗ്രാമം വിട്ടിറങ്ങി മുംബൈയിൽ കപ്പൽ ജോലിക്കാരനായി. പിന്നീട് അമേരിക്കയിലെത്തി ഓട്ടോമൊബൈൽ വ്യവസായരംഗത്ത് പണിയെടുത്തു. നാവിക എഞ്ചിനീയറായി പഠിച്ചിറങ്ങി സമുദ്രയാത്രകൾ നടത്തി. ഗദർ പാർട്ടി നേതാക്കളുമായി ബന്ധപ്പെടുകയും അമേരിക്കൻ വർക്കേഴ്സ് പാർട്ടിയിൽ അംഗമാകുകയും ചെയ്തു. മോസ്ക്കോയിലെ കോമിന്റേണിലും അംഗമായി. 'യൂണിവേഴ്സിറ്റി ഓഫ് ടോയിലേഴ്സ് ഓഫ് ഈസ്റ്റ്' എന്ന സ്ഥാപനത്തിൽ ചേർന്ന് മാർക്സിസം, ദേശീയ വിമോചന പ്രസ്ഥാനം എന്നിവയിൽ പരിശീലനം നേടി. 1928 ൽ മുംബൈയിൽ മടങ്ങിയെത്തി കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി പ്രവർത്തിച്ചു. തുണിമിൽ തൊഴിലാളി നേതാക്കളെ പണിമുടക്കിൽ സഹായിക്കാനെത്തി. എസ്.വി.ഘാട്ടേ, ഡാങ്കേ ബ്രാഡ്‌ലി തുടങ്ങിയ മുതിർന്ന കമ്മ്യൂണിസ്റ്റുകാരുമായി ബന്ധപ്പെട്ടു.

മീററ്റ് ഗൂഢാലോചനയുമായി ബന്ധപ്പെട്ട് അമീർ ഹൈദർഖാൻ പോലീസ് നിരീക്ഷണത്തിലായി. അദ്ദേഹത്തിന്റെ മുറി പരിശോധിച്ചപ്പോൾ ധാരാളം കമ്മ്യൂണിസ്റ്റ് സാഹിത്യവും മറ്റു രേഖകളും കണ്ടെടുത്തു. അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചപ്പോൾ ഒളിവിൽ പോയ അദ്ദേഹം മദ്രാസിലെത്തി യംഗ് വർക്കേഴ്സ് ലീഗിന്റെ ആളുകളുമായി ചേർന്ന് പ്രവർത്തിച്ചു. മൂന്ന് പ്രധാന മില്ലുകളിൽ പാർട്ടി സെല്ലുകളും സ്റ്റഡി സർക്കിളുകളും രൂപീകരിച്ചു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആസ്ഥാനം മദ്രാസ് ആക്കാനുള്ള ശ്രമം തുടങ്ങി. ഒരു വർഷത്തിനുശേഷം രാജ്യദ്രോഹകരമായ ലഘുലേഖകൾ പ്രചരിപ്പിച്ചുവെന്നാരോപിച്ച് അമീർ ഹൈദർഖാനെ പോലീസ് അറസ്റ്റ് ചെയ്തു. മോസ്കോയിലെ കോമിന്റേണുമായും മുംബൈയിലെ കേന്ദ്രകമ്മിറ്റിയുമായും അദ്ദേഹത്തിന് ബന്ധമുള്ളതിനുള്ള തെളിവുകൾ കിട്ടി. ഒരു കമ്മ്യൂണിസ്റ്റാണെന്ന് വിചാരണവേളയിൽ അമീർ ഹൈദർഖാൻ അറിയിച്ചു. രണ്ടുവർഷത്തെ കഠിനതടവിന് ശിക്ഷിക്കപ്പെട്ട അദ്ദേഹം ജയിൽ മോചിതനായി മുംബൈയിലെത്തിയപ്പോൾ ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറത്തിറങ്ങിയിരുന്നു. വീണ്ടും ഒളിവിൽ. അമീർ ഹൈദർഖാന്റെ സംഘടനാപാടവം മനസിലാക്കിയ മദ്രാസ് സർക്കാർ അദ്ദേഹത്തെ നിരീക്ഷണത്തിൽ വെറുതെ വിട്ടാൽ ഇന്ത്യയുടെ മറ്റുഭാഗങ്ങളിലും കമ്മ്യൂണിസ്റ്റ് വികാരം ഇളക്കിവിടുമെന്ന് വിലയിരുത്തി. ആവശ്യമായ അലവൻസ് നൽകി സ്റ്റേറ്റ് തടവുകാരനാക്കി വയ്ക്കാമെന്ന് മദ്രാസ് ചീഫ് സെക്രട്ടറി ശിപാർശ ചെയ്തു.



ഇ.എം.എസ്



അമീർ ഹൈദർഖാൻ



പി. സുന്ദരയ്യ

അമീർ ഹൈദർഖാൻ കൊളുത്തിയ കമ്മ്യൂണിസ്റ്റ് ചിന്താഗതിയുടെ തിരിനാളങ്ങൾ മറ്റൊരു സഖാവിലൂടെയാണ് ഇ.എം.എസി.ലേയ്ക്ക് അഗ്നിഗോളമായി പടർന്നത്. ദക്ഷിണേന്ത്യയിൽ പാർട്ടിയുടെ കോട്ട കെട്ടിപ്പടുക്കുന്നതിനുള്ള ചുമതല അമീർ ഹൈദർഖാന്റേതായി. പഞ്ചാബിയായ ആൾക്ക് ദക്ഷിണേന്ത്യയിലെ ഭാഷ, ഭൂമിശാസ്ത്രം, സംസ്കാരം, ജീവിതരീതി എല്ലാം വ്യത്യസ്തം. പാർട്ടിയുടെ നേതാവാകാൻ പ്രാപ്തനായ ഒരാളെ കണ്ടുപിടിക്കാനായി പിന്നത്തെശ്രമം. ആന്ധ്രാപ്രദേശിൽനെല്ലൂർജില്ലയിലെ സമ്പന്ന ജന്മി കുടുംബത്തിലെ 'ഗൗരവബുദ്ധിയായ ധീരനായ ഒരു ചെറുപ്പക്കാരൻ' – സുന്ദരരാമ റെഡ്ഡി. സുന്ദരരാമ റെഡ്ഡി നിയമലംഘനത്തിൽ പങ്കെടുത്തതിന് ജയിലിലായതു മുതൽ അമീർ ഹൈദർഖാൻ ആ പേര് കേട്ടുതുടങ്ങി. ആ പതിനേഴുകാരനെത്തേടി അമീർ ഹൈദർഖാൻ എത്തി. പോലീസ് ഏതു സമയത്തും അമീർ ഹൈദർഖാനെ അറസ്റ്റുചെയ്യാം. അങ്ങനെ വന്നാൽ ദക്ഷിണേന്ത്യയിൽ പാർട്ടിക്ക് നല്ലൊരു സംഘാടകൻ ഉണ്ടാകണം അതായിരുന്നു ലക്ഷ്യം. ഉല്പതിഷ്ണുവായ ആ ചെറുപ്പക്കാരനെ ഒടുവിൽ അമീർ ഹൈദർ ഖാൻ കണ്ടെത്തിയത് ബാംഗ്ലൂരിൽ. കടുത്ത കോൺഗ്രസ് അനുഭാവിയായ സുന്ദരരാമ റെഡ്ഡി നിയമലംഘനവുമായി ബന്ധപ്പെട്ട് പഠിപ്പുമുടക്കിയത് വീട്ടുകാർക്ക് ഇഷ്ടപ്പെട്ടില്ല. അവർ രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ഒടുവിൽ വിദ്യാഭ്യാസത്തിനുശേഷം രാഷ്ട്രീയത്തിലിറങ്ങാമെന്ന് തീരുമാനം. സഹോദരീ കുടുംബത്തോടൊപ്പം ബാംഗ്ലൂരിൽ താമസിച്ച് സുന്ദരരാമറെഡ്ഡി പഠനം തുടർന്നു. അമീർ ഹൈദർഖാൻ അവിടെയെത്തി സുന്ദരരാമ റെഡ്ഡിയുമായി സംസാരിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാട് വിശദീകരിച്ചു. പഠനത്തിനുശേഷം പാർട്ടിയുമായി ചേർന്നു പ്രവർത്തിക്കാമെന്ന് ആ ചെറുപ്പക്കാരൻ വാക്കുകൊടുത്തു. തൊട്ടടുത്ത ദിവസം ബ്രിട്ടീഷ് സർക്കാരിന്റെ ജുഡീഷ്യൽ സർവ്വീസിലുള്ള ജഡ്ജിയായ സഹോദരീഭർത്താവ് ഒരാഘോഷവുമായി ബന്ധപ്പെട്ട് സ്വഭവനത്തിൽ 'യൂണിയൻ ജാക്ക്' പാറിച്ചത് സുന്ദരരാമ റെഡ്ഡിയെ വല്ലാതെ ഉലച്ചു. അതോടെ പഠിപ്പുനിർത്തി നേരെ മുംബൈയിലേയ്ക്ക്. അമീർ ഹൈദർഖാൻ അറിയിച്ചതനുസരിച്ച് അവിടെ കേന്ദ്രകമ്മിറ്റി അംഗമാക്കുന്നതിന് സുന്ദരരാമ റെഡ്ഡിയെ പാർട്ടി കാത്തിരിക്കുകയായിരുന്നു. സുന്ദരരാമ റെഡ്ഡിയെ പിന്നീട് പി.സുന്ദരയ്യ എന്ന പേരിൽ ലോകം അറിഞ്ഞു. ദക്ഷിണേന്ത്യയിലേതെന്നല്ല ഇന്ത്യയിലെ തന്നെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കരുത്തനായ സംഘാടകനായി മാറിയ പി.സുന്ദരയ്യ. ദേശീയ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തകരെത്തേടി കേരളത്തിൽ വന്ന അദ്ദേഹം അമീർ ഹൈദർഖാന്റെ പാത പിന്തുടർന്ന് ഇ.എം.എസിനെ പാർട്ടി പ്രവർത്തകനാക്കി. അങ്ങനെ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഔദ്യോഗിക ഘടകം രൂപീകൃതമാകുന്നതിന് ഏതാണ്ട് ഒരു വർഷം മുൻപുതന്നെ ഇ.എം.എസി.ന് പാർട്ടി അംഗത്വം ലഭിച്ചു.

പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആ ധീരസഖാവ് തുടർന്നുകൊണ്ടിരുന്നു. തൊഴിലാളികളുടെ ഇടയിൽ ക്ലാസുകൾ സംഘടിപ്പിച്ചു; വിദ്യാർത്ഥി ഗ്രൂപ്പുകൾ രൂപീകരിച്ചു. പരിശീലനത്തിനായി ചെറുപ്പക്കാരെ മോസ്കോയിൽ അയച്ചു. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ അമീർ ഹൈദർഖാൻ പോലീസ് പിടിയിലായി. നാസിക് ജയിലിൽ നിന്ന് 1942 ൽ മോചിതനായി. ലാഹോറിൽ ഹുസൈൻ ബക്ഷ് മലാംഗ് എന്ന സൂഫി സന്യാസിയുടെ ഭവനത്തിലാണ് അഭയം കണ്ടെത്തിയത്. രാജ്യദ്രോഹപരമായ കുറ്റങ്ങൾ ചുമത്തി പിന്നെയും പലതവണ അറസ്റ്റും ജയിൽ ജീവിതവും. ജീവിതത്തിന്റെ സായാഹ്നവേളയിൽ റാവൽപിണ്ടിയിലെ സ്വന്തം ഗ്രാമത്തിലാണ് അദ്ദേഹം കഴിഞ്ഞത്. കൈവശമുണ്ടായിരുന്ന ഭൂമിയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ഹൈസ്കൂളുകൾ സ്വപ്രയത്നത്താൽ നിർമ്മിച്ച് സർക്കാരിന് കൈമാറി. 1989 ഡിസംബർ 26 ന് ആ 'ഇന്ത്യൻ ചെഗുവേര' അന്തരിച്ചു.

സാമാജികരുടെ നിയമസഭാ മണ്ഡലങ്ങളിലൂടെ...

# പൊന്നാനിയിലെ സ്നേഹ ബെമ്മാടങ്ങൾ





**പി.ശ്രീരാമകൃഷ്ണൻ** പൊന്നാനി

കഴിഞ്ഞ പ്രളയത്തിൽ പൊന്നാനിയിലും വലിയ നഷ്ടങ്ങളാണുണ്ടായത്. മഹാപ്രളയത്തിൽ വീടും, കൃഷിയും, ജീവനോപാധികളും പൂർണ്ണമായും, ഭാഗികമായും നഷ്ടമായവരുടെ പുനഃക്രമീകരണത്തിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കുന്നു. ഭവനരഹിതർക്കു ലൈഫ് പദ്ധതി മത്സ്യത്തൊഴിലാളി ഭവന സമുച്ചയം എന്നിവയുടെ പ്രവൃത്തി നടക്കുന്നു.

എന്നാൽ മണ്ഡലത്തിലെ പുറമ്പോക്കുകളിൽ ജീവിക്കുന്ന, കൃത്യമായ രേഖകൾ ഇല്ലാത്ത സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജീവിതങ്ങളാണ് പ്രളയത്തിൽ പൂർണ്ണമായി ഒറ്റപ്പെട്ടവർ. അടിയന്തര സാഹചര്യത്തിൽ മാറിത്താമസിക്കാൻ സൗകര്യമുള്ള ബന്ധുവീടുകൾ പോലും ഇല്ലാത്തവർ. ഇവർക്കായി സമൂഹത്തിലെ സുമനസ്സുകളുടെ സഹായത്താൽ സ്നേഹബെമ്മാടങ്ങൾ ഒരുങ്ങുകയാണ്.

പൊന്നാനിയിലെ അയിരൂർ കുണ്ടുചിറ പാലത്തിനു താഴെ കനോലി കനാലിന്റെ പുറമ്പോക്കിൽ താമസിക്കുന്നവർക്കായി ഭവനങ്ങൾ നിർമ്മിക്കുന്നതിന് ശിലാസ്ഥാപനം നടത്തി. 35 സെന്റ് ഭൂമി ഒരു മനുഷ്യസ്നേഹി വാങ്ങി നൽകി. എരമംഗലം ഫ്രണ്ട് ലൈൻ ഗ്രൂപ്പ് ആണ് ഭവനങ്ങൾ സ്പോൺസർ ചെയ്തിട്ടുള്ളത്. 24 വീട്ടുകാരെയാണ് ഇവിടെ മാറ്റിപ്പാർപ്പിക്കാനുള്ളത്. തൊട്ടടുത്തുതന്നെ 14 സെന്റ് ഭൂമി കൂടി ലഭ്യമായിട്ടുണ്ട്. പൊന്നാനിയിൽ അമേരിക്കൻ മലയാളികളുടെ നേതൃത്വത്തിൽ വീടുകളും, മാറഞ്ചേരിയിൽ ഡോ.മുഹമ്മദ് ബിൻ അഹമ്മദ് ഭൂമിയും ലഭ്യമാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ മണ്ഡലത്തിൽ അൻപതിൽപരം വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയാണ് നടക്കുക. പൂർണ്ണമായും സുമനസ്സുകളുടെ സഹായത്താൽ ആണ് പദ്ധതി നടക്കുന്നത് എന്നത് ഏറെ പ്രാധാന്യമുള്ളതാണ്. സമൂഹത്തിൽ അരികു പറ്റിയ ജീവിതങ്ങളെ ചേർത്തു പിടിക്കുന്നതിനും അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനും പൊന്നാനിയിലെ സൗഹൃദങ്ങൾ കാണിക്കുന്ന അഭിനിവേശം അഭിനന്ദനാർഹവും മാതൃകാപരവുമാണ്. പൊന്നാനിയിലെ ഇത്തരം കൂട്ടായ്മകൾ കേരളത്തിന് തന്നെ മാതൃകയാവുകയാണ്.





# ചിറ്റൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുന്നു

**കെ.കൃഷ്ണൻ കുട്ടി** ചിറ്റൂർ

ചിറ്റൂരിന്റെ കിഴക്കൻ മേഖലയിൽ കഴിഞ്ഞ 15 വർഷങ്ങളായി മഴക്കാലത്തും ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് കോടിക്കണക്കിന് രൂപയാണ് സർക്കാർ ഖജനാവിൽ നിന്നും എല്ലാ വർഷവും ചെലവാക്കിയിരുന്നത്. ജലക്ഷാമത്തിനൊരു ശാശ്വത പരിഹാരം കാണുന്നതിനായി നിലവിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ഇവയാണ്.

1. വടകരപ്പതി, എരുത്തേമ്പതി,കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി
**– 2350 ലക്ഷം രൂപ**
2. പെരുമാട്ടി, പട്ടഞ്ചേരി, നല്ലേപ്പിള്ളി,ഏലപ്പുള്ളി ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി – ഒന്നാം ഘട്ടം – 1150 ലക്ഷം രൂപ, രണ്ടാം ഘട്ടം**–2500 ലക്ഷം രൂപ**
3. ചിറ്റൂർ–തത്തമംഗലം മുനിസിപ്പാലിറ്റിയിലെ ജലശുദ്ധീകരണശാലയുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിച്ച് നവീകരിക്കുന്നതും വടവന്നൂർ ഗ്രാമപഞ്ചായത്തിലേക്ക് കുടിവെള്ളമെത്തിക്കുന്നതിനുമുള്ള പദ്ധതി
**–1500 ലക്ഷം രൂപ**
4. മുങ്കിൽമട ജലശുദ്ധീകരണശാലയിലേക്ക് ഡക്ടയിൽ അയേൺ പൈപ്പ് സ്ഥാപിക്കുന്ന പദ്ധതി
**– 700 ലക്ഷം രൂപ**
5. വടകരപ്പതി ഗ്രാമപഞ്ചായത്തിൽ എ.സി. പൈപ്പുകൾ മാറ്റി 16 കി.മി. 200mm DI പൈപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി
**– 543 ലക്ഷം രൂപ**
6. പഴയ പമ്പുസെറ്റുകളും ട്രാൻസ്ഫോർമറുകളും മാറ്റുന്നതിനുള്ള പദ്ധതി
**– 88 ലക്ഷം രൂപ**

### ചിറ്റൂരിലെ മൂലത്തറ റെഗുലേറ്റർ

പറമ്പിക്കുളം – ആളിയാർ കരാറുപ്രകാരം ഭാരതപ്പുഴയിലൂടെ കേരളത്തിലെത്തുന്ന ജലത്തിന്റെ പ്രധാന നിയന്ത്രണ സംവിധാനമാണ് മൂലത്തറ റെഗുലേറ്റർ. 2009 നവംബർ 8–ാം തീയതി തകർന്ന മൂലത്തറ റെഗുലേറ്ററിന്റെ പുനർ നിർമ്മാണത്തിനായി DRIP പദ്ധതിയിൽ 50 കോടി രൂപ അനുവദിച്ച് നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഭാവിയിലുണ്ടാകുന്ന പ്രളയത്തെ അതിജീവിക്കുന്നതിനും, അധിക പ്രളയജലം ഉൾക്കൊള്ളുന്നതിനും കഴിയുന്ന വിധത്തിലാണ് റെഗുലേറ്റർ രൂപകൽപ്പന നടത്തിയിട്ടുള്ളത്. 6 റേഡിയൽ ഷട്ടറുകളും 13 വെർട്ടിക്കൽ ഷട്ടറുകളുമുള്ള റെഗുലേറ്ററിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. പദ്ധതി പൂർത്തിയാകുന്നതോടെ പറമ്പിക്കുളം, ആളിയാർ കരാറുപ്രകാരം ഭാരതപ്പുഴയിലൂടെയെത്തുന്ന ജലം ഇടത് വലതുകര കനാലുകളിലൂടെയും പുഴയിൽ നിന്നുള്ള മറ്റ് കനാലുകളിലൂടെയും തടസ്സമില്ലാതെ വിതരണം നടത്താൻ കഴിയും.

2019 ജൂൺ മാസം അവസാനത്തോടെ ഈ പദ്ധതി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

# വിദ്യാഭ്യാസം വഴിവിളക്കായ് തളിപ്പറമ്പിന്റെ പാഠം

സാമാജികരുടെ നിയമസഭാ മണ്ഡലങ്ങളിലൂടെ...



ജെയിംസ് മാത്യു തളിപ്പറമ്പ്

യുനെസ്കോയുടെയും ദക്ഷിണകൊറിയയുടെയും നേതൃത്വത്തിൽ ഇഞ്ചിയോണിൽ നടന്ന ഐ.ടി. സമ്മേളനത്തിൽ ഐ.ടി.അറ്റ് സ്കൂൾ ഡയറക്ടർ കെ.പി.നൗഫൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ വിഷയം തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ്. ഉത്തർപ്രദേശിലെ ആഗ്രയിൽ ആരതിശർമ്മയുടെ പൂജാമുറിയിൽ വിഗ്രഹങ്ങൾക്കൊപ്പം തളിപ്പറമ്പിലെ വിദ്യാർത്ഥികളുടെ ഒരു ഉപഹാരവുമുണ്ട്. മക്കളുടെ പഠനത്തിന് പണമില്ലാതെ വൃക്ക വിൽക്കാൻ തുനിഞ്ഞ ആ അമ്മയ്ക്കായി രണ്ട് ലക്ഷം രൂപ പിരിച്ചെടുത്തത് തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ വിദ്യാർത്ഥികളാണ്. ബാലതാരം ബേബി നിരഞ്ചന ആ കുട്ടികൾക്കായ് ഊരിക്കൊടുത്ത സ്വർണ്ണക്കമ്മലിന്റെ ചെപ്പാണ് അവർ സൂക്ഷിക്കുന്നത്. മാനവിക സ്പർശമുള്ള മാറ്റങ്ങളിലേക്കാണ് തളിപ്പറമ്പിന്റെ വിദ്യാഭ്യാസ മേഖല ചുവട് വയ്ക്കുന്നത്. ഈ മേഖലയിലെ എല്ലാ സങ്കൽപ്പങ്ങളെയുമാണ് കുറഞ്ഞ കാലം കൊണ്ട് പൊളിച്ചെഴുതിയത്. ഇതിൽ എടുത്തുപറയാവുന്നതാണ് എന്റെ സ്കൂൾ സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ എഡ്യുഫെസ്റ്റ്. അറിവിന്റെ മികവ് എല്ലാ വിദ്യാലയങ്ങളിലേക്കും, അവസാനത്തെ വിദ്യാർത്ഥിയിലേക്കും എന്നതായിരുന്നു ഈ ആശയത്തിന്റെ നട്ടെല്ല്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും അധികാരികളുടെയും ഈ ഒത്തുചേരൽ (മികവുകളുടെ പങ്കുവയ്പ്പ്) നാല് വർഷമായി സംഘടിപ്പിക്കുന്നു. പഠനമെന്നത് പേടിയും പരീക്ഷയും ഇടകലർന്നതാണ് എന്ന ധാരണയിൽ നിന്ന് ഉൽസവം എന്ന നിലയിലേക്കാണ് കൂടുമാറ്റം. ഇവിടെ ആവിഷ്കരിക്കപ്പെട്ട പരീക്ഷണങ്ങൾ പൊതു മാതൃകകളായി സംസ്ഥാനമെമ്പാടും ആവർത്തിക്കപ്പെടുന്നതും അഭിമാനകരം.

വിദ്യാലയങ്ങളുടെ മുഖഛായ മാറ്റുന്ന മാസ്റ്റർപ്ലാൻ തയ്യാറാക്കി പുറം മോടി ഉൾപ്പെടെ ഭൗതികമായ മെച്ചപ്പെടുത്തൽ പ്രക്രിയക്കാണ് വേദിയൊരുങ്ങിയത്. കണക്ക് പഠനം സാമ്പ്രദായിക മാർഗ്ഗങ്ങളിൽ നിന്നും മോചിപ്പിച്ച് കൂടുതൽ സ്വീകാര്യമാക്കുന്ന പഠനരീതിയാണ് 'ജോഡോഗ്യാൻ' പദ്ധതി. ഡൽഹിയിലെ ചേരിപ്രദേശങ്ങളിൽ വിദ്യാഭ്യാസ പ്രവർത്തനം നടത്തുന്ന ജോഡോഗ്യാൻ സന്നദ്ധസംഘടനയുടെ സാരഥി ഉഷാമേനോന്റെ പിൻതുണയോടെയാണിത്. പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ചും ഗണിത പഠനമേഖലയിൽ ക്ലാസ്സ്റൂം ഇടപെടലിൽ മാറ്റം ഉണ്ടാകുന്ന രീതിയിലാണ് പദ്ധതി സജ്ജമാക്കിയത്. സ്വാഭാവിക ചുറ്റുപാടിൽ നിന്ന് യുക്തിസഹമായി ചിന്തിക്കാനും ആശയങ്ങൾ കണ്ടെത്താനും അവസരമുണ്ട്. ഇംഗ്ലീഷ് പഠനത്തിനായി പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രൈമറി കുട്ടികൾ പോലും ഇംഗ്ലീഷിൽ ആശയവിനിമയത്തിന് ധൈര്യം നേടി. ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള കാഞ്ഞിരങ്ങാട് എ.എൽ.പി. സ്കൂൾ ഉടമ പാറമ്പള്ളി കൃഷ്ണ മാരാർ ജനകീയ സമിതിക്ക് സ്കൂളിന്റെ താക്കോൽ പ്രതിഫലമൊന്നുമില്ലാതെ കൈമാറി. മലപ്പട്ടം എ. കുഞ്ഞിക്കണ്ണൻ സ്മാരക ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിനി തന്റെ കമ്മൽ സ്കൂൾ കെട്ടിട നിർമ്മാണത്തിന് വിദ്യാഭ്യാസമന്ത്രി സി. രവീന്ദ്രനാഥിന് ഊരി നൽകിയത് ഏറെ വൈകാരികമായി. തളിപ്പറമ്പ് നിയോജകമണ്ഡലം സമഗ്ര വിദ്യാഭ്യാസ സമിതിയുടെ ഇടപെടൽ മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളെയും കൈപിടിച്ചുയർത്തുന്ന നിലയിലേക്ക് എത്തി. ആവേശഭരിതരായ സ്വകാര്യ സ്കൂൾ മാനേജർമാരും പൊതുവിദ്യാലയങ്ങളിലെ പി.ടി.എ. കളും കോടിക്കണക്കിന് രൂപയാണ് ഈ രംഗത്ത് ചെലവഴിച്ചത്. നൂറ്റിപ്പതിനഞ്ച് സ്കൂളുകളിൽ എൺപത്തിമൂന്ന് എണ്ണത്തിനും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കെട്ടിട നിർമ്മാണം നടത്തി.

പ്രാഥമിക വിദ്യാലയങ്ങളിൽ ഉൾപ്പെടെ കമ്പ്യൂട്ടർ പഠനം, എല്ലാ വിദ്യാലയങ്ങളിലും ഇംഗ്ലീഷ് തീയറ്റർ എന്നിങ്ങനെ ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും കുതിപ്പ്. ഇവിടെ 1 മുതൽ 12 വരെ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക്ക് ആയിരിക്കുന്നു. ജനകീയ പിന്തുണയാണ് കരുത്തും അടിസ്ഥാനവും. അടച്ചു പൂട്ടാനൊരുങ്ങിയ വിദ്യാലയങ്ങളുടെ മുറ്റത്ത് ഇപ്പോൾ കുട്ടികളുടെ ആരവം മുഴങ്ങുന്നു. ശിശുസൗഹൃദ വിദ്യാലയം, പരിസ്ഥിതിസൗഹൃദ വിദ്യാലയം, കായികാരോഗ്യ പരിപാടി, വാഹനസൗകര്യം, കമ്പ്യൂട്ടർലാബ്, എന്നിങ്ങനെ മാറ്റങ്ങളുടെ മണിമുഴക്കം തീർക്കുന്ന നിരന്തര ഇടപെടലുകളിലൂടെ ഓരോ വിദ്യാലയവും ഒന്നിനൊന്ന് പ്രചോദനമേകുന്ന പാഠ്യമാതൃകകളാകുന്നു. കുട്ടികളുടെ എണ്ണത്തിലെ വർദ്ധനയാണ് എടുത്ത് പറയാവുന്ന പ്രധാന നേട്ടം. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം മണ്ഡലത്തിലെ ജനങ്ങളുടെ പൊതുബോധത്തെ തന്നെ മാറ്റി മറിച്ചിരിക്കുന്നു.

# ഇന്ത്യയിലെ ആദ്യ മാംസസംസ്കരണ കോളേജ് മടിക്കൈയിൽ

ഇ.ചന്ദ്രശേഖരൻ കാഞ്ഞങ്ങാട്



കേന്ദ്ര സംസ്ഥാന സർക്കാർ, വെറ്റിനറി സർവകലാശാല എന്നിവ സംയുക്തമായി സഹകരിച്ച് മടിക്കൈയിൽ മാംസസംസ്കരണ യൂണിറ്റും പ്രത്യേക കോഴ്സുകൾ ഉൾപ്പെടുത്തിയ കോളേജും വരുന്നു. മടിക്കൈ ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരപ്പൊയിലാണ് ഇതിനാവശ്യമായ ഭൂമി കണ്ടെത്തിയത്. ഇന്ത്യയിലെ തന്നെ ആദ്യത്തെ മാംസസംസ്കരണ കോളേജ് എന്ന പ്രത്യേകതയും ഇതിനുണ്ട്. വിദേശ കയറ്റുമതി ഉൾപ്പെടെ, മാംസസംസ്കരണ രംഗത്ത് നിരവധി തൊഴിൽ സാധ്യതകളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ ഇത്തരത്തിലുള്ള 29 ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. സ്ഥലപരിമിതിയുള്ള കേരളത്തിൽ മറ്റു സംസ്ഥാനങ്ങളെപ്പോലെയുള്ള കാർഷിക രീതികൾ അനുയോജ്യമല്ല. അതുകൊണ്ടുതന്നെ വെർട്ടിക്കൽ രീതിയിലുള്ള കൃഷിരീതിയാണ് ഒരുക്കുന്നത്. കൂടാതെ ലോകത്തിലെ തന്നെ ആദ്യത്തെ വെർട്ടിക്കൽ അതായത് അഞ്ചു തട്ടുകളിലായി മൃഗങ്ങളെ വളർത്തുന്ന ആകാശ വ്യവസായശാലയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്റർനാഷണൽ ആനിമൽ ഹെൽത്ത് കോഡ് ഓഫ് വേൾഡ് ഓർഗനൈസേഷന്റെ മാനദണ്ഡങ്ങൾ പാലിച്ചാണ് സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നത്.

മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ വടക്കൻ കേരളത്തിൽ ആട്, പന്നി,കോഴി തുടങ്ങിയവയെ വളർത്തി മാംസ സംസ്കരണ യൂണിറ്റിലേക്ക് നൽകാവുന്നതോടെ വിപണി കണ്ടെത്താൻ കൃഷിക്കാർക്ക് ബുദ്ധിമുട്ടേണ്ട ആവശ്യകതയും വരില്ല. കൂടാതെ അനന്തമായ തൊഴിൽ സാധ്യതയാണ് ഇതുവഴി സൃഷ്ടിക്കാൻ സാധിക്കുക. വളർത്തുമൃഗങ്ങൾക്കാവശ്യമായ തീറ്റ ഉൽപ്പാദനം, തീറ്റപ്പുൽകൃഷി തുടങ്ങിയ രംഗത്തെല്ലാം കൂടുതൽ തൊഴിൽ അവസരം ലഭിക്കുകയും ചെയ്യും. നിലവിൽ വിദേശത്തേയ്ക്ക് നടക്കുന്ന മാംസകയറ്റുമതി വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമാണ്. കേരളത്തിലും മാംസസംസ്കരണ യൂണിറ്റ് വരുന്നതോടെ വൻ വികസന കുതിപ്പ് സൃഷ്ടിക്കാൻ കഴിയും . കണ്ണൂർ വിമാനത്താവളം വഴിയാണ് പ്രധാനമായും കയറ്റുമതി ലക്ഷ്യമിടുന്നത്. ഇതിനായി ഒരു ലോജസ്റ്റിക് ഹബ്ബും വിമാനത്താവളത്തിൽ ഒരുക്കുന്നതായിരിക്കും. നിരവധി തൊഴിൽ സാധ്യതകളും ഇതുവഴി തുറക്കാൻ സാധിക്കും. 2025ഓടെ ഇന്ത്യയെ ഒരു മൃഗാധിഷ്ഠിത വ്യാവസായിക ഹബ്ബ് ആക്കി മാറ്റുക എന്ന ലക്ഷ്യവും ഇതിനു പിറകിലുണ്ട്.

നിലവിൽ മൂന്നു മേഖലകളായാണ് പദ്ധതി കേരളത്തിൽ തുടങ്ങുന്നത്. ജില്ലയിൽ മാംസസംസ്കരണ യൂണിറ്റും, കോളേജും, കോഴിക്കോട് വേങ്ങേരിയിൽ പ്രോജക്ട് ഹെഡ് ക്വാർട്ടേഴ്സും, ആലപ്പുഴയിൽ റീജണൽ ഹെഡ്ക്വാർട്ടേഴ്സുമായി പ്രവർത്തിക്കും. കൂടാതെ മറ്റു 11 ജില്ലകളിൽ ബഫർ സോണുകളും, 140 നിയോജകമണ്ഡലങ്ങളിൽ ഇംപ്ലിമെന്റിങ് റീജിയൺസും ആരംഭിക്കും. 10 കോടി രൂപയാണ് പ്രാരംഭപ്രവൃത്തികൾക്കായി സംസ്ഥാന സർക്കാർ ഈ വർഷത്തെ ബജററിൽ വകയിരുത്തിയിരിക്കുന്നത്.

## സാമാജികരുടെ നിയമസഭാ മണ്ഡലങ്ങളിലൂടെ...












# നേമം വികസനത്തിന്റെ പാതയിൽ

**ഒ.രാജഗോപാൽ** നേമം

- പൂങ്കുളം വാർഡിൽ ചാമുണ്ഡേശ്വരി ക്ഷേത്രത്തിനു സമീപമുള്ള കുളം നവീകരണത്തിന് 2016–17 സാമ്പത്തിക വർഷം 20 ലക്ഷം ചെലവഴിച്ച് പണി പൂർത്തീകരിച്ചു.
- 2017–18 സാമ്പത്തിക വർഷം 17 ലക്ഷം രൂപ ചെലവഴിച്ച് പൂങ്കുളം എൽ.പി. സ്കൂളിനായി ബസ്സ് വാങ്ങി .
- പാപ്പനംകോട് വാർഡിൽ അക്ഷയനഗർ റോഡ് ടാറിംഗ്, ശങ്കർ നഗർ ഓട നിർമ്മാണം എന്നിവയുടെ പണി പുരോഗമിക്കുന്നു. ഇതിനായി മൊത്തം 1 കോടി 10 ലക്ഷം രൂപ (2016–17–40 ലക്ഷം, 2017–18–30 ലക്ഷം, 2018–19–40 ലക്ഷം രൂപ) ചെലവഴിച്ചു.
- ആറ്റുകാൽ വാർഡിൽ ആറ്റുകാൽ ബണ്ട് റോഡിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 2016–17 സാമ്പത്തിക വർഷം അഞ്ചര ലക്ഷം രൂപ ചെലവഴിച്ച് പണി പൂർത്തീകരിച്ചു.
- ആറ്റുകാൽ വാർഡിൽ ഐരാണിമുട്ടം ജംഗ്ഷനിൽ ബസ്സ് കാത്തിരിപ്പു കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ 2016–17 സാമ്പത്തിക വർഷം 5.50 ലക്ഷം രൂപ ചെലവഴിച്ചു.




# ഷൊർണ്ണൂരിന്റെ ദാഹം തീർത്ത്...

**പി.കെ. ശശി** ഷൊർണ്ണൂർ

കുടിവെള്ളത്തിനായി നെട്ടോട്ടം ഓടിയ 25 വർഷത്തെ ഓർമ്മകൾ, വേനലിന്റെ തീനാളങ്ങൾ ഉയരും മുൻപേ തന്നെ ഷൊർണ്ണൂർകാരുടെ മനസ്സിൽ നിന്നും മാഞ്ഞു. കിഫ്ബിയിലൂടെ ലഭിച്ച 35 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ച സമഗ്ര കുടിവെള്ള പദ്ധതിയാണ് നിളാതീരവാസികളുടെ ദാഹമകറ്റിയത്. 2019 ഫെബ്രുവരി 23ന് മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതി നാടിനു സമർപ്പിച്ചു. സംസ്ഥാനത്ത് തന്നെ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളിൽ ഏറ്റവുമാദ്യം പണി പൂർത്തീകരിച്ച് ജനങ്ങൾക്ക് സമർപ്പിച്ച പദ്ധതികളിലൊന്നാണിത്.

കൊച്ചി പാലത്തിനു സമീപം നിർമ്മിച്ച തടയണയാണ് കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ്. ഭാരതപ്പുഴയ്ക്ക് കുറുകെ 360 മീറ്റർ നീളത്തിലും 2.5 മീറ്റർ ഉയരത്തിലും നിർമ്മിച്ച തടയണ അഞ്ച് കിലോമീറ്ററോളം ദൂരത്തിൽ ജലം സംഭരിക്കാൻ ശേഷിയുണ്ട്. 20 ദശലക്ഷം ലിറ്റർ പ്രതിദിനശേഷിയുള്ള ജലശുദ്ധീകരണശാല, കുളപ്പുള്ളിയിൽ നിലവിലുള്ള 20 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയിലേക്കുള്ള പമ്പിങ് മെയിൻ, റോ വാട്ടർ ആൻഡ് ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ ഉൾപ്പെടെയുള്ളതാണ് പദ്ധതി. ഷൊർണ്ണൂർ നഗരസഭയ്ക്കും വാണിയംകുളം, വള്ളത്തോൾനഗർ, ചേലക്കര, പാഞ്ഞാൾ എന്നീ പഞ്ചായത്തുകൾക്കും സ്ഥിരമായി വെള്ളം നൽകാൻ കഴിയുന്നതാണ് ഈ പദ്ധതി. 1,31,791 പേർക്ക് പ്രതിദിനം ഗ്രാമപരിധിയിൽ 100 ലിറ്ററും നഗരത്തിൽ 150 ലിറ്ററും ശുദ്ധജലം നൽകുന്നതിന് ഈ പദ്ധതിക്കാകും.

# തൃക്കാക്കര വികസനം

**പി.ടി.തോമസ്,** തൃക്കാക്കര

നാടിന്റെ വികസനസ്വപ്നങ്ങളുടെ സാക്ഷാത്കാരത്തിനായി ജനപ്രതിനിധികളുടെ ഒപ്പം നിന്ന് പ്രവർത്തിക്കുന്ന ജനങ്ങളുടെ കൂട്ടായ്മയായ റസിഡന്റ്സ് അസോസിയേഷനുകൾക്ക് അവരുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുവാൻ സാധിച്ചു. മാലിന്യ നിർമ്മാർജ്ജനം, പരിസ്ഥിതി സംരക്ഷണം, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ, ലഹരി വിപത്തിനെതിരെയുള്ള പ്രവർത്തനങ്ങൾക്ക് കാരുണ്യസഹായങ്ങൾ എന്നീ കാര്യങ്ങളിൽ മികവ് പുലർത്തിയ അസോസിയേഷനുകൾക്കാണ് എം.എൽ.എ. ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചത്. എല്ലാ അസോസിയേഷനുകളും കൂട്ടായി ആവശ്യപ്പെട്ടതിനെ തുടർന്ന് 'സെയിഫ് തൃക്കാക്കര' എന്ന പേരിൽ വിവിധ റോഡുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുവാനാണ് 50 ലക്ഷം രൂപ ചെലവഴിച്ചത്. ട്രാഫിക് പോലീസിനും അതത് പോലീസ് സ്റ്റേഷനുകളിലുമാണ് സ്ക്രീനുകൾ സ്ഥാപിക്കുക. പോലീസിനു മുഴുവൻ സമയ നിരീക്ഷണം ഇത് കൊണ്ട് സാധ്യമാവും. ഈ സാമ്പത്തിക വർഷം 60 ലക്ഷം രൂപ കൂടി അനുവദിക്കുന്നതോടെ റോഡുകൾ പൂർണ്ണ സുരക്ഷിതമാകും.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

# മലപ്പുറം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ മികവിന്റെ കേന്ദ്രം




പി. ഉബൈദുള്ള മലപ്പുറം

ഓരോ മണ്ഡലത്തിലും ഒരു സർക്കാർ വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി മലപ്പുറം മണ്ഡലത്തിൽ നിന്നും നിർദ്ദേശിച്ച വിദ്യാലയം മലപ്പുറം GGHSS ആണ്.

രണ്ടായിരത്തി നാനൂറിലധികം പെൺകുട്ടികൾ യു.പി. മുതൽ ഹയർ സെക്കണ്ടറി വരെ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. ഉയർന്ന പഠന നിലവാരവും പാഠ്യേതര പ്രവർത്തനങ്ങളിലെ സജീവ സാന്നിധ്യവും ഈ വിദ്യാലയത്തെ വേറിട്ട് നിർത്തുന്നു. അന്തർദേശീയ നിലവാരത്തിലേക്കുയർന്നതോടെ 5 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് ഇവിടെ നടക്കുന്നത്. കൂടാതെ എം.എൽ.എ. യുടെ ആസ്തി ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവിൽ ഗേറ്റ്, സ്മാർട്ട് റൂമുകൾ, ഓപ്പൺ ഓഡിറ്റോറിയം, സ്കൂൾ ബസ് എന്നിവയും അനുവദിച്ചിട്ടുണ്ട്.

### പബ്ലിക് ഹെൽത്ത് ലാബ്

ജില്ലയുടെ ചിരകാലാഭിലാഷമായിരുന്ന മലപ്പുറം ജില്ലാ പബ്ലിക് ഹെൽത്ത് ലാബ് ആധുനിക സൗകര്യങ്ങളോടുകൂടി സിവിൽ സ്റ്റേഷനിലെ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. 2012 ൽ അനുവദിച്ച ലാബിൽ പത്ത് തസ്തികകളും 28 ലക്ഷം രൂപ ചെലവിൽ താൽക്കാലിക കെട്ടിട സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ലാബ് പ്രവർത്തനമാരംഭിക്കുന്നതോടെ പരിശോധനാ ഫലങ്ങൾ വേഗത്തിലാക്കുവാനും രോഗികൾക്ക് ചികിത്സ ഉറപ്പാക്കുവാനും സാധിക്കും. ബി.പി.എൽ. വിഭാഗത്തിന് പരിപൂർണ്ണമായും സൗജന്യ സേവനമാണ് ലാബിൽ നൽകി വരുന്നത്. 2018 നവംബർ 19 ന് ലാബിന്റെ ഔപചാരിക ഉദ്ഘാടനം ആരോഗ്യ വകുപ്പുമന്ത്രി കെ.കെ.ശൈലജ ടീച്ചർ നിർവ്വഹിച്ചു.



# വികസനക്കുതിപ്പിൽ മണ്ണാർക്കാട്

എൻ.ഷംസുദ്ദീൻ മണ്ണാർക്കാട്

### കുന്തിപ്പുഴയ്ക്ക് കുറുകെ പുതുക്കുടിയിൽ തൂക്കുപാലം

കുമരംപുത്തൂർ, തെങ്കര ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കുന്തിപ്പുഴയ്ക്ക് കുറുകെ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിച്ച തൂക്കുപാലം നാടിനു സമർപ്പിച്ചു. സൈലന്റ് വാലിയിൽ നിന്നും ഉത്ഭവിക്കുന്ന കുന്തിപ്പുഴയുടെ പാത്രക്കടവിനോടും, കരുത്തിച്ചാലിനോടും ചേർന്ന് നിർമ്മിച്ചിരിക്കുന്ന തൂക്കുപാലം പ്രദേശത്തെ ടൂറിസം വികസനത്തിന് ഒരു മുതൽക്കൂട്ടാണ്.

### MES കോളേജ്–പയ്യനടം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചു

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി MES കോളേജ്–പയ്യനടം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പുമന്ത്രി ജി.സുധാകരൻ നിർവ്വഹിച്ചു. 21.57 കോടി രൂപ ചെലവ് വരുന്ന പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

### വട്ടമ്പലം – കോട്ടപ്പുറം റോഡിന്റെ നവീകരണ പ്രവൃത്തികൾ ആരംഭിച്ചു

1 കോടി രൂപ ചെലവിൽ ആധുനിക രീതിയിൽ നവീകരിക്കുന്ന വട്ടമ്പലം – കോട്ടപ്പുറം റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു.

### ഉണ്ണിയാൽ– എടത്തനാട്ടുകര ആഞ്ഞിലങ്ങാടി റോഡിന്റെ നവീകരണ പ്രവൃത്തികൾ ആരംഭിച്ചു

അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന പി.ഡബ്ല്യു.ഡി. റോഡായ ഉണ്ണിയാൽ– എടത്തനാട്ടുകര ആഞ്ഞിലങ്ങാടി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ ഭാഗമായി വട്ടമണ്ണപ്പുറം മുതൽ ആഞ്ഞിലങ്ങാടി വരെയുള്ള രണ്ടര കിലോമീറ്റർ റോഡ് 2.5 കോടി രൂപ ചെലവിട്ട് നവീകരിച്ചു.

### വടക്കമണ്ണം–തത്തേങ്ങലം റോഡ് നാടിന് സമർപ്പിച്ചു

2.95 കോടി രൂപ ചെലവഴിച്ച് നവീകരിച്ച തെങ്കര ഗ്രാമപഞ്ചായത്തിലെ വടക്കമണ്ണം–തത്തേങ്ങലം റോഡ് ഉദ്ഘാടനം ചെയ്തു.

### അട്ടപ്പാടി കുടിവെള്ള പദ്ധതി

അട്ടപ്പാടി മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നബാർഡ് RIDF പദ്ധതിയിൽ ഉൾപ്പെടുത്തിയ സമഗ്ര ശുദ്ധജല പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഉദ്ഘാടനം ജലവിഭവ വകുപ്പുമന്ത്രി കെ.കൃഷ്ണൻകുട്ടി നിർവ്വഹിച്ചു.

### ഗൂളിക്കടവ്–ചിറ്റൂർ റോഡ് നാടിന് സമർപ്പിച്ചു

9 കോടി രൂപ ചെലവഴിച്ച് ജലവിഭവ വകുപ്പിന് കീഴിൽ വരുന്ന ഗൂളിക്കടവ് –ചിറ്റൂർ റോഡ് നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കി.

### മണ്ണാർക്കാട് താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം

മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ നിർമ്മിച്ച കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം ആരോഗ്യ വകുപ്പുമന്ത്രി കെ.കെ.ശൈലജ ടീച്ചർ നിർവ്വഹിച്ചു.

# കൊല്ലം ജില്ലയിലെ രണ്ടാമത്തെ റവന്യൂ ഡിവിഷൻ പുനലൂരിൽ






കെ.രാജു പുനലൂർ

തൂക്കുപാലത്തിന്റെ നാട്ടിൽ ആയിരങ്ങളെ സാക്ഷിയാക്കി മുഖ്യമന്ത്രി പിണറായി വിജയനാണ് പുനലൂർ കേന്ദ്രമായുള്ള പുതിയ റവന്യൂ ഡിവിഷൻ ഓഫീസ് നാടിന് സമർപ്പിച്ചത്. സംസ്ഥാനത്ത് പുതിയതായി അനുവദിച്ച ആറ് ആർ.ഡി. ഓഫീസുകളിലൊന്നാണ് പുനലൂരിലേത്. കൊല്ലം, പത്തനംതിട്ട ജില്ലകൾ ഒന്നായിരുന്നപ്പോൾ ജില്ലയിൽ രണ്ടു ആർ.ഡി.ഓഫീസുകൾ ഉണ്ടായിരുന്നു. പത്തനംതിട്ട ജില്ല രൂപവൽകരിച്ചതോടെ ഒരു ആർ.ഡി. ഓഫീസ് അടൂരിലായി. കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിലുള്ളവർ ആർ.ഡി.ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്ക് നൂറിലധികം കിലോമീറ്റർ യാത്ര ചെയ്ത് കൊല്ലത്ത് പോകേണ്ട ബുദ്ധിമുട്ട് കണക്കിലെടുത്ത് പുനലൂരിൽ ആർ.ഡി. ഓഫീസ് വേണമെന്ന ഏറെക്കാലത്തെ ആവശ്യമാണ് യാഥാർത്ഥ്യമായത്. പുനലൂർ, പത്തനാപുരം, കൊട്ടാരക്കര താലൂക്കുകളിലെ 50 വില്ലേജുകളാണ് പുനലൂർ റവന്യൂ ഡിവിഷൻ പരിധിയിൽ ഉള്ളത്. ജില്ലയിലെ ആദിവാസി മേഖല പൂർണ്ണമായും പുതിയ പുനലൂർ റവന്യൂ ഡിവിഷൻ പരിധിയിലാണെന്നതും ശ്രദ്ധേയം. അച്ചൻകോവിൽ, ആര്യങ്കാവ്, റോസ്മല തുടങ്ങിയ വിദൂര മേഖലകളിൽ നിന്നുള്ളവർക്ക് വേഗത്തിൽ പുനലൂരിൽ എത്തിച്ചേരാം എന്നതിനാൽ മലയോര നാട്ടിലെ ജനങ്ങൾക്ക് ഏറെ അനുഗ്രഹമാണ്. പുനലൂർ ആസ്ഥാനമായി പുതിയ റവന്യൂ ഡിവിഷണൽ ഓഫീസ് ആരംഭിച്ചതോടെ കിഴക്കൻ മേഖലയിലെ ഭൂമി സംബന്ധിച്ച പ്രശ്നങ്ങൾക്ക് വേഗത്തിൽ പരിഹാരം കാണാനാകും.

### 201.67 കോടി രൂപ ചെലവിൽ മലയോര ഹൈവേ

കൊല്ലം ജില്ലയിലെ കിഴക്കൻ മേഖലയിൽ വലിയ വികസന മുന്നേറ്റത്തിന് വഴി തുറക്കുന്ന മലയോര ഹൈവേയുടെ നിർമ്മാണത്തിന് തുടക്കമിട്ടു. പുനലൂർ ചടയമംഗലം നിയോജകമണ്ഡലങ്ങളിലൂടെയാണ് ജില്ലയിൽ ഈ ഹൈവേ കടന്നു പോകുന്നത്. വിവിധ പ്രദേശങ്ങളിൽ റോഡിലെ വലിയ കലുങ്കുകളുടെ നിർമ്മാണമാരംഭിച്ചു. ഹൈവേയിൽ നൂറിലധികം കലുങ്കുകളാണ് പുതുതായി നിർമ്മിക്കേണ്ടതും പുനരുദ്ധരിക്കേണ്ടതും. പാറശാല മുതൽ കാസർഗോഡുവരെ നീളുന്നതാണ് മലയോര ഹൈവേ. നിലവിലുള്ള റോഡുകൾ ഉന്നത നിലവാരത്തിൽ നവീകരിച്ചാണ് മലയോര ഹൈവേയാക്കുന്നത്. പുനലൂർ കെ.എസ്.ആർ.ടി.സി. ജംഗ്ഷൻ മുതൽ മടത്തറ കൊല്ലായിൽ ചല്ലിമുക്ക് വരെയാണ് 46 കിലോമീറ്റർ ദൂരത്തിൽ ജില്ലയിൽ ഹൈവേ നിർമ്മാണം.

പുനലൂർ കെ.എസ്.ആർ.ടി.സി. ജംഗ്ഷനിലെ വൺവേ റോഡ് പൊളിച്ച് ദേശീയ പാതയോട് ചേർത്ത് വീതിയുള്ള ഒറ്റ റോഡാക്കും. റോഡ് കൂടുതൽ ഭംഗിയുള്ളതാക്കും. പുനലൂരിലെ വെട്ടിപ്പുഴ പാലം, കരവാളൂരിലെ പിറയ്ക്കൽ പാലം, അഞ്ചലിലെ മാവിള കനാൽ പാലം, കുളത്തൂപ്പുഴയിലെ മുപ്പതടിപ്പാലം എന്നിവയുടെ വീതി വർദ്ധിപ്പിക്കും.

15 മീറ്റർ വീതിയിലാണ് മലയോര ഹൈവേ വികസിപ്പിക്കുന്നത്. റോഡിന്റെ ടാറിംഗ് വീതി 10 മീറ്ററാകും. നിലവിൽ ടാറിംഗ് വീതി അഞ്ചര മുതൽ ഏഴ് മീറ്ററാണ്. നടപ്പാത, ഓട, എന്നിവയും നിർമ്മിക്കും. അരിപ്പ–കുളത്തുപ്പുഴ(10 കി.മീ.), കുളത്തുപ്പുഴ– ആലഞ്ചേരി(16.9 കി.മീ.), അഗസ്ത്യക്കോട്–പുനലൂർ കെ.എസ്.ആർ.ടി.സി. ജംഗ്ഷൻ (10.5 കി.മീ) എന്നീ റീച്ചുകളായാണ് നിർമ്മാണം. 201.67 കോടി രൂപയാണ് ഹൈവേ നിർമ്മാണത്തിനായി പുനലൂർ, ചടയമംഗലം മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുള്ളത്. 2 വർഷമാണ് മലയോര ഹൈവേ നിർമ്മാണത്തിനുള്ള കാലയളവ്. കിഫ്ബി ഫണ്ടാണ് ഹൈവേ നിർമ്മിതിക്ക് ലഭ്യമാകുന്നത്.

സാമാജികരുടെ നിയമസഭാ മണ്ഡലങ്ങളിലൂടെ...



# ഹരിപ്പാട് മണ്ഡലത്തിലെ ഹരിതം ഹരിപ്പാട് പദ്ധതി

**രമേശ് ചെന്നിത്തല** ഹരിപ്പാട്

ഹരിപ്പാട് മണ്ഡലത്തിലെ കാർഷിക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കൃഷിവകുപ്പിന്റെ സഹകരണത്തോടെ 'ഹരിതം ഹരിപ്പാട്' എന്ന പുതിയ പദ്ധതിക്ക് തുടക്കം കുറിച്ചു. മുഖ്യവിളകളുടെ വിളവിസ്തൃതി, ഉൽപാദനം, ഉൽപാദനക്ഷമത, വിപണനം, ഉൽപന്ന വൈവിധ്യവൽക്കരണം എന്നിവ മെച്ചപ്പെടുത്തുന്നതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. കൃഷിവകുപ്പിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പരിപാടിയുടെ ഭാഗമായി തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനും , ജൈവകൃഷി, അടുക്കള കൃഷിത്തോട്ടം, സ്കൂളുകൾ കേന്ദ്രീകരിച്ചുവരുന്ന കൃഷിത്തോട്ടങ്ങളുടെ രൂപീകരണം എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഹരിപ്പാട് മണ്ഡലത്തിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് പ്രത്യേക പ്രവർത്തനം നടത്തുകയും 338 ഹെക്ടർ സ്ഥലത്ത് തരിശുകൃഷി നടത്തുകയും ചെയ്തു. തെങ്ങുകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി 40 ഹെക്ടർ സ്ഥലത്ത് കേടുവന്ന തെങ്ങുകൾക്ക് പകരം അത്യൽപാദനശേഷിയുള്ള തെങ്ങുകൾ വച്ചുപിടിപ്പിക്കുകയും ചെയ്തു.

8 സർക്കാർ സ്ഥാപനങ്ങളിലും, 18 സ്കൂളുകളിലും പച്ചക്കറിത്തോട്ടങ്ങൾ കൃഷിവകുപ്പിന്റെ സഹായത്തോടെ സജ്ജീകരിച്ചു. കാർഷിക ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി 6 എക്കോഷോപ്പുകൾ സ്ഥാപിച്ചു. കൂടാതെ 3 ആഴ്ച ചന്തകളും, 2 ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകളും ക്രമീകരിച്ചിട്ടുണ്ട്. വീട്ടുവളപ്പിലെ കൃഷിക്കായി 26000 പാക്കറ്റ് പച്ചക്കറി വിത്തുകളും, സ്കൂൾ കുട്ടികൾക്കായി 13764 കിറ്റുകളും വിതരണം ചെയ്തു. 15 പുതിയ കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. പ്രളയാനന്തരം 51000 പാക്കറ്റ് പച്ചക്കറി വിത്തുകളും, 55000 പച്ചക്കറി തൈകളും കൃഷിവകുപ്പ് മുഖേന വിതരണം ചെയ്തു.

### ഹരിതം ഹരിപ്പാട് –കാർഷികമേള

പുതിയ കൃഷിരീതികളെയും, അറിവുകളെയും കുറിച്ച് കർഷകർക്കും പൊതു സമൂഹത്തിനും അറിവും ധാരണയും നൽകുന്നതിന് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹരിതം ഹരിപ്പാട്–കാർഷിക മേളകൾ സംഘടിപ്പിച്ചു. കർഷക സംഗമം, കാർഷിക മേള, കർഷക–ശാസ്ത്രജ്ഞരുമായി മുഖാമുഖം, സംവാദം, കാർഷിക ഉൽപന്നങ്ങളുടെ പ്രദർശനം എന്നിവ ഇതിന്റെ ഭാഗമായി നടത്തി. ഹരിതം ഹരിപ്പാട് പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിലെ 26 പാടശേഖരങ്ങളുടെ (2026 ഹെക്ടർ) അടിസ്ഥാനസൗകര്യവികസനത്തിനായി (ബണ്ടുകളുടെ നവീകരണം ഉൾപ്പെടെ) ആർ.കെ.വി.വൈ. പദ്ധതികൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 27.10 കോടി രൂപയുടെ പദ്ധതിക്ക് രൂപം നൽകി. ഇതിന്റെ പ്രോജക്ട് അംഗീകാരത്തിനായി സമർപ്പിച്ചു.

### പാടശേഖരങ്ങളുടെ വൈദ്യുതീകരണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചു.

എം.എൽ.എ. പ്രാദേശിക വികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിച്ച് സർവ്വീസ് ലൈൻ എക്സ്റ്റെൻഷൻ, സർവ്വീസ് കണക്ഷൻ പ്രവൃത്തികൾ നിർവ്വഹിക്കുന്ന പാടശേഖരങ്ങളുടെ വിശദാംശങ്ങൾ

- പടിഞ്ഞാറെ പറമ്പിക്കര പാടശേഖരം– 62,220/– രൂപ
- സങ്കേതുംപടവ് പാടശേഖരം – 1,15,000/– രൂപ
- കരീത്തറ കഴുന്നാക്കാട് പാടശേഖരം – 86,532/– രൂപ

# കൺമുന്നിൽ വൻ മാറ്റങ്ങളുമായി കൂത്തുപറമ്പ്



**കെ.കെ.ശൈലജ ടീച്ചർ** കൂത്തുപറമ്പ്

കൂത്തുപറമ്പ്, പാനൂർ(പഴയ പാനൂർ, കരിയാട്, പെരിങ്ങളം പഞ്ചായത്തുകൾ) എന്നീ നഗരസഭകളും കോട്ടയം മലബാർ, കുന്നോത്തുപറമ്പ്, മൊകേരി, പാട്യം, തൃപ്പങ്ങോട്ടൂർ എന്നീ പഞ്ചായത്തുകളും ഉൾപ്പെട്ടതാണ് കൂത്തുപറമ്പ് നിയമസഭാമണ്ഡലം. കാർഷികവൃത്തിയും പരമ്പരാഗത തൊഴിലുകളുമാണ് ഇവിടുത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും ഉപജീവനമാർഗ്ഗം. ഈ മണ്ഡലത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സമഗ്ര വികസനത്തിനാണ് ശ്രമിച്ചത്. റോഡ് വികസനത്തിനായി മാത്രം 128 കോടി രൂപയാണ് ചെലവഴിച്ചത്. കൂത്തുപറമ്പ് മണ്ഡലത്തിലെ മുഴുവൻ പി.ഡബ്ല്യു.ഡി. റോഡുകളും മെക്കാഡം ടാറിങ്ങ് നടത്തി. 2017–18 ബജറ്റിൽ കീഴ്മാടം കല്ലിക്കണ്ടി തുവ്വക്കുന്ന് കുന്നോത്ത് പറമ്പ് റോഡ് വികസനത്തിനായി 29.42 കോടി രൂപ, തുരുത്തിമുക്ക് പാലത്തിന് 15 കോടി രൂപ, കല്ലാച്ചേരി കടവ് പാലത്തിന് 10 കോടി രൂപ എന്നിങ്ങനെയാണ് വകയിരുത്തിയത്.

2018–19 ബജറ്റിൽ കൂത്തുപറമ്പ് റിംഗ് റോഡിന് 25 കോടി രൂപ, കുരുന്താറ്റില് പാലം വിത്ത് അപ്രോച്ച് റോഡ് 25 കോടി രൂപ, പുത്തൂർ പാലത്തിന് 3 കോടി രൂപ, കല്ലിക്കണ്ടി പാലത്തിന് 5 കോടി രൂപ പി.ഡബ്ല്യു.ഡി. റോഡുകളായ പാനൂർ കടവത്തൂർ റോഡിന് 4 കോടി, കോട്ടയം ബസാർ പുറകളം റോഡ് 3 കോടി, ചെറുപറമ്പ് പാത്തിക്കൽ റോഡ് 4കോടി, മൊകേരി പാത്തിപാലം മരപ്പാലം റോഡ് 4 കോടി, കക്കറ കൂരാറ റോഡ് 1 കോടി, പെരിങ്ങത്തൂർ മുക്കിൽ പീടിക റോഡ് 4 കോടി, ചെറുപറമ്പ് പാത്തിക്കൽ(ബാക്കിയുള്ള 2 കിലോ മീറ്റർ) 2 കോടി, അക്കാംപറമ്പ് ചിറ്റിക്കര റോഡ് 4 കോടി എന്നിങ്ങനെ തുകയനുവദിച്ചു. സി.ആർ.എഫ് വഴി കൊട്ടയോടി ചെറുവാഞ്ചേരി റോഡിന് 15 കോടി രൂപയും നബാർഡ് വഴി മുത്താറി പീടിക ചെറുവാഞ്ചേരി റോഡിന് 5 കോടി രൂപയും അനുവദിച്ചു.

വള്ളങ്ങാട് ഫ്ളവർമിൽ–ചാലിൽ മുക്ക് റോഡ്, തത്തൻപറമ്പത്ത്–മുട്ടുംകാവ്–ചിറമ്മേൽ കാവ് റോഡ്, മാക്കൂർ പീടിക–അക്കാനിശ്ശേരി റോഡ്(കുന്നോത്ത് പറമ്പ് റോഡ്) കൊച്ചിയങ്ങാടി–വലിയപറമ്പ് മുക്ക് ഇടക്കുടി റോഡ്, കമ്പനിമുക്ക്–വിളക്കോട്ടൂർ മുത്തപ്പൻ മഠപ്പുര–പൊയിലൂർ റോഡ്, പുതിയ പീടിക–കക്കിയപുറത്ത് താഴെ റോഡ്, എം.കെ.സുരേന്ദ്രൻ റോഡ്(പാട്യം), വയലും ഭാഗം–ചമ്മാൽ റോഡ്(കൂത്തുപറമ്പ്), കല്ലി ഗോവിന്ദൻ റോഡ്(കൂത്തുപറമ്പ്) എടവത്തോട് മുക്ക്–മണ്ഡപം റോഡ് (കോട്ടയം) തുടങ്ങിയ ഫ്ളഡ് റോഡുകൾക്ക് 2017 ൽ 5 ലക്ഷം വീതം ആകെ 50 ലക്ഷം രൂപയാണ് അനുവദിച്ചത്.

താനക്കോട് മുക്ക് തെരുവത്ത് ക്ഷേത്രം റോഡ്, ചിറ്റാരിതോട്, ആശാരിന്റ വിട മുക്ക് ചേലക്കാട് കള്ള് ഷാപ്പ് റോഡ്, കാട്ടിമുക്ക്, മാവുള്ളതിൽ റോഡ്, അങ്ങേട്ടിൽ മുരുവന റോഡ് ശ്രീനാരായണ മഠം, ചെറ്റക്കണ്ടി കണിയാം കണ്ടിപാറ റോഡ്, ടി.കെ. കുഞ്ഞിരാമൻ മാസ്റ്റർ, ഗുരുനാഥൻ മുക്ക് റോഡ്, പി.എം.ജി.വൈ. സ്കൂൾ പൂക്കോട് വള്ളപ്പലിൽ റോഡ്, കെ.വി. റോഷൻ റോഡിൽ നിന്നും തൈക്കണ്ടി മഠപ്പുര റോഡ് എന്നിവയ്ക്കായി 2018ൽ 50 ലക്ഷം രൂപ അനുവദിച്ചു.

തുവ്വക്കുന്ന് കള്ള് ഷാപ്പ് പൊയിലൂർ കുളം റോഡ്, ചെറ്റക്കണ്ടി കണിയാണ്ടിപാറ റോഡ്, രാമൻ പീടിക–അവയാട്ക്കുന്ന് റോഡ്, ബേയ്സിൽ പീടിക–ഗവ. ആയുർവേദ ഹോസ്പിറ്റൽ റോഡ്, പുറക്കളം സഫ്ദർ ഹാശ്മി റോഡ്, എം.പത്മനാഭൻ റോഡ്, പഴയിടത്തില്ലം പ്രഭാകരൻ പീടിക റോഡ്, മാക്കൂൽ പീടിക–കക്കയിഴുള്ള പറമ്പത്ത് റോഡ്, കല്ലാട്ടുപുറം തുറങ്ങാടി തോട്ടത്തിൽ റോഡ്, കിളിക്കുന്നുചാൽ–അബക്കൽ–ചിറ്റിക്കര റോഡ് എന്നിവയുടെ വികസനത്തിനായി 10 ലക്ഷം രൂപ വീതം ആകെ 1 കോടി രൂപ 2019 ലും അനുവദിച്ചു.

ഇങ്ങനെ നിരവധി റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ മണ്ഡലത്തിൽ നടന്നുവരുന്നത്. ഇവയിൽ പണി പൂർത്തിയായതും നിർമ്മാണം നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചതും ടെണ്ടർ നടപടികൾ നടന്നുവരുന്നതുമുണ്ട്.

കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി നിയമസഭാ സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.
വിവരവിഭവ വികസന വിഭാഗം ഫോൺ : (0471) 2512667; ഇ–മെയിൽ : kladrd@gmail.com വെബ്സൈറ്റ് : www.niyamasabha.org